The Kerala Kaumudi

PUBLISHED EVERY SUNDAY

EDITOR-IN-CHIEF : C. V. KUNJURAMAN

VOLUME 28. No. 8 | *TRIVANDRUM, FEBRUARY 21, 1937* | *PRICE ONE ANNA*

Rt. Hon. J. RAMSAY MACDONALD, M. P.

491

"That of all forms of slavery there is none that is so hurtful and degrading as that form of slavery which tempts one human being to hate another by reason of his race or colour"—*Booker T. Washington*

ചിരിയും ചിന്തയും

ജഡ്ജി—(പുള്ളിയോട്) നിങ്ങൾക്കു ഒരു നല്ല വക്കീലിനെ തരട്ടെയൊ?

പുള്ളി—വേണ്ടേജമാനെ, നല്ല രണ്ടു സാക്ഷികളെ കിട്ടിയാൽ അതുമതി.

* * *

വീട്ടുടമസ്ഥൻ—(വീടു വാടകയ്ക്കു എടുക്കാൻ ചെന്ന ഒരാളോടു) വീടു വാടകയ്ക്കു തരാം. പക്ഷെ ഇവിടമൊന്നും അഴുക്കാക്കരുത്. നോക്കണം, നിങ്ങൾക്കു കുട്ടികളൊന്നുമില്ലല്ലൊ.

അയാൾ—ഇല്ല.

ഉടമസ്ഥൻ—പട്ടിയും പൂച്ചയുമോ?

അയാൾ—ഇല്ല

ഉടമസ്ഥൻ—അപ്പോൾ വീടു വൃത്തികേടാക്കത്തക്ക യാതൊന്നും നിങ്ങൾക്കില്ലെന്നു വിശ്വസിക്കുന്നു.

അയാൾ—നില്ക്കണം, എനിക്കൊരു ഭാര്യയുണ്ടു്.

* * *

ഭാര്യയും ഭർത്താവും കൂടി കടപ്പുറത്തു കാറ്റേൽക്കാൻ പോയി. അലകൾ തുള്ളിച്ചാടുന്നതുകണ്ടു് ഭർത്താവു പറയുകയാണ്?

"അതാ കണ്ടില്ലേ, തിരകൾ കൂടക്കൂടെ ആശ്ലേഷിക്കുന്നതു്! എന്തു് രമ്യത!

ഭാര്യ—എവിടെ! അതു് ഓരോതവണയും ഒരോന്നിനെയല്ലേ ആശ്ലേഷിക്കുന്നതു്.

* * *

ഒരുത്തി—അപ്പോൾ നിങ്ങളെ അയാൾ സംഗീതം പഠിപ്പിക്കയാണെ, എന്നിട്ടെന്തെല്ലാം പഠിച്ചു?

രണ്ടാമത്തവൾ—അയാൾ അവിവാഹിതനാണ്, ചെറുപ്പമാണ്, നല്ല ഉദ്യോഗമുണ്ടു്, പോരെങ്കിൽ ബി. എ. ക്കാരനാണ്. ഇത്രയൊക്കെ പഠിച്ചു.

* * *

ഒരാൾ—ഞാൻ ദേവകിയെ വിവാഹം കഴിക്കാൻ പോകയാണ്.

അമ്മ—കഴുത, ഒരു ജോലിയും ചെയ്യുന്നതല്ല.

അനുജൻ—അവൾ കാണാൻ എന്താ പോലിരിക്കുന്നു.

സഹോദരി—ഹോ, അവളുടെ വേഷം!

അളിയൻ—അവൾ വലിയ തണ്ടുകാരിയാ.

അമ്മാവൻ—അവളുടെ കുടുംബം അത്ര നല്ലതല്ല.

അച്ഛൻ—സ്വത്തൊണ്ടെങ്കിലും വേണ്ടില്ല.

കാമുകൻ—പക്ഷെ ഒരു ഗുണമുണ്ടു്.

എല്ലാവരും—എന്താണതു്?

കാമുകൻ—അവൾക്കു ബന്ധുക്കളായി ആരും ഇല്ല.

* * *

എ- അവൻ ഇനിയും കുറച്ചു ദിവസം കൂടി ആശുപത്രിയിൽ തന്നെ കിടക്കുമെന്നാണ് തോന്നുന്നതു്.

ബ- എന്താ, ഡാക്ടറെ കണ്ടോ?

എ- ഇല്ല; നേഴ്സിനെ കണ്ടു.

* * *

ഹേ, നിങ്ങൾ വാങ്ങിയ മണി ഇതാണോ? എന്താ ശരിയ്ക്കു ഓടുന്നുണ്ടോ?

ഇതല്ലേ, അൻപതു മിനിട്ടു കൊണ്ടു ഒരു മണിക്കൂറിൽ കുറയാതെ ഓടും.

* * *

ഒരാൾ—എന്റെ ഭാര്യ ഉപയോഗിക്കുന്ന ലിപ്സ്റ്റിക്കിന്റെ (ചുണ്ടുചുവപ്പിക്കുന്നതിനുള്ള ചായക്കട്ട) സ്വാദ് മററു സ്ത്രീകൾ ഉപയോഗിക്കുന്നതിൽ നിന്നു വ്യത്യസ്തമാണ്.

കേട്ടയാൾ—അതേ, എനിക്കും അങ്ങനെ തോന്നി.

* * *

സായാഹ്ന സവാരിക്കു പോകുന്ന ഭർത്താവിനെ പതിവായി അധികമിരുട്ടിയാലും മടങ്ങിക്കാണായ്കയാൽ അവൾ ഒരു ദിവസം ഒരു വിദ്യ പ്രയോഗിച്ചു. ഒരു ദിവസം ഭർത്താവു മടങ്ങിവന്നു വിളിച്ചപ്പോൾ അവൾ മന്ത്രിച്ചു? "മി. പിള്ളയാണോ, വരണം."

അതോടു കൂടി അയാളുടെ സായാഹ്ന സവാരി നിലച്ചു. ഇപ്പോഴൊക്കെ ഉറങ്ങുമ്പോഴും ഒരു കണ്ണു തുറന്നിരിക്കുമത്രെ.

* * *

ഹർജ്ജിക്കാരൻ—യജമാനേ, കാണാതെ പോയ ആഭരണം പെട്ടിയിൽ തന്നെയുണ്ടായിരുന്നു. ഇനി ഹർജ്ജിയെപ്പററി അന്വേഷിക്കേണ്ടതില്ല.

പൊലീസ് ഇൻസ്പെക്ടർ—ഇനി അതു പറഞ്ഞതുകൊണ്ടു ഫലമില്ല. കള്ളൻ ലാക്കപ്പിലായിപ്പോയി.

* * *

മകൻ—അച്ഛാ, അമ്മ ഇങ്ങനെ പാടുന്നതെന്തിനാ?

അച്ഛൻ—അതു് നമ്മുടെ പൊടിക്കുഞ്ഞിനെ ഉറക്കാനല്ലേ?

മകൻ—കുഞ്ഞു ഉറങ്ങിയാൽ അമ്മ പാട്ടുമതിയാക്കുമോ?

അച്ഛൻ—ഓഹോ.!

മകൻ—എന്നാൽ ഈ കുഞ്ഞിനു ഉറങ്ങിയ കണക്കു കിടക്കാൻ വയ്യേ!

* * *

ഗൃഹനായിക—(ഭൃത്യയോട്) എടീ, നിന്നെ ആ തൈരുകാരൻ ചുംബിക്കുന്നതു കണ്ടല്ലൊ. ഇതിവിടെ നടക്കുകയില്ല. ഇങ്ങനെയാണെങ്കിൽ നാളെ മുതൽ ഞാൻ തൈരു വാങ്ങിക്കൊള്ളാം.

ഭൃത്യ—കൊച്ചമ്മാ! അതുകൊണ്ടു പ്രയോജനമില്ല. അയാൾ എന്നെ മാത്രമേ ചുംബിക്കൂ എന്നു സത്യം ചെയ്തിട്ടുണ്ടു്.

* * *

വാല്യക്കാരൻ—(പോസ്റ്റാഫീസിൽ ചെന്നു്) എഴുത്തുവല്ലതും അങ്ങുന്നിനു ഉണ്ടെങ്കിൽ തന്നയയ്ക്കാൻ പറഞ്ഞു.

പോസ്റ്റ്മിസ്ട്രസ്—എടോ, തന്റെ അങ്ങുന്നിന്റെ മേൽവിലാസമെന്തോന്നാണ്?

വാല്യക്കാരൻ—അതു ഇതുവരേയും അറിഞ്ഞുകൂടെ! എഴുത്തിൽ കാണും.

ഫലിതത്തിനു സമ്മാനം

ചിരിക്കും ചിന്തയ്ക്കും പററിയ വിനോദങ്ങൾ എഴുതി അയച്ചു തരുന്നവർക്കു യഥായോഗ്യം സമ്മാനം നൽകുന്നതായിരിക്കും.

വിശേഷവൃത്താന്തങ്ങൾ

ഏപ്രിലിനും സെപ്ററംബറിനും മദ്ധ്യേ വീടുകളിൽ സാധാരണ കാണുന്ന ഒരു ഈച്ച 5,598,702,000,000, ആയി പെരുകുമെന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു.

* * *

ഭൂമിയിൽ വീണിട്ടുള്ളതായി അറിയപ്പെട്ടിട്ടുള്ള ഏററവും വലിയ ഉല്ക്ക (എരിനക്ഷത്രം) 1879-ൽ അയോവായിൽ വീണതാണ്. അതിനു് 437 റാത്തൽ ഭാരമുണ്ടായിരുന്നു.

* * *

"ഡാൺക്വിക്സോട്ട്" എന്ന വിശ്വവിശ്രുതമായ കഥയുടെ കർത്താവായ സെർവാൻറസ് അഞ്ചുകൊല്ലം മഹമ്മദൻ അൽജീറിയായിൽ ഒരു അടിമയായി കഴിയേണ്ടി വന്നു.

കേരളകൗമുദി

പുസ്തകം 28 | 1937 ഫെബ്രുവരി 21 | തിരുവനന്തപുരം | 1112 കുംഭം 10 | ലക്കം 8

ആരാണീനമ്പൂതിരിമാർ?

(ജി. വാമനൻ നമ്പൂതിരി, ബി. ഏ.)

ശ്രീപരശുരാമൻ കേരളരാജ്യത്തെ നമ്പൂതിരിമാൎക്കു ദാനമായി കൊടുത്തുവെന്നും ഭാൎഗ്ഗവസ്മൃതിവിഹിത നീതികളനുസരിച്ച് ഏറിയകാലം അവർ അതിനെ ഭരിച്ചുവെന്നും ക്രിസ്ത്വാബ്ദത്തിനു അനവധി നൂററാണ്ടുകൾക്കു മുൻപുതന്നെ അവൎക്കു കേരളത്തിൽ ഉണ്ടായിരുന്ന സ്ഥാനവും വൃത്തിയും എത്രയും ശ്രേഷ്ഠതരങ്ങളായിരുന്നുവെന്നും അവരിൽ വിളങ്ങിക്കൊണ്ടിരുന്ന ബ്രഹ്മതേജസ്സ് വിദേശീയന്മാരെപ്പോലും വിസ്മയഭരിതരാക്കിത്തീൎത്തിരുന്നുവെന്നും രാജ്യശ്രേയസ്സിന്നു ആസ്പദമായ ധൎമ്മാനുഷ്ഠാനത്തിലേക്കു അനുഗുണമായവിധം അവർ അക്കാലം നയിച്ചിരുന്ന ജീവിതം പരമോൽകൃഷ്ടമായിരുന്നുവെന്നുമുള്ള ചരിത്രങ്ങളെല്ലാം സുപ്രസിദ്ധങ്ങളാണല്ലൊ.

ബുദ്ധിശക്തി, പഠിപ്പ്, സ്വഭാവവിശേഷം മുതലായ ഗുണങ്ങളാൽ ഇൻഡ്യയിൽ മററു ബ്രാഹ്മണൎക്കുണ്ടായിരുന്ന സ്ഥാനം കേരളത്തെ സംബന്ധിച്ചിടത്തോളം മുഴുവൻ നമ്പൂതിരിമാരാണ് വഹിച്ചിരുന്നതെന്നു പറയാം. എന്നാൽ പരദേശ ബ്രാഹ്മണരെപ്പോലെ കേവലം വൈദികന്മാരുടെ നില മാത്രമല്ല അവൎക്കു ഇവിടെ ഉണ്ടായിരുന്നത്. കേരളത്തിലെ ഭൂമിയുടമസ്ഥന്മാർ മിക്കവാറും നമ്പൂതിരിമാരായിരുന്നതിനു പുറമെ, രാജ്യരക്ഷ, ഭടവൃത്തി, നീതിന്യായപരിപാലനം എന്നീ രാജ്യകാൎയ്യങ്ങളിലും അവർ ധാരാളം ഏൎപ്പെട്ടിരുന്നു. ഇന്നു രാജ്യതന്ത്രത്തിൽ മുമ്പിട്ടു നില്ക്കുന്ന പാശ്ചാത്യരാജ്യക്കാരെക്കൂടി വിസ്മയിപ്പിക്കത്തക്കവിധത്തിൽ എത്രയോ നൂററാണ്ടുമുൻപുതന്നെ നമ്പൂതിരിമാർ സ്വതന്ത്രമായി കേരളത്തിൽ ജനാധിപത്യഭരണം ഏററവും പരിഷ്കൃതമായ രീതിയിൽ നടത്തിയിരുന്നു എന്നുള്ള ഒരൊററസംഗതിതന്നെ അവരുടെ ലൗകികപരിഷ്കാരത്തെ ധാരാളം തെളിയിക്കുന്നുണ്ട്. ചുരുക്കിപ്പറയുന്നതായാൽ ലൗകികമായും വൈദികമായുമുള്ള എല്ലാ വിഷയങ്ങളിലും അവർ മലയാളത്തിൽ മറെറല്ലാ സമുദായക്കാരുടേയും ഉപദേഷ്ടാക്കന്മാരും നേതാക്കന്മാരും ആയിരുന്നു എന്നുപറഞ്ഞാൽ മതിയാകും.

തപസ്സ്വാദ്ധ്യായാദി വൈദികാചാരങ്ങൾക്ക് അല്പമെങ്കിലും വൈകല്യം വരുത്താതെ കേരളഭരണത്തെ നമ്പൂതിരിമാർതന്നെ നിൎവ്വഹിച്ചുവെങ്കിലും പ്രകൃതിയുടെ നിത്യധൎമ്മമായ പരാവൎത്തനത്തിന്റെ ശക്തിയാൽ മററു സമുദായങ്ങൾക്കെന്നപോലെ പ്രസ്തുത സമുദായത്തിനും കാലാന്തരത്തിൽ ചില മാററങ്ങൾ സംഭവിച്ചു. നമ്പൂതിരിമാരുടെ ഇടയിൽ നിൎഭാഗ്യവശാൽ അങ്കുരിച്ച ഐകമത്യക്കുറവിനാലും കക്ഷിവഴക്കിനാലും മററും രാജ്യഭരണത്തിനു ഗൗരവമായ ചില ന്യൂനതകൾ തട്ടുകയും അവയെ പരിഹരിച്ചു ശരിപ്പെടുത്താൻ അവൎക്കു ഒരുവിധത്തിലും സാധിക്കാതെ വരികയും ചെയ്തപ്പോൾ ഭരണകാൎയ്യങ്ങൾ മേലിൽ ഭംഗിയായി നടത്തേണ്ടതിനുചെയ്ത നിശ്ചയങ്ങളനുസരിച്ചാണ് കേരളത്തെ 'തളികൾ' എന്നുപറയുന്ന നാലു ഖണ്ഡങ്ങളായി ഭാഗിച്ചതും പന്ത്രണ്ടീതുകൊല്ലം കൂടുമ്പോൾ പരദേശത്തിൽനിന്നു കാൎയ്യശേഷിയുള്ള രാജാക്കന്മാരെ ക്ഷണിച്ചുകൊണ്ടുവന്നു കേരളത്തിൽ വാഴിച്ചിട്ടുള്ളതും.

പന്ത്രണ്ടുകൊല്ലം കൂടുമ്പോൾ തിരുനാവായ വെച്ച് നടത്തപ്പെട്ടിരുന്ന മാമാങ്കവും കേരളത്തിലെരാജ്യഭരണവും തമ്മിൽ വളരെ സംബന്ധപ്പെട്ടാണിരുന്നത്. കാരണം, അതാതുകാലത്തിൽ കേരള ചക്രവൎത്തിപദം വഹിച്ചിരുന്ന ആൾക്കാണ് ആ മുപ്പതുദിവസത്തെ മഹോത്സവം നടത്തുവാനുള്ള ബാദ്ധ്യസ്ഥത. ഇതു പരശുരാമനാൽ ഏൎപ്പെടുത്തപ്പെട്ടിട്ടുള്ളതാണെന്നുള്ളതിനു പുരാണങ്ങൾ സാക്ഷ്യം വഹിക്കുന്നുണ്ട്. "മഹാ മഖേ മഹാദിവ്യേ ബൃഹന്നാഭ്യാം മനോഹരേ നവയോഗിപുരേ ഹിതേ മാഗമേരോദയ ഭൂമിപഃ". ഈ ഉത്സവം വ്യാഴം കൎക്കടകരാശിയിൽ നില്ക്കുന്നകാലം മകരമാസത്തിൽ പൂയം നക്ഷത്രം കൊണ്ടാരംഭിച്ചു കുംഭം മകംകൊണ്ടവസാനിക്കയും ചെയ്യുന്നു. മാമാങ്കം നടത്തുന്ന സ്ഥലത്ത് അനേകം പടങ്ങുകളോടുകൂടി ഒരു 'മണിത്തറ' നിൎമ്മിക്കയും അതിന്മേൽ വെച്ചിട്ടുള്ള രത്നസിംഹാസനത്തിന്മേൽ സുമുഹൂൎത്തത്തിൽ കേരളചക്രവൎത്തി കിരീടം ധരിച്ചിരിക്കയും, ആഴ്വാഞ്ചേരി തമ്പ്രാക്കൾ, അഷ്ടഗൃഹത്തിലാഢ്യന്മാർ, മററു മഹാബ്രാഹ്മണർ ഇവരെല്ലാം അവിടുത്തെ ശിരസ്സിൽ അരിയിട്ടു അനുഗ്രഹിക്കയും ചെയ്തിരുന്നു.

പെരുമാക്കന്മാർ ഉദ്യോഗവലിപ്പത്താൽ സൎവ്വാധികാരകൎത്താക്കന്മാരായിരുന്നുവെങ്കിലും അവൎക്കു സ്വേച്ഛാധികാരം അനുവദിക്കപ്പെട്ടിരുന്നില്ല. അവർ പ്രധാനമന്ത്രിമാരായ നമ്പൂതിരിമാരുടെ ഉപദേശപ്രകാരം നടക്കേണ്ടവരായിരുന്നതേയുള്ളു. എന്നുതന്നെയല്ല, അവരെല്ലാം നമ്പൂതിരിമാരുടെ സമ്മതപ്രകാരം തിരഞ്ഞെടുത്തു നിയമിക്കപ്പെട്ടവരാകയാൽ അവരുടെ ഹിതത്തിനു വിപരീതമായി വല്ലതും ചെയ്തുപോയാൽ അതിനുതക്ക ശിക്ഷ അനുഭവിപ്പാനും സംഗതിയായിരുന്നു. ഏതുവിധവും സ്വേച്ഛാധികാര പ്രമത്തത ഉണ്ടാകാ

തിരിക്കേണമെന്നു കരുതിയിട്ടായിരുന്നു അവരുടെ പട്ടാഭിഷേക സമയത്തിൽ "ഞാൻ പശുവേയും ബ്രാഹ്മണനേയും രക്ഷിച്ചുകൊള്ളാം. പ്രജകളുടെ ഹിതത്തിനു വിപരീതമായി യാതൊന്നും പ്രവൎത്തിക്കുന്നതല്ല. അഥവാ വല്ലതും പ്രവൎത്തിച്ചുപോയാൽ എന്നെ സ്ഥാനഭ്രഷ്ടനാക്കിക്കൊള്ളുക" എന്നു സത്യവാചകം ചൊല്ലി സത്യംകൂടി ചെയ്യിപ്പിച്ചിരുന്നതു്. ആ പൌരാണിക സമ്പ്രദായത്തെ പിന്തുടൎന്നും അതേ സത്യവാചകത്തെ ഉച്ചരിച്ചുകൊണ്ടുമാണു് കേരളത്തിലെ പ്രസിദ്ധ രാജസ്വരൂപക്കാർ ഇപ്പോഴും 'അരിയിട്ടുവാഴ്ച' കഴിച്ചു സ്ഥാനാരോഹണംചെയ്തു വരുന്നതു്. പ്രാചീനകേരളത്തിൽ രാജ്യഭരണപരിഷ്ക്കാരത്തിനു പരിപൂൎത്തി വരുത്തിയതു് പെരുമാക്കന്മാരുടെ വാഴ്ചക്കാലത്തായിരുന്നു എന്നു പ്രസിദ്ധമാണല്ലോ. അക്കാലത്തു കേരളത്തിന്റെ തലസ്ഥാനം കൊടുങ്ങല്ലൂരായിരുന്നു. ഇവിടെവെച്ചായിരുന്നു കേരളപാർലിമെന്റു സഭ കൂടിയിരുന്നതു്. ആ രാജ്യഭരണമഹാസഭയുടെ ഘടന എത്രയും ഉത്തമസ്ഥിതിയിലായിരുന്നുവെന്നുള്ളതിനു് സന്ദേഹമില്ല. ഭരണസഹായികളായ അന്നത്തെ നമ്പൂതിരിസാമാജികന്മാർ രാജ്യത്തിന്റെ സ്ഥിരപ്രതിഷ്ഠയ്ക്കും പൊതുജനക്ഷേമത്തിനും അപേക്ഷിതങ്ങളായ കാൎയ്യങ്ങൾ മാത്രമേ പ്രവൎത്തിച്ചിരുന്നുള്ളു.

അക്കാലത്തു കേരളത്തിന്റെ സംരക്ഷയ്ക്കുവേണ്ടി നായന്മാരെ മാത്രമല്ല നമ്പൂതിരിമാരെക്കൂടി കളരിയിൽ വെച്ചു് ആയുധാഭ്യാസം, ധനുൎവിദ്യ, വടിവീശൽ മുതലായവ അഭ്യസിപ്പിച്ചും സൈന്യം ആവശ്യപ്പെടുന്ന സമയങ്ങളിൽ അവരെ മുന്നിലക്കാരൻ, ചേരുമനക്കാരൻ എന്നു ചില കീഴ്ജീവനക്കാർ മുഖാന്തരം ശേഖരിച്ചു് ഉപയോഗപ്പെടുത്തിയും വന്നു. കുറുപ്പു്, കുരുക്കൾ, പണിക്കർ, കൎത്താവു്, കയ്മൾ എന്നിങ്ങനെ ആയുധാഭ്യാസം ചെയ്യിപ്പിക്കുന്ന നായന്മാൎക്കു് മേലാവായി പൂൎവ്വകാലത്തു ഇംഗ്ലണ്ടിൽ ബാരൺസ്, നൈററ്സ് എന്നിവർ ഉണ്ടായിരുന്നതുപോലെ കേരളത്തിൽ തങ്ങന്മാർ, അമ്മാമന്മാർ, നമ്പിടിമാർ, ശാസ്ത്രാംഗക്കാർ എന്ന നമ്പൂതിരിസ്ഥാനികളും പ്രമാണികളും ഉണ്ടായിരുന്നു. ഈ നമ്പൂതിരിമാരുടേയും മററും ശമ്പളംവകയ്ക്കു് കരമൊഴിവായിക്കൊടുത്തിട്ടുള്ള വസ്തുക്കളെയാണു് 'വിരുത്തി'യെന്നു വിളിച്ചുവരുന്നതു്. യോദ്ധാക്കന്മാരായ നമ്പൂതിരിമാർ എല്ലാ സമയവും ആയുധപാണികളായി മാത്രമേ പുറത്തു സഞ്ചരിച്ചിരുന്നുള്ളു. നമ്പൂതിരിമാരുടെ ഓജസ്സും പ്രാബല്യവും അസ്തമിച്ചതിനുശേഷം മാത്രമാണു് മലയാളരാജ്യം ഛിന്നഭിന്നമായി തമ്പുരാക്കന്മാരുടെ അധീനത്തിലാവാനും അവരിൽനിന്നു് ഒടുവിൽ പാശ്ചാത്യന്മാർ കൈവശപ്പെടുത്തുവാനും ഇടയായതു്.



മൈസൂർ ദിവാൻ
സർ മീർസ മഹമ്മദ് ഇസ്മെയിൽ
ബി. എ., സി. ഐ. ഈ., ഒ. ബി. ഈ.
1905-ൽ അസിസ്റ്റൻറ് പോലീസ് സൂപ്രണ്ടായിട്ടാണു് സർ മീർസ മൈസൂർ സർവീസിൽ ചേൎന്നതു്. 1922 മുതൽ നാലു വൎഷക്കാലം മൈസൂർ മഹാരാജാവിന്റെ പ്രൈവറവുസെക്രട്ടറിയായിരുന്നു. 1926 മുതൽ മൈസൂർദിവാനായുമിരിക്കുന്നു. ഇപ്പോൾ 53 വയസ്സു് പ്രായമുണ്ടു്.

രാജ്യത്തിൽ ശിക്ഷാരക്ഷകൾ നടത്തിയിരുന്നതു് ശാസ്ത്രോക്തപ്രകാരമായിരുന്നു. എല്ലാ സംഗതികളിലും വിധികൎത്താക്കന്മാർ നമ്പൂതിരിമാരാണു്. ബ്രാഹ്മണജാതിയിൽപ്പെട്ടവരാരെങ്കിലും അൎഹതയില്ലാത്ത വല്ല കൃത്യവും നടത്തിയെന്നു ഗ്രാമക്കാൎക്കു സംശയം ജനിക്കുന്നതായാൽ സംശയനിവൃത്തിക്കുവേണ്ടി ആശങ്കിതൻ തിളച്ച നെയ്യിൽ കൈമുക്കുകയും കൈ പൊള്ളാതിരിക്കുന്നപക്ഷം മാത്രം അദ്ദേഹത്തെ സംഘത്തിൽ ചേൎത്തുവരികയുംചെയ്തു. അങ്ങനെ കൈമുക്കി തെളിഞ്ഞവരിൽ പെട്ടവരാണു് കൈമുക്കു്, ഏരട്ടകൈമുക്കു്, ചെറുമുക്കു്, എന്നീ വൈദികന്മാർ.

ഇങ്ങനെ കേരളനാഥന്മാരായിത്തീൎന്ന നമ്പൂതിരിമാൎക്കു് വിദ്യാകാലക്ഷേപത്തിനു് അധികം അവസരം കിട്ടുകയും അതു് പ്രശാന്തഗംഭീരങ്ങളും പ്രസന്നമധുരങ്ങളും ആയ പ്രബന്ധങ്ങളെ ചമയ്ക്കുന്നതിനു് ഉപയോഗപ്പെടുത്തുകയുംചെയ്തു. ഫലിതവും ലാളിത്യവും അവരുടെ വാക്കിനുള്ള സഹജഗുണങ്ങളാണു്. ചോളദേശീയരിൽ കാണുന്ന ഔദ്ധത്യം അവരെ ലേശമെങ്കിലും ബാധിച്ചിട്ടില്ല. താൻ എന്തൊക്കെയോ ചില ഗ്രന്ഥങ്ങൾ നോക്കീട്ടുണ്ടെന്നല്ലാതെ തനിക്കു് ഇന്ന വിദ്യയിൽ പ്രചാരമുണ്ടെന്നുപോലും ഒരു നമ്പൂതിരി പറയുകയില്ല. ചോളദേശത്തിൽനിന്നു് ഒരു ശാസ്ത്രി പണ്ടു മലയാളത്തിൽ വന്നപ്പോൾ തനിക്കു് നാലു വേദവും ആറു ശാസ്ത്രവും വരുമെന്നു പറയുകയും പരീക്ഷിച്ചതിൽ ഒന്നും അറികവയ്യെന്നു തെളിഞ്ഞപ്പോൾ "ശാസ്ത്രികൾ മുമ്പേവന്നായിരിക്കും. ശാസ്ത്രങ്ങളെല്ലാം പുറകേവരുന്നതേയുള്ളല്ലേ" എന്നു് ഒരു നമ്പൂതിരി പരിഹസിക്കുകയും ചെയ്തതായി കേൾവിയുണ്ടു്.

ശാസ്ത്രവിഷയങ്ങളിലെന്നല്ല സകലകലകളിലും കുശലനായി അതിമാനുഷങ്ങളായ വിശേഷാനുഭാവങ്ങളാൽ നമ്പൂതിരിസമുദായത്തിനു് നടുനായകമായിരുന്ന ആചാരസ്വാമികളുടെ കാലംകഴിഞ്ഞാൽ പിന്നെയുള്ള പ്രമാണികളിൽ പ്രത്യേകിച്ചും എടുത്തു പറയേണ്ടവർ ജ്യോതിശ്ശാസ്ത്ര പണ്ഡിതന്മാരാകുന്നു. ഭാരതഖണ്ഡം മുഴുവൻ പരന്നു പ്രസിദ്ധിയിലിരിക്കുന്ന സ്ഥൂലരൂപമായ 'പരഹിത'ഗണിതസമ്പ്രദായത്തെ തള്ളി സൂക്ഷ്മതരമായ ദൃഗ്ഗണിത പ്രസ്ഥാനം നൂതനതരമായി കണ്ടുപിടിച്ചു നടപ്പിൽ വരുത്തിയ മഹാനായ പരമേശ്വരൻ നമ്പൂതിരി അവർകൾ ആ കൂട്ടത്തിൽ പ്രഥമഗണനീയനാകുന്നു. ജ്യോതിശ്ശാസ്ത്രത്തിൽ ആദിപാഠമായ വാക്യം നിൎമ്മിച്ച വരരുചിയും ഒരു നമ്പൂതിരി തന്നെയായിരുന്നു. പ്രസിദ്ധ ജ്യോതിഷിയായിരുന്ന തലക്കുളത്തു ഭട്ടതിരിയുടെ ചരിത്രങ്ങൾ വാചാമഗോചരങ്ങളാകുന്നു.

മന്ത്രശാസ്ത്രം, തച്ചുശാസ്ത്രം, സംഗീതശാസ്ത്രം ഇവയിലും നമ്പൂതിരിസമുദായത്തിൽ നിപുണന്മാരായ പണ്ഡിതന്മാരുണ്ടായിരുന്നതായി ഭാഷാചരിത്രം നമ്മെ മനസ്സിലാക്കുന്നു. സൂൎയ്യകാലടി ഭട്ടതിരി, ചേന്നാസ്സു നമ്പൂതിരി, മാത്തൂർ നമ്പൂതിരി മുതലായവർ മുൻചൊന്ന

ഓരോ ഇനങ്ങളിൽ കീർത്തിനേടിയവരാകുന്നു.

കാവ്യസാഹിത്യപന്ഥാവിലും ലോകൈകഗുരുവായ ആചാര്യസ്വാമികൾ തന്നെയാണ് മുന്നണിയിൽ വിളങ്ങുന്നതു്. സാമൂതിരിരാജാവിന്റെ സദസ്യന്മാരായ പതിനെട്ടരക്കവികളും നമ്പൂതിരിമാരായിരുന്നു. മൂലഗ്രന്ഥമായ ശ്രീമഹാഭാഗവതത്തേക്കാൾ മനഃപൂർവം ആരാധിച്ചുപോരുന്ന ഉത്തമ ഗ്രന്ഥമായ നാരായണീയം നിർമ്മിച്ച നാരായണഭട്ടതിരിയും ഒരു നമ്പൂതിരിതന്നെയായിരുന്നു. സന്ദേശകാവ്യത്തിൽ കവികുലഗുരുവായ കാളിദാസരുടെ രീതിമാത്രം അനുകരിച്ച് മേഘസന്ദേശത്തിന്റെ മേൽക്കട എന്നു പറഞ്ഞുകൂടെങ്കിലും ഒട്ടും കീഴെയല്ലാത്ത ശുകസന്ദേശം എഴുതിയ ലക്ഷ്മീദാസകവിയും ഒരു നമ്പൂതിരി തന്നെയാണല്ലൊ. മണിപ്രവാളഭാഷാസാഹിത്യസരണിയിൽ വിരുതനായിക്കാണുന്നതു് ചെറുശ്ശേരി എന്ന കീർത്തിമാനായ ഒരു നമ്പൂതിരിതന്നെ. ഉണ്ണിനമ്പൂതിരിമാരുടെ പരിഹാസപാത്രമായിരുന്ന് ദൈവവിലാസത്താൽ യുധിഷ്ഠിരവിജയകർത്താവായിത്തീർന്ന വാസുഭട്ടതിരിയും പ്രസ്താവയോഗ്യനാണ്. പരമഭക്തനും നാരായണീയകർത്താവിന്റെ സഹജീവിയും ആയിരുന്ന പൂന്താനം "ഭട്ടതിരിയുടെ സംസ്കൃതസ്തുതിയെക്കാൾ പൂന്താനത്തിന്റെ ഭാഷാസ്തുതിയാണ് എനിക്കു പ്രിയം" എന്നു ഗുരുവായൂരപ്പന്റെ സർട്ടിഫിക്കററു ലഭിച്ച മഹാനാണ്. ഭാഷാനൈഷധചമ്പുകർത്താവായ മഴമംഗലം സാഹിത്യരസികനായിരുന്നതിനു പുറമെ ജ്യോതിശ്ശാസ്ത്രവിശാരദനും വൈദികമാർഗ്ഗപ്രവർത്തകനുംകൂടിയായിരുന്നു. കാലക്കേടിനാൽ ഭ്രഷ്ടുസംഭവിച്ചുവെങ്കിലും പഴമക്കാരനും ഫലിതപ്രധാനിയും വിദൂഷകകവിശ്രേഷ്ഠനുമായ 'തുകലൻ' എന്ന വികടകവിയും ജന്മനാ ഒരു നമ്പൂതിരി തന്നെയായിരുന്നു. ചേലപ്പറമ്പ്, പൂനം, വെണ്മണിനമ്പൂതിരിമാർ, നടുവത്തച്ഛൻ, ശീവൊള്ളി എന്നിവരുടേയുംകാര്യം എടുത്തുപറയേണ്ട ആവശ്യം ഇല്ലല്ലൊ.

നമ്പൂതിരിമാരുടെ ചരിത്രം അവരുടെ ഗ്രാമവിഭാഗജ്ഞാനംകൂടാതെ പൂർണ്ണമാകുന്നതല്ല. ഉത്തരകേരളത്തിലും ദക്ഷിണകേരളത്തിലും 32 ഗ്രാമങ്ങൾ വീതം ഉണ്ടായിരുന്നു. അതിൽ വടക്കു 32 ഗ്രാമക്കാരെ എമ്പ്രാതിരിമാരെന്നും തെക്കു 32 ഗ്രാമക്കാരെ നമ്പൂതിരിമാരെന്നും സാധാരണ പറഞ്ഞുവരുന്നു. ഇവരുടെ ആചാരങ്ങൾക്കു തമ്മിൽ വളരെ വ്യത്യാസമുണ്ട്. അവരുടെ കുടുംബങ്ങൾ വേർതിരിഞ്ഞ നിലയിലായിരുന്നുവെങ്കിലും അതിലെ അംഗങ്ങൾ പാർത്തിരുന്നതു് ഏകോപിച്ച് കൂട്ടുകുടുംബസമ്പ്രദായത്തിലായിരുന്നു. ഇവർ പ്രായേണ ഭൂമിയുടമസ്ഥന്മാരും മക്കത്തായാചാരനടപടി ആചരിച്ചു വരുന്നവരുമാണ്. പണ്ടു നമ്പൂതിരികുടുംബങ്ങളിൽ ചെലവു വളരെ ചുരുക്കമായിരുന്നു. എന്നാൽ അന്നദാനം, വസ്ത്രദാനം, അതിഥിസല്ക്കാരം എന്നീ ധർമ്മകാര്യങ്ങൾക്കായി അവർ എന്തു ചെലവുചെയ്യാനും മടിച്ചിരുന്നില്ല. അന്നദാനത്തെ ഇത്ര വലിയ ധർമ്മമായികരുതിപ്പോരുന്ന ഒരു വർഗ്ഗക്കാർ ഇന്നു ലോകത്തിൽ മറെറവിടെയെങ്കിലുമുണ്ടോ എന്നു വളരെ സംശയമാണ്. മൂത്ത പുത്രനു മാത്രമേ വിവാഹം നിർബ്ബന്ധമായിട്ടുണ്ടായിരുന്നുള്ളു. മററുള്ളവർ അധികവും ബ്രഹ്മചര്യത്തെയാണ് ദീക്ഷിച്ചിരുന്നതു്. ചിലർ സന്യാസവൃത്തിയും സ്വീകരിച്ചിരുന്നു. ഇല്ലത്തെ കൈകാര്യം നടത്തുവാനുള്ള അധികാരം കാരണവർക്കു മാത്രമുള്ളതാണ്. അഫ്ഫന്മാർ അധികവും അദ്ധ്യാപന വൃത്തിയിലും തപോവൃത്തിയിലുമാണ് ഏർപ്പെട്ടിരുന്നതു്. അവർക്കു ഗുരുദക്ഷിണയായും മററും കിട്ടുന്ന സമ്പാദ്യം ഇല്ലത്തു കൊണ്ടുവന്നു കൊടുത്തു കാരണവരെ കുടുംബവിഷയത്തിൽ സഹായിച്ചിരുന്നു. അന്തർജ്ജനങ്ങളുടെ ധർമ്മം പാചകവൃത്തി, ഗൃഹഭരണം ഗുരുശുശ്രൂഷ, ശിശുപരിപാലനം മുതലായവയാണ്. പാതിവ്രത്യം വളരെ നിഷ്ഠയോടെ പരിപാലിക്കപ്പെട്ടിരുന്നു. കന്യകമാരെ ഋതുവാകുന്നതിനു മുൻപു വിവാഹം കഴിച്ചു കൊടുക്കണമെന്നുള്ള നിർബ്ബന്ധം ഇല്ലാതിരുന്നതിനാൽ ശൈശവ വിവാഹം കൊണ്ടുള്ള ദോഷത്തിനു വളരെ കുറവുണ്ടായിരുന്നു.

ചില്ലറയായി ചില കർമ്മങ്ങളെ അടിസ്ഥാനപ്പെടുത്തി നമ്പൂതിരിമാർ ഓരോ ഭിന്നശാഖകളായി പിരിഞ്ഞിരുന്നു എങ്കിലും ഈ വക ഭേദങ്ങളെല്ലാം സാമുദായികമായ ഓരോ ആവശ്യങ്ങളേയും സൗകര്യങ്ങളേയും ഉദ്ദേശിച്ചു മാത്രം ഉണ്ടായിട്ടുള്ളതായിരുന്നതിനാൽ ഇതുനിമിത്തം ആഭിജാത്യതർക്കങ്ങളോ അന്തഃഛിദ്രങ്ങളോ ഒന്നും ഉണ്ടായിരുന്നില്ല. എന്നല്ല ഒരു ശരീരത്തിലെ അവയവങ്ങൾ പോലെ അന്യോന്യം വളരെ സ്നേഹിച്ചും സഹായിച്ചും രഞ്ജിപ്പോടുകൂടിയാണ് കഴിഞ്ഞു കൂടിയിരുന്നതു്.

അന്യസമുദായങ്ങളുമായുള്ള ഇരിപ്പും നമ്പൂതിരിമാരുടെ ഇടയിൽ വളരെ തൃപ്തികരമായിരുന്നു. കേരളത്തിലെപ്പോലെ ഇത്രവളരെ ജാതികളും ഓരോ ജാതികൾ തമ്മിലുള്ള പരസ്പരാശ്രയവും ഇന്നു വേറെ ഏതു രാജ്യത്തുമുണ്ടെന്നു തോന്നുന്നില്ല. എല്ലാ ജാതിക്കാർക്കും നമ്പൂതിരിയെ ആശ്രയിക്കാതെ കഴികയില്ലെങ്കിൽ നമ്പൂതിരിക്കും ഇതര ജാതിക്കാരുടെ സഹായവും അതുപോലെ ഒഴിച്ചു കൂടാത്തതാണ്. എന്നാൽ പണ്ടു് ഈവക ബന്ധങ്ങളെ അനുസരിച്ച് ചെയ്യേണ്ടതായ എല്ലാ കൃത്യങ്ങളും അതാതുജാതിക്കാർ വളരെ ശ്രദ്ധയോടുകൂടി സ്വധർമ്മബുദ്ധ്യാ നിറവേററിയിരുന്നു. ഇന്നത്തെപ്പോലെ സ്വസമുദായോൽക്കർഷത്തിനു വേണ്ടി അന്യസമുദായത്തെ ഇടിച്ചു താഴ്ത്തുന്ന സമ്പ്രദായം പണ്ടു് ഉണ്ടായിരുന്നില്ല. ഒരു കാലത്തു നമ്മുടെ മാതൃഭൂമി വിദേശിയരെക്കൂടി ആകർഷിക്കത്തക്കവണ്ണം ഐശ്വര്യത്തിന്റെ പരമകാഷ്ഠയെ പ്രാപിച്ചിരുന്നു എന്നുള്ള ചരിത്രം വാസ്തവമാണെങ്കിൽ അതു് ഈയൊരു കാലത്താണെന്നു പറഞ്ഞാൽ തന്നെ പ്രകൃതവിഷയത്തെ സംബന്ധിച്ചിടത്തോളം പണ്ടത്തെ സ്ഥിതി ഏറെക്കുറെ ഊഹിക്കാമല്ലൊ.

—o—

സ്വരാജ്യഫാർമസി

(രജിസ്റ്റർ ചെയ്യപ്പെട്ടതു്)

ഹെഡ് ആഫീസ് : ആലുവാ (തിരുവിതാംകൂർ)

"ദക്ഷിണേന്ത്യയിലെമാതൃകാവൈദ്യസ്ഥാപനം"

ഇന്ത്യയിലും ഇതരരാജ്യങ്ങളിലും ഒരുപോലെ പ്രശസ്തിയും പ്രചാരവും സിദ്ധിച്ചിട്ടുള്ള ഞങ്ങളുടെ **ആയുർവേദ ഔഷധങ്ങൾ** വരുത്തി ഉപയോഗിപ്പിൻ

രോഗവിവരം വിശദമായി അറിയിക്കുന്നതായാൽ ശാസ്ത്രീയമായി ചികിത്സ നിശ്ചയിച്ച് ഔഷധങ്ങൾ വി. പി. മൂലം അയച്ചുകൊടുക്കുന്നതാണ്.

കൂടുതൽ വിവരത്തിന് മലയാളം, തമിഴ്, ഇംഗ്ലീഷ് ക്യാററലോഗുകൾക്കെഴുതുക

— ബ്രാഞ്ചുകൾ —

ചാലക്കുടി — എറണാകുളം

ഭാഷാഗദ്യസാഹിത്യം

(മുണ്ടയിൽ കുഞ്ഞുകൃഷ്ണൻ)

ഭാഷിക്കുന്നതെല്ലാം ഭാഷകളാണെങ്കിലും ഭാഷാശബ്ദത്താൽ മലയാളഭാഷ മാത്രമേ ലക്ഷീകരിക്കപ്പെടുന്നുള്ളൂ. ഈ നിയമത്തെ ആധാരമാക്കി പ്രകൃതത്തിൽ കേരളഭാഷയെ വിവക്ഷിക്കുന്ന ദിക്കിൽ ഭാഷാപദം മാത്രം പ്രയോഗിക്കുന്നു. സാമാന്യേന സകല ഭാഷകളുടേയും ഉല്പത്തിക്കു നിദാനമായുള്ള സിദ്ധാന്തങ്ങൾ ഭാഷാശാസ്ത്രകോവിദന്മാർ സ്ഥാപിച്ചിട്ടുള്ള മട്ടിൽ തന്നെ ആയിരിക്കണം ഭാഷയുടേയും ഉത്ഭവം എന്നൂഹിക്കുന്നതിൽ അപാകമില്ല. പൊതുവേ ഭാഷയേപ്പററി പറയുമ്പോൾ ഗദ്യവും പദ്യവും ഉൾപ്പെടുമല്ലോ. ഇതിൽ ഏതാണ് ആദ്യമുണ്ടായതെന്നുള്ള വിചാരം പ്രസ്തുതത്തിൽ അപ്രകൃതമാകയാൽ ആയതു് ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. പ്രകൃതിയിൽ ജീവജാലങ്ങളുടെ ജീവിതരീതി സൂക്ഷ്മനിരീക്ഷണം ചെയ്തിട്ടുള്ള മാക്സ്മുള്ളർ, വെബർ, രാജരാജവർമ്മ മുതലായ ഭാഷാശാസ്ത്രജ്ഞന്മാർ പദ്യമാണ് ആദ്യമുണ്ടായിട്ടുള്ളതെന്നു യുക്തിയുക്തം സമർത്ഥിച്ചിട്ടുള്ളതിനെ ആററൂർ കൃഷ്ണപിഷാരടി, തന്റെ സാഹിത്യചരിത്രത്തിൽ പല ദൃഷ്ടാന്തങ്ങൾ നിർദ്ദേശിച്ചു ഖണ്ഡിച്ചിരിക്കുന്നതിൽ അത്ഭുതപ്പെടാനില്ല. പദ്യത്തെ, ഇന്നു കാണുന്ന രൂപത്തിൽ സാഹിത്യനിയമ നിയന്ത്രണാധീനമായി സങ്കല്പിച്ചതിന്റെ ഫലമായിട്ടായിരിക്കണം അദ്ദേഹം ഈ സാഹസത്തിനു മുതിർന്നതെന്നു നമുക്ക് ആശംസിക്കാം.

"ഗദ—വ്യക്തായാം വാചി" എന്ന ധാതുവിൽനിന്നാണു ഗദ്യശബ്ദത്തിന്റെ നിഷ്പത്തി. പദ്യാപേക്ഷയാ വിവക്ഷിതം പ്രകാശിപ്പിക്കുവാൻ കൂടുതൽ സൗകര്യമുള്ളതു് എന്നു ധാത്വർത്ഥം. ഭാഷയിൽ ഗദ്യത്തിന്റെ ഉത്ഭവം, വളർച്ച, താല്ക്കാലികസ്ഥിതി മുതലായി അവശ്യമിജ്ഞേയങ്ങളായ വിവിധവിഷയങ്ങൾ കേരളപാണിനീയത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. അതിനാൽ അതിന്റെ ആവർത്തനം നിഷ്പ്രയോജനം ആണെന്നുള്ളതു് അനുക്തസിദ്ധമാണല്ലോ.

ഭാഷയുടെ ഗദ്യസാഹിത്യസമ്പത്തിന്റെ അഭിവൃദ്ധിക്ക് ആംഗലഭാഷ വളരെ സഹായിച്ചിട്ടുണ്ടെന്നുള്ളതു പരക്കെ സമ്മതമാണ്. അഭ്യസ്താംഗലഭാഷമായ അഭിജ്ഞലോകം ഇംഗ്ലീഷിലുള്ള ഒട്ടനേകം ഗ്രന്ഥങ്ങളെ വിവർത്തനം ചെയ്തും അവയെ അനുകരിച്ചും ഭാഷയിൽ അനേകം ഗ്രന്ഥങ്ങൾ രചിക്കുകയും രചനാരീതിക്കു ലാളിത്യം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ടെങ്കിലും അതിലേയ്ക്ക് ആവശ്യമുള്ള പദങ്ങൾ "മുക്കാലേമുണ്ടാണി"യും സംസ്കൃതത്തിൽ നിന്നാണല്ലോ സ്വീകരിച്ചിട്ടുള്ളതു്. സംസ്കൃതത്തിൽ നിന്നു സ്വീകരിക്കുന്ന പദങ്ങൾ ആ ഭാഷയിലെ നിയമപ്രകാരം ശുദ്ധങ്ങളായിരുന്നില്ലെങ്കിൽ അതു് ഏററവും പരിഹാസ്യമെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ഈയിടെയായി വർത്തമാനക്കടലാസുകളിലും മാസികകളിലും പാഠപുസ്തകങ്ങളിൽപോലും പ്രാമാദികങ്ങളായ പ്രയോഗങ്ങൾ സർവ്വസാധാരണമെന്നപോലെ കാണുന്നുണ്ട്. ഏറിയോരു കാലം പത്രങ്ങൾമാത്രം പാരായണംചെയ്യുന്ന ഒരാൾക്ക്, സാധുത്വാസാധുത്വങ്ങളെ വിവേചിക്കുന്നതിനുള്ള ശക്തി നശിക്കുകയും തന്മൂലം കാലാന്തരത്തിൽ അയാൾ ഒരു അനക്ഷരകുക്ഷിയായി പരിണമിക്കുകയും ചെയ്തേക്കാമെന്നു സംശയിക്കാതിരിക്കാൻ നിർവ്വാഹമില്ല. ചില പത്രക്കാരുടെ വാലും തലയുമില്ലാത്തതും അർത്ഥവ്യക്തിയില്ലാത്തതും അബദ്ധപരിപൂർണ്ണമായതുമായ "അജഗര" വാക്യങ്ങൾ കണ്ടാൽ "ഭാഷ ഇത്ര വികൃതമായിപ്പോയല്ലോ" എന്ന് ആരും സനിർവ്വേദം വിസ്മയിച്ചുപോകും. ഈ ശോചനീയാവസ്ഥയിൽ നിന്നു ഭാഷായോഷയെ രക്ഷിപ്പാനുള്ള ഉല്ക്കണ്ഠയാലോ എന്നു തോന്നുമാറു ഈ അരിഷ്ടതയെ "പത്രഭാഷ" എന്നു വിളിച്ചു സഹൃദയലോകം ആശംസിക്കുന്നു. സംസ്കൃതാനഭിജ്ഞന്മാരായ പത്രാധിപന്മാർ എഴുതിവിടുന്ന അബദ്ധങ്ങൾ ക്ഷന്തവ്യങ്ങളാണെങ്കിലും സാഹിത്യലോകത്തിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ചിട്ടുള്ള പ്രാമാണികന്മാർ പ്രയോഗിക്കാറുള്ള പ്രമാദങ്ങൾ സഹിക്കുന്നതെങ്ങനെ? ഈ ഒരു ചിന്തയാണ് ഈ കുറിപ്പ് എഴുതുവാൻ എന്നെ പ്രഥമമായി പ്രേരിപ്പിച്ചതു്. എന്നിൽ രൂഢമൂലമായി അന്തർല്ലീനമായി സ്ഥിതിചെയ്തിരുന്ന ആ അഭിലാഷലതികയെ ഉത്തേജിപ്പിക്കാനുള്ള രണ്ടാമത്തെ കാരണം, കഴിഞ്ഞ ഒരു കൗമുദിയിൽ, മഹാപണ്ഡിതൻ ഐ. സി. ചാക്കോ പ്രസിദ്ധപ്പെടുത്തിയിരുന്ന "ഗംഭീര"മാണ്. അതുപോലുള്ള രണ്ടുമൂന്നു പ്രയോഗങ്ങൾ ഉദ്ധരിച്ചു അവയുടെ സാധുത്വത്തേയും താല്ക്കാലികമായ പ്രയോഗരീതിയേയും ദിങ്മാത്ര പ്രദർശനം ചെയ്തു ഈ വിചാരം അവസാനിപ്പിച്ചേക്കാം.

സ്വർണ്ണാഭരണങ്ങൾ വില്പാൻ തയ്യാർ

തനിപവനിൽ ചെയ്യിച്ചിട്ടുള്ള കാശുരൂപങ്ങൾ, മാലകൾ, വളകൾ, മോതിരങ്ങൾ, കമ്മലുകൾ, കല്ലുകമ്മലുകൾ, മുതലായവയും ഇമിറേഷ്യൻ ചുവപ്പുകല്ലുകൾ, വെള്ളക്കല്ലുകൾ, റങ്കൂൺ വെള്ളക്കല്ലുകൾ മുതലായവയും വെള്ളി അരഞ്ഞാണം, വെള്ളിപ്പാത്രങ്ങൾ, പൂജാ പാത്രങ്ങൾ മുതലായവയും വില്പാൻ തയ്യാർ.

ആവശ്യമുള്ളവർ താഴെ കാണുന്ന വിലാസത്തിൽ ക്യാററ്ലോഗിന് ആവശ്യപ്പെടുക.

ആഭരണങ്ങൾ ആവശ്യമുള്ളവരുടെ ഇഷ്ടാനുസരണം ഏതു മാതൃകകളിലും ഭംഗിയായും മിതമായ ചാർജിലും ചെയ്തു കൊടുക്കുന്നതാണ്.

ചങ്ങംപുരയ്ക്കൽ ഇട്ടിയവിര അബ്രഹാം & സൺസ്
ആഭരണവ്യാപാരം,
ചങ്ങനാശേരി, തിരുവിതാംകൂർ

സമസ്തതിരുവിതാംകൂർ സംയുക്തരാഷ്ട്രീയപാർലിമെന്ററിബോർഡ് നിയമസഭാസ്ഥാനാർത്ഥികൾ

ശ്രീചിത്തിരസ്റ്റേറ്റ്കൗൺസിൽ

നിയോജകമണ്ഡലം	സ്ഥാനാർത്ഥികൾ
ഈഴവർ	
1. വൈക്കം—കോട്ടയം—ചങ്ങനാശേരി—പീരുമേട്	ടി. കെ. കിട്ടൻ, കോട്ടയം
2. കരുനാഗപ്പള്ളി—കാർത്തികപ്പള്ളി—അമ്പലപ്പുഴ—ചേർത്തല	എം. എസ്. അനിരുദ്ധൻ, ബി. എ., ബി. എൽ., വക്കീൽ
മുസ്ലീങ്ങൾ	
1. തിരുവനന്തപുരം—നെടുമങ്ങാട്—ചിറയിൻകീഴ്	സാഹിബ് ബഹദൂർ എൻ. അബ്ദുൽറഹിമാൻ, ബി.എ., ബി. എൽ., വക്കീൽ
ലത്തീൻക്രിസ്ത്യാനികൾ	
1. കൽക്കുളം—വിളവംകോട്—നെയ്യാറ്റിൻകര	സ്ഥാനാർത്ഥിയെ തെരഞ്ഞെടുത്തിട്ടില്ല
സിറിയൻകത്തോലിക്കർ	
1. വൈക്കം—കോട്ടയം—ചങ്ങനാശേരി—പീരുമേട്	കെ. എം. കോര, ബി. എ. ബി. എൽ., വക്കീൽ, ചങ്ങനാശേരി
2. വടക്കൻ വാണിജ്യവ്യവസായം	എൻ. സി. ജോൺ, നിരയത്ത്, ആലപ്പുഴ
3. തൊടുപുഴ—മീനച്ചിൽ	ആർ. വി. തോമസ്, ബി. എ., ബി. എൽ., വക്കീൽ, പാലാ
അകത്തോലിക്കക്രിസ്ത്യാനികൾ	
1. പറവൂർ—കുന്നത്തുനാട്—മൂവാറ്റുപുഴ—ദേവികുളം	കെ. പി. ഏബ്രഹാം, ബി. എ., ബി. എൽ., വക്കീൽ, തിരുവനന്തപുരം
2. തിരുവല്ല—മാവേലിക്കര—പത്തനംതിട്ട	കെ. കെ. കുരുവിള, എം. എ. ബി. ഡി., കോട്ടയം
3. മുനിസിപ്പാലിറ്റികൾ	പി. ഐ. സൈമൺ, ബി. എ., ബി. എൽ., വക്കീൽ, തിരുവനന്തപുരം
4. വടക്കൻ വാണിജ്യവ്യവസായം	സ്ഥാനാർത്ഥിയെ തെരഞ്ഞെടുത്തിട്ടില്ല

സമ്പത്തിയിൽ നിന്നല്ലാതെ സാമ്പത്തികം വരാൻ പാടില്ല. പക്ഷേ സാമ്പത്തികം ഇപ്പോൾ സർവ്വസാധാരണമായി തീർന്നിരിക്കുന്നു. പ്രഭാതാർത്ഥത്തിൽ "പൂർവ്വാഹ്നം" എന്നൊരു വാക്കു പ്രയോഗിച്ചുകണ്ടു. ഒരു പകലിനെ രണ്ടായി ഭാഗിക്കുന്ന പക്ഷം ആദ്യത്തെ ഭാഗത്തിനു പൂർവ്വാഹ്നമെന്നും രണ്ടാമത്തെ അംശത്തിനു അപരാഹ്നമെന്നും പേരു കൊടുക്കാം. മക്കളെ നേർവഴിക്കു നയിക്കുക എന്നർത്ഥമുള്ള സന്താനനിയന്ത്രണത്തെ "ഗർഭനിരോധനാ"ർത്ഥത്തിൽ പ്രയോഗിക്കുന്നു. അതിയും അഹിതവുംകൂടി ചേരുമ്പോഴുണ്ടാകാവുന്ന അത്യഹിതം എങ്ങനെയോ അത്യാഹിതമായി പാഠപുസ്തകങ്ങളിലും കടന്നുകൂടി. "ആഖ്യാതം ഇച്ഛ" എന്നർത്ഥമുള്ള ആകാംക്ഷ ആഗ്രഹമായി സാഹിത്യകാരന്മാരും സ്വീകരിച്ചു. ഔപചാരികത്തെ, ഏതർത്ഥത്തിലും യഥേഷ്ടം ചില പത്രക്കാർ ഉപയോഗിക്കുന്നു. പ്രവർത്തിക്ക എന്നർത്ഥത്തിൽ "അനുവർത്തിക്ക" എന്ന പദത്തെ ഉപയോഗിക്കാറുള്ളതു ശരിയല്ല." പുത്രൻ, പിതാവിനെ അനുവർത്തിക്കുന്നു. ശിഷ്യന്മാർ, ഗുരുവിനേയും പ്രജകൾ, രാജാവിനേയും അനുവർത്തിക്കുന്നു" എന്നൊക്കെയാണു പ്രയോഗിക്കേണ്ടതു്. വിപരീതാർത്ഥത്തിൽ പ്രവൃത്തിയുള്ള "അ" എന്ന സംസ്കൃതോപസർഗ്ഗത്തെ ഭാഷയിൽ ഉപയോഗിച്ച് "അഹിന്ദു, അമുസ്ലീം, അഈഴവൻ" എന്നൊക്കെ രൂപങ്ങളുണ്ടാക്കുന്നതു് കഷ്ടംതന്നെ. സ്വദേശി, രോഗി, ഏകാകി, വിരഹി ഇവയെല്ലാം പത്രറിപ്പോർട്ടർമാർക്കു അലിംഗമാണു്. ഒരു പത്രത്തിൽ, ലിൻലിത്ഗോ പ്രഭുവിന്റെ പ്രേയസി "വൈസ്രീണി"യായി ഈയിടെ വേഷംമാറിയിരുന്ന കഥ ആരും മറന്നിരിക്കുകയില്ലല്ലോ. ഒരു പ്രസിദ്ധ സാഹിത്യകാരനായ കൈനിക്കര കുമാരപിള്ള പോലും മുതുകുളം പാർവ്വതിഅമ്മയെ "വാഗ്മി" (സ്ത്രീലിംഗം വാഗ്മിനി) യാക്കിയിരിക്കുന്ന സ്ഥിതിക്കു മററുള്ളവരുടെ കാര്യത്തിൽ ആരാണു് അത്ഭുതപ്പെടുന്നതു്? അധിരാജൻ, രാജാവുതന്നെയാണു്. വസിക്ക, അധിവസിക്ക എന്നു രണ്ടുപ്രകാരത്തിൽ പറഞ്ഞാലും അർത്ഥം ഒന്നുതന്നെയാണല്ലോ. അതുപോലെ രാജാവും അധിരാജനും അഭിന്നാർത്ഥങ്ങളായ പദങ്ങളാണു്. രാജാധിരാജൻ, ചക്രവർത്തിതന്നെ. ഈ പ്രയോഗം ഒരു നിസ്സാരന്റേതല്ല. ഭാഷാഗദ്യസാഹിത്യത്തിലെ നിരൂപണകലയിൽ രാജാധിരാജനായി അഭിഷിക്തനായ ഒരു സാഹിത്യകേസരിയുടേതത്രെ. അഞ്ചാംപാഠത്തിൽ ചുരുട്ടിയ മുഷ്ടിക്കു സ്ഥലംകൊടുത്തതു കഷ്ടമായിപ്പോയി. സാഹിത്യപഞ്ചാനനന്റെതന്നു കേട്ടുകേൾവിയുള്ള ഇപ്പോഴത്തെ ആറാംപാഠത്തിൽ "ഉച്ഛ്വസിക്ക" എന്ന പദത്തെ ഉപയോഗിച്ചിരിക്കുന്നതു ശരിയാണെന്നു തോന്നുന്നില്ല. "ശ്വസിക്കുമ്പോൾ വായുവിനെ അകത്തേയ്ക്കു വലിക്കുകയും ഉച്ഛ്വസിക്കുമ്പോൾ അതിനെ വെളിയിലേക്കു് വിടുകയുമാണ്

നാം ചെയ്യാറുള്ളതു്." എന്നാണു പ്രയോഗം. ഈ വാക്യത്തിൽ ഉഛ്വസിക്ക എന്നപദത്തിനു, ശ്വാസം പുറത്തേക്കു വിടുക എന്നാണല്ലോ അർത്ഥം. "ഉൽ" എന്ന ഉപസർഗ്ഗത്തിന് ഊർദ്ധ്വം (മുകളിൽ) എന്നാണു പ്രായേണ അർത്ഥംകൊടുത്തു കാണുന്നതു്. അപ്പോൾ ശ്വാസം മുകളിലേയ്ക്കു് (ഉള്ളിലേയ്ക്കു) വലിക്കുന്നതിനു മാത്രമേ "ഉഛ്വസിക്ക" എന്നു പറയാവൂ എന്നു സിദ്ധിക്കുന്നു. ശ്വാസം എന്ന വാക്കിനു കേവലം ശ്വാസവായു എന്നാണു ലാക്ഷണികാർത്ഥം. ഒരാൾക്കു ശ്വാസമുണ്ടെന്നും ശ്വാസമില്ലെന്നും മററും നാം വ്യവഹരിക്കാറുണ്ടല്ലോ. ഉഛ്വസിക്ക എന്ന പദത്തെ പരേതനായ മഹാമഹോപാദ്ധ്യായ ഡാക്ടർ ഗണപതി ശാസ്ത്രി ശരിയായി പ്രയോഗിച്ചിരിക്കുന്നതു നോക്കുക. "അസ്മാസൂഛ്വസതസ്സൂക്ഷ്മോ വായുരസ്മാകം ശരീരസ്യാന്തഃ പ്രവിശ്യ രക്തം ശുദ്ധം കരോതി." സാഹിത്യപഞ്ചാനനന്റെ ഈ അനാസ്ഥകൾ ആലോചിച്ചാൽ പണ്ഡിതർ എം. ററി. തോമസിന്റെ "നൈർമ്മല്യമായനീല— ലോകസ്ഥിതിയെ ചിത്രീകരിക്കുന്നതു അനുകരണീയവും ആസ്വാദിതവുമത്രേ— രാമണീയകത — സുരഭില . . പൂർണ്ണമായ പുഷ്പം—" മുതലായ ലജ്ജാകരങ്ങളായ പ്രയോഗവൈചിത്ര്യങ്ങൾ ആരു ശ്രദ്ധിക്കും? ഇങ്ങനെ ഉദാഹരണങ്ങളാൽ ഉപന്യാസത്തെ ദീർഘിപ്പിച്ചു വായനക്കാരുടെ വിലയേറിയ സമയത്തെ ഞാൻ അപഹരിക്കുന്നില്ല.

ഭാഷാഗദ്യ സാഹിത്യത്തിൽ ഗുരുലഘു നിയമാത്മകമായ വൃത്തവ്യവസ്ഥയും മാത്രയും എങ്ങനെ ഉണ്ടായി എന്നുകൂടി ചിന്തിച്ചു ഈ വിമർശം പൂർണ്ണമായി അവസാനിപ്പിച്ചേയ്ക്കാം. ആചാര്യവാമനൻ "കാവ്യം ഗദ്യം പദ്യം ച" എന്ന സൂത്രത്താൽ കാവ്യത്തെ ഗദ്യമെന്നും പദ്യമെന്നും രണ്ടായി വിഭജിച്ചശേഷം ഗദ്യത്തിനു ലക്ഷണവും വിഭാഗവും കല്പിക്കുന്നതു് ഇങ്ങനെയാണ്. "ഗദ്യം വൃത്തഗന്ധി ചൂർണ്ണമുൽക്കലികാ പ്രായം ച- പദ്യഭാഗവദ്വൃത്തഗന്ധി-യഥാ പാതാള താലുതലവാസിഷു ദാതവേഷു-അനാവിദ്ധലളിത പദം ചൂർണ്ണംയഥാ- അഭ്യാസോഹി കർമ്മണാം കൗശലം ആവഹതി ......-വിപരീതമുൽക്കലികാ പ്രായംച-യഥാ-കുലിശ ശിഖര ഖരനഖര പ്രചയ പ്രചണ്ഡ ചപേടാപാടിതമത്തമാതംഗ കുംഭസ്ഥലഗളന്മദഛടാച്ഛുരിത ചാരുകേസരഭാര ഭാസുരമുഖെ കേസരിണി" (ഗദ്യം വൃത്തഗന്ധിയെന്നും ചൂർണ്ണമെന്നും ഉൽക്കലികാപ്രായമെന്നും മൂന്നുവിധമുണ്ട്. വൃത്തനിബന്ധനയുള്ളതു വൃത്തഗന്ധിയും ഇല്ലാത്തതു് ചൂർണ്ണവും ഉല്ക്കലികാപ്രായവുമാകുന്നു. വൃത്തഗന്ധിക്കു കൊടുത്തിട്ടുള്ള ഉദാഹരണം വസന്തതിലകമാണ്) സ്ഥാനത്തിലും അസ്ഥാനത്തിലും ഗൈർവ്വാണിയെ സർവ്വാത്മനാ ആരാധിച്ചുപോന്നിരുന്ന നമ്പൂതിരിമാരായ ചമ്പൂകാരന്മാർ അവരുടെ ചമ്പൂക്കളിൽ—

"ഹരഹര ശിവശിവ പുകഴരുതേതും
മാടക്ഷിതിപതി വമ്പടയും ചില
വൈരിനൃപാല ബലങ്ങളുമൊന്നി-
ച്ചാശു കയർത്തു തിമിർത്തു തുടർന്നോ-
രധികഭയംകര സംഗരഘോഷം"

എന്നുതുടങ്ങി താളമേളങ്ങൾക്കും മാത്രകൾക്കും ഒപ്പിച്ചു ഗദ്യത്തെ നിർമ്മിച്ചതിൽ അത്ഭുതപ്പെടുവാനുണ്ടോ?

—:—



സർ ടെജ് ബഹദൂർ സപ്രു.

ഇൻഡ്യയിലെ വിഖ്യാതന്മാരായ അഭിഭാഷകന്മാരിൽ ഒരാളാണ് സർ സപ്രു. ഭാരതമഹാജനസഭ അമിതവാദം കൈക്കൊള്ളുന്നതുവരെ ഇദ്ദേഹം ഒരു വലിയ കാൺഗ്രസ് പ്രവർത്തകനായിരുന്നു. ഇപ്പോൾ ഭാരതത്തിലെ മിതവാദി കക്ഷിനേതാക്കന്മാരിൽ പ്രധാനിയാണ്. വളരെക്കാലം സാമ്രാജ്യനിയമസഭാ മെമ്പറായും 1920 മുതൽ 1922 വരെ വൈസ്രായിയുടെ എക്സിക്യൂട്ടിവ് കൗൺസിലിൽ ലാ മെമ്പറായും ഇരുന്നിട്ടുണ്ട്.

എസ്. ററി. റെഡ്യാർ & സൺസ്

വി. വി. പ്രസ് ആൻഡ് ബുക്കുഡിപ്പോ

ഹെഡാഫീസ് : കൊല്ലം

ബുക്കുഡിപ്പോകൾ

ബ്രാഞ്ചുകൾ—ആലപ്പുഴ, ചങ്ങനാശേരി, കോട്ടയം, കൊട്ടാരക്കര, ചെങ്ങന്നൂർ

വായിക്കാൻ തുടങ്ങിയാൽ താഴത്തുവയ്ക്കാത്ത നോവലുകൾ

		ക.	ണ.	പ.
1.	ജയകേസരി	1	0	0
2.	അനന്തമോഹനദാസ് അഥവാ ജയകേസരിയുടെ വിക്രമങ്ങൾ	1	4	0
3.	ഭാസ്കരവിലാസം	1	0	0
4.	വിക്രമസിംഹൻ	0	8	0
5.	ലീലാസുകുമാർ	0	4	0
6.	രാധാഗോപാൽ	0	4	0

ഇവ ഓരോന്നിലേയും ചമൽകൃതമായ ഇതിവൃത്തവും അത്ഭുതാനന്ദജനകമായ ഘടനാവൈചിത്ര്യവും, അസ്വാദ്യങ്ങളായവർണ്ണനകളും, സരസലളിതമായ ഭാഷാരീതിയും നിങ്ങളെ ഹഠാദാകർഷിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. കഥാമർമ്മത്തെ മറച്ചുവെച്ചുകൊണ്ടു് രസവിച്ഛിത്തികൂടാതെ വായനക്കാരുടെ ഹൃദയത്തെ അവസാനംവരെ കവർന്നുകൊണ്ടു പോകുന്ന കഥാബന്ധങ്ങളും, ആരെയും അത്ഭുതപരവശരാക്കുന്ന പരിണാമഗുപ്തിയും നാനാരസസംപൂർണ്ണങ്ങളും സരസകോമളങ്ങളുമായ വർണ്ണനകളും, ആകെ ആനന്ദത്തെ ജനിപ്പിക്കുന്ന രചനാസൌകുമാര്യവും തികഞ്ഞ ഈ വിശിഷ്ടകൃതികൾ സഹൃദയന്മാരായ നിങ്ങളുടെ സവിശേഷമായ ആദരത്തെയും അഭിനന്ദനത്തെയും അർഹിക്കുന്നവയാണ്.

കൂടാതെ മലയാളത്തിലുള്ള മററു എല്ലാ മലയാളപുസ്തകങ്ങളും വില്പനയ്ക്കുണ്ട്. ക്യാററലാഗ് ആവശ്യമുള്ളവർ മുക്കാൽ ചക്രം സ്റ്റാമ്പ് അയച്ചുതന്നാൽ ക്യാററലാഗ് അയച്ചുകൊടുക്കപ്പെടും

എസ്. ററി. റെഡ്യാർ & സൺസ്, വി. വി. പ്രസ്, കൊല്ലം

അടുത്തതെരഞ്ഞെടുപ്പിലും ഈഴവർസംഘടിച്ചുനിൽക്കുവിൻ

(വി. കെ. വേലായുധൻ, ബി. എ., ബി. എൽ., എസ്. എൻ. ഡി. പി. യോഗം ആക്ടിങ്ങ് ജനറൽ സെക്രട്ടറി)

എസ്. എൻ. ഡി. പി. യോഗത്തിന് ഉണ്ടെന്നു പറയുന്ന സംഘടനാശക്തി അടുത്ത നിയമസഭാതെരഞ്ഞെടുപ്പിലാണ് നാം പ്രദർശിപ്പിക്കേണ്ടതു്. ഇന്നത്തെ നിലയിലെത്തുവാൻ നാം വളരെ ക്ലേശിക്കേണ്ടിവന്നു. തീണ്ടലും തൊടക്കും കളയുവാൻ നാം എന്തു പ്രയാസപ്പെട്ടിട്ടുണ്ട്. മുപ്പത്തിയഞ്ചു കൊല്ലത്തെ നമ്മുടെ പരിശ്രമത്തിന് ഇപ്പോൾമാത്രം ഏതാണ്ട് വിജയം സിദ്ധിച്ചു. ക്ഷേത്രപ്രവേശനം കൊണ്ട് അയിത്തം നീങ്ങിയിരിക്കുന്നു. ഈഴവന്റെ പ്രക്ഷോഭണംമൂലമാണ് ഇതു് സാധിച്ചതു്. ഗുരുസ്വാമികളുടെ പ്രധാന പ്രവർത്തനോദ്ദേശം ഇതായിരുന്നു. ടി. കെ. മാധവനാകട്ടെ, ഇതു് എല്ലാവരുടേയും ജന്മാവകാശമാണെന്നു സിദ്ധാന്തിക്കയും അതു് നാട്ടാരെക്കൊണ്ട് അംഗീകരിപ്പിക്കയും ചെയ്തു. ഈ അവകാശസിദ്ധി കൊണ്ടാടുവാൻ ഈയിടെ ചേർത്തലക്കൂടിയ നമ്മുടെ യോഗത്തിന്റെ വിശേഷാൽ സമ്മേളനത്തിൽ ഒരു ലക്ഷത്തിലധികം ആളുകൾ സന്നിഹിതരായിരുന്നു. ഈ വിഷയത്തിൽ നമ്മുടെ പ്രക്ഷോഭണം വിജയത്തിലെത്തിയെന്നു് കാണിക്കുവാനാണ് ഇതേപ്പററി ഞാനിത്രയും ഇവിടെ വിസ്തരിച്ചു പറഞ്ഞതു്.

നമ്മുടെ രാഷ്ട്രീയവശത്തെപ്പററി പറയുകയാണെങ്കിൽ, അവിടെ ഇനിയും നമുക്കു വേണ്ടിടത്തോളം പ്രാബല്യം സിദ്ധിച്ചിട്ടില്ല. നമ്മൾ അർഹിക്കുന്ന രാഷ്ട്രീയശക്തി നമ്മളിൽ വന്നുചേരുന്നില്ലെങ്കിൽ നാം മററു സമുദായങ്ങളുടെ പിന്നിൽതന്നെ എപ്പോഴും നില്ക്കേണ്ടിവരും. എന്നാൽ ഇക്കാര്യത്തിൽ ഗവമ്മെണ്ട് നമുക്കു ചിലതെല്ലാം ചെയ്തു തന്നിട്ടുണ്ട്. അത്രയും എസ്. എൻ. ഡി. പി യുടെ നേട്ടവുമാകുന്നു. അതിന്റെ ഫലമായി ഒട്ടും കുറവല്ലാത്ത ഒരു നിയോജകശക്തി നമ്മിൽ വന്നു ചേർന്നിരിക്കുന്നു. അതു് നമുക്കും മററുള്ളവർക്കും രാജ്യത്തിനും പ്രയോജനകരമാക്കുന്ന ജോലിയിലാണ് എസ്. എൻ. ഡി. പി. ഇപ്പോൾ ഏർപ്പെട്ടിരിക്കുന്നതു്. അതിന്റെ വിശദമായ പ്രവർത്തനപരിപാടി നമ്മുടെ പാർലിമെൻററിബോർഡ് തീരുമാനിച്ചുകൊള്ളും. നമുക്കു നിയമസമിതികളിൽ തെരഞ്ഞെടുക്കപ്പെട്ട പത്തു മെമ്പറന്മാർ ഉണ്ടായിരിക്കുന്നതാണല്ലോ. ഇവർ പത്തുപേരും എസ്. എൻ. ഡി. പി യുടേയും പ്രതിനിധികളായിരിക്കും. ഇവർ നിയമസമിതികളിൽ ചെന്നാൽ എസ്. എൻ. ഡി. പി യുടെ നിർദ്ദേശമനുസരിച്ചും പ്രവർത്തിച്ചുകൊള്ളും. അതുകൊണ്ട് ഈ പത്തുപേരേയും യാതൊരു സംശയവുംകൂടാതെ നമുക്കു എതിരില്ലാതെ തെരഞ്ഞെടുത്തയയ്ക്കാവുന്നതാണ്. പ്രതിനിധികളായ പത്തുപേരെ എതിരില്ലാതെ തെരഞ്ഞെടുക്കുവാൻ നമുക്കു കഴിഞ്ഞാൽ എസ്. എൻ. ഡി. പി. ക്കു—ഈഴവന്—ഉണ്ടാകാവുന്ന നിലയും ശക്തിയും എന്തെന്നും എത്രത്തോളമെന്നും ഒന്നു ആലോചിച്ചുനോക്കുക. അതു് നമ്മുടെ സംഘടനാശക്തിയെ പ്രഖ്യാപനംചെയ്യും; നമ്മുടെ രാഷ്ട്രീയബോധത്തെ വളർത്തും; മററുള്ളവരുടെ മതിപ്പിനെ കൈവരുത്തും; ആരേയും അമ്പരപ്പിക്കും; നമ്മുടെ ലക്ഷ്യത്തിലേക്കു നമ്മെ അടുപ്പിക്കും; നമ്മുടെ വിജയം സുനിശ്ചിതമാക്കും. ഐക്യതയും എസ്. എൻ. ഡി. പി. യോടുള്ള മമതയും കാണിപ്പാൻ ഈഴവന് ഇതിൽ കൂടുതൽ എന്താണ് വേണ്ടതെന്നറിയുന്നില്ല.

കൊച്ചീമഹാരാജാവു് ശ്രീ രാമവമ്മ തിരുമനസ്സുകൊണ്ട്

നമ്മുടെഉദ്യമം ശിഥിലമാക്കുവാൻ-ഇന്നത്തെ നിലയിൽനിന്നു തന്നേയും നമ്മളെ പുറകിലേക്കു തള്ളുവാൻ പലരും ചക്കരവാക്കും പറഞ്ഞു് നമ്മെ സമീപിക്കും. അതിനൊന്നും നാം ചെവികൊടുക്കരുതു്. അത്തരം കപടവേഷധാരികളുടെ കൈയ്യിൽ നാം അകപ്പെട്ടുപോകരുതു്. അവരെ നാം പ്രത്യേകം സൂക്ഷിക്കണം. നിറുത്തേണ്ട ദൂരത്തിൽതന്നെ നിറുത്തണം. നമ്മുടെ പ്രതിനിധികളായ പത്തുപേരേയും എതിരില്ലാതെ നാം തെരഞ്ഞെടുക്കുന്നപക്ഷം, അവരുടെ വിദ്യകൾ പററുകയില്ലെന്നു മാത്രമല്ല, മററുള്ളവരെ ഈഴവരുടെ പ്രതിനിധികളായിട്ടും കൂടി അയയ്ക്കു

ഭയങ്കരമായ വയററു വേദനമൂലം നിരാശയോടെ

ജീവിതം നയിക്കുന്നവർക്കു

ഉദരസുധ

ഒരനുഗ്രഹമാകുന്നു

ആരോഗ്യപൂർണ്ണവും വിഭവസമൃദ്ധവുമായി ജീവിതം നയിക്കേണ്ടവരായ മനുഷ്യരിൽ ഭൂരിഭാഗവും ——വയററുവേദന—— എന്ന മഹാവ്യാധിയുടെ കയ്യേററത്തിനടിമപ്പെട്ട് കാലചക്രത്തിൽകിടന്നു നട്ടംതിരിയുന്നു. സത്സന്താനങ്ങളുടെമാതാക്കളായി ലോകത്തിന്റെ സുസ്ഥിതിപരിപാലിക്കേണ്ട

സ്ത്രീജനങ്ങൾ

ആർത്തവ കാലങ്ങളിൽ സഹിക്കവയ്യാത്ത വയററു വേദനയാൽ തലകുത്തിമറിയുന്നു. ഗർഭാശയം, അജീർണ്ണതയങ്ങളായ വിവിധ വിഷമങ്ങൾ മൂലം സന്താനോല്പാദനസമർത്ഥമാകാതെ അവർ പരിതാപത്തിനു വിധേയരായിതീരുന്നു :: ::

ഇവകളുടെ പരിപൂർണ്ണമായ പരിഹാരത്തിനുള്ള ഉത്തമൗഷധമത്രെ ഉദരസുധ.

10 ഔ: കുപ്പി ഒന്നിനു വില 2 രൂപാ.

(ആവശ്യക്കാർ വർദ്ധിച്ചിരിക്കുന്നതുകൊണ്ട് വില കുറയ്ക്കാൻ സാധിച്ചിരിക്കുന്നു)

പി. ആർ. നീലകണ്ഠൻ വൈദ്യൻ

ആയുർസിദ്ധാന്തഫാർമസി, പുത്തൻചന്ത—തിരുവനന്തപുരം.

വാനും നമുക്കു സാധിക്കുമെന്നു് ഓക്കുക. അവർ അപ്പോൾ നിങ്ങളുടെ വോട്ടിനു് നിങ്ങളുടെ പിന്നാലെ വരും. അപ്പോഴാകട്ടെ, എസ്. എൻ. ഡി. പി. യോടു ചോദിക്കുക എന്നു് നിങ്ങൾക്കു അവരോടു ധൈര്യമായി പറയാൻ കഴിയും. ഇങ്ങനെ പല ശക്തികളും നിങ്ങളെ സമീപിക്കുന്നതും അതേസമയം തന്നെ നിങ്ങളുടെ ശക്തി വദ്ധിക്കുന്നതും കാണണമെങ്കിൽ നിങ്ങളുടെ പ്രതിനിധികളെ നിങ്ങൾ എതിരില്ലാതെ അയയ്ക്കുക. തെരഞ്ഞെടുപ്പിൽ ആരു ജയിക്കണം ആരു തോല്ക്കണം എന്നു തീരുമാനിക്കാനുള്ള അധികാരം ഗവമ്മെണ്ടു നമ്മുടെ കൈയ്യിലേക്കും കൂടി വിട്ടുതന്നിരിക്കയാണു്. ആ അധികാരം നമ്മൾ ബുദ്ധിപൂവ്വം വിനിയോഗിക്കണം. അതിനുള്ള പ്രഥമകൃത്യം നാം നമ്മുടെ പ്രതിനിധികളെ എതിരില്ലാതെ തെരഞ്ഞെടുത്തയയ്ക്കുകയാകുന്നു.

നമുക്കു ഈ പത്തു സീററുകിട്ടിയതെങ്ങിനെ? സൌജന്യമായി കിട്ടിയതല്ലതന്നെ. അങ്ങിനെയാണെങ്കിൽ മുൻപും ഈഴവനും നിയമസഭയും ഈ നാട്ടിൽ ഇല്ലായിരുന്നോ? നാം എസ്. എൻ. ഡി. പി. യുടെ തണലിൽ സംഘടിച്ചുനിന്നു. നമ്മെ നേരായമാർഗ്ഗത്തിലൂടെ നയിക്കുന്നതിനു് നമുക്കു ധീരവീരനായ ഒരു നേതാവുണ്ടായി. ആ വഴിക്കാണു് നമ്മുടെ കാലം തെളിഞ്ഞതു്. അങ്ങനെയാണു് നമുക്കു സീററുകൾകിട്ടിയതും.

അതു് നാം ഒരിക്കലും വിസ്മരിക്കരുതു്. അദ്ദേഹം ഇപ്പോഴും ജയിലിൽകിടന്നു് നമുക്കുവേണ്ടി കഷ്ടതയനുഭവിക്കുന്നു. എല്ലാ ഈഴവനേയും കോൾമയിർക്കൊള്ളിക്കുന്ന ഒരു ചരിത്രസംഭവമാണിതു്. അദ്ദേഹത്തിൻെറത്യാഗം അത്രവലുതാണു്; അദ്ദേഹത്തിൻെറ നേട്ടവും അത്രവലുതാണു്. അതു് ദുവ്വിനിയോഗംചെയ്യാൽ കേശവൻെറ ഹൃദയം എത്രകണ്ടു് നീറുമെന്നു് നിങ്ങൾ ആലോചിച്ചുനോക്കുക. അദ്ദേഹത്തോടുള്ള നിങ്ങളുടെ നന്ദിപ്രകടനമായിട്ടെങ്കിലും നിങ്ങൾ എസ്. എൻ. ഡി. പി. യുടെ ആദശങ്ങളെ സ്വീകരിക്കുക. കഴിഞ്ഞ പ്രക്ഷോഭണത്തേക്കാൾ വളരെ ക്ലേശിക്കേണ്ട ഒരു സന്ദർഭമാണു് വരുന്നതു്. അതിനെ വിജയിക്കുന്നതാണു് ഈഴവൻെറ വിജയം. അതുകൊണ്ടു് കഴിഞ്ഞ പ്രക്ഷോഭണകാലങ്ങളിലെന്നപോലെ അടുത്ത തെരഞ്ഞെടുപ്പിലും ഈഴവൻ എസ്. എൻ. ഡി. പി. യുടെ കൊടിക്കീഴിൽ സംഘടിച്ചുനിന്നു പ്രവത്തിക്കുക. എങ്കിൽ കേശവൻ ദൃഷ്ടിവച്ചിട്ടുള്ള ആ ഉന്നതസ്ഥാനത്തും സ്ഥിതിയിലും ഈഴവസമുദായം എത്തിച്ചേരുമെന്നുള്ളതിനു് തക്കമില്ല. (ഈയിടെകൂടിയ കുന്നത്തൂർ എസ്. എൻ. ഡി. പി. സംയുക്തശാഖാവാഷിക സമ്മേളനത്തിൽ ചെയ്ത അദ്ധ്യക്ഷപ്രസംഗത്തിൻെറ സംക്ഷേപം)

—:—

മാധവവിലാസം ടൈപ്പ്ഫൗണ്ട്റി

കഴിഞ്ഞ അനേകവഷങ്ങളായി പ്രശസ്തമായ രീതിയിൽ നടത്തിവരുന്ന ഒരു സ്ഥാപനമാണു് പ്രസ്തുത ടൈപ്പുഫൌണ്ടറി. കേരളത്തിലെ പല ഫൌണ്ടറിക്കാരും ശാസ്ത്രീയമല്ലാത്ത രീതിയിൽ വാത്തുവിടുന്ന അക്ഷരങ്ങളും ഞങ്ങളുടെ പക്കൽനിന്നു വാങ്ങുന്ന അക്ഷരങ്ങളും മററു മുദ്രാലയഉപകരണങ്ങളുംതമ്മിൽ പരിശോധിച്ചു നോക്കുന്നപക്ഷം അവ തമ്മിലുള്ള വൈശിഷ്ട്യം ഞങ്ങൾ പറഞ്ഞറിയിക്കാതെ മനസ്സിലാക്കാൻ കഴിയുന്നതാണു്. വിശിഷ്യാ ഈ ഫൌണ്ടറിയുടെ ഉടമസ്ഥന്മാർ തന്നെജോലിക്കാരാകയാൽ വാർപ്പുരൂപീകരണത്തിൽ പ്രത്യേകം ശ്രദ്ധിക്കുമെന്നുള്ളതാണു് ഏററവും പ്രധാനം. ടൈപ്പുഫൌണ്ടറി ഉടമസ്ഥന്മാർ ശമ്പളക്കാരെക്കൊണ്ടു ചെയ്യിക്കുന്നതാകയാൽ അവ വേണ്ടുംവണ്ണം ഉപയോഗയോഗ്യമായി വരിക അപൂവ്വമാണു്. കൂടാതെ ഞങ്ങളുടെ സ്പെഷ്യൽ വള്ളിവഗ്ഗങ്ങൾ മററു ടൈപ്പുഫൌണ്ടറിക്കാരെക്കൊണ്ടു ചെയ്യുവാൻ സാധിക്കാത്തതും പെട്ടെന്നു ഒടിയാതെ അക്ഷരങ്ങളെപ്പോലെ തന്നെ പഴക്കം നില്ക്കുന്നതും സാധാരണ ലെഡ്ഡ്ഇടൽ സമ്പ്രദായം കൂടാതെ കഴിക്കാവുന്നതും ആകുന്നു. ആകയാൽ മുദ്രാലയക്കാർ ഞങ്ങളുടെ ടൈപ്പുകളും മററു മുദ്രാലയ ഉപകരണങ്ങളും വാങ്ങി പരിശോധിച്ചു നോക്കുവിൻ. കൂടുതൽ വിവരങ്ങൾ കത്തു മുഖേനയോനേരിട്ടോ അറിയാവുന്നതാണു്.

മാനേജർ,

മാധവവിലാസം ടൈപ്പ്ഫൗണ്ട്റി, രാമേശ്വരംറോഡ്, കൊല്ലം

ബ്രിട്ടീഷ് ഇൻഡ്യയിലെ തിരഞ്ഞെടുപ്പ്

—:—

ബ്രിട്ടീഷ് ഇന്ത്യൻ പ്രാവിൻസുകളിൽ പുതിയ ഭരണപരിഷ്കാരം അനുസരിച്ചുള്ള പൂർണ്ണമായ ഉത്തരവാദിത്വഭരണം അടുത്ത ഏപ്രിൽ മാസാരംഭത്തോടു കൂടി നടപ്പിൽ വരുമല്ലൊ. അതിനുള്ള തിരഞ്ഞെടുപ്പു വളരെ ഊർജ്ജിതമായി നടന്നുവരുന്നു. കാൺഗ്രസിനു വലിയ വിജയം ലഭിക്കുന്നുണ്ടെങ്കിലും നിയമസഭകളിലെ ഇതരകക്ഷികളെയെല്ലാം തോല്പിക്കത്തക്കവണ്ണമുള്ള വലിയ ഭൂരിപക്ഷം എല്ലാ പ്രാവിൻസുകളിലും കാൺഗ്രസിനു ലഭിക്കുമോ എന്നു സംശയമാണു്. ഓരോ പ്രാവിൻസിലും പല പല കക്ഷികളുണ്ടു്. അവയിൽ ഏതെല്ലാം കക്ഷികൾ കാൺഗ്രസിനോടു ചേരുമെന്നു നിശ്ചയമില്ല. കാൺഗ്രസ് ഉദ്യോഗം കൈയ്യേല്ക്കുമോ എന്നുള്ള കാര്യവും തീർച്ചപ്പെടാതെയാണിരിക്കുന്നതു്. ഉദ്യോഗം സ്വീകരിക്കാമെന്നു കാൺഗ്രസ് തീരുമാനിച്ചാലും എല്ലാ പ്രാവിൻസുകളിലും അതുകൊണ്ടു പ്രയോജനം വരുത്തുവാൻ കഴിയുമോയെന്ന കാര്യംസംശയമാണു്. കാൺഗ്രസിനു എതിരായുള്ള കക്ഷികളുടെ ബലവും സഹായവും ഉണ്ടെങ്കിൽ ഗവമ്മെൻറിനു വളരെ സുഖമായി ഭരണം നടത്തിക്കൊണ്ടു പോകാം. കാൺഗ്രസ് ഉദ്യോഗം സ്വീകരിക്കുന്നപക്ഷം ഗവണ്ണർമാർ അവക്കുള്ള അസാധാരണ അധികാരങ്ങൾ എങ്ങിനെയെല്ലാം പ്രയോഗിച്ചുതുടങ്ങുമെന്നു കണ്ടറിയേണ്ടതാണു്. കാൺഗ്രസും എതിർകക്ഷികളുമായി തിരഞ്ഞെടുപ്പിൽ വലിയ മത്സരവും അവിടവിടെ ലഹളകളും അറസ്ററുകളുമൊക്കെ നടന്നുവരുന്നുമുണ്ടു്. തിരുവിതാംകൂറിലും എന്തെല്ലാമാണു അടുത്ത തിരഞ്ഞെടുപ്പിൽ നടക്കുവാൻ പോകുന്നതെന്നു കണ്ടറിയണം.

—:—

സി. കേശവൻ

ബന്ധനത്തിൽ

ഇന്നു് **450** ദിവസം

പ്രധാന വിഷയങ്ങൾ

—:—

1. ആരാണീ നമ്പൂതിരിമാർ?
2. ഭാഷാഗദ്യസാഹിത്യം
3. നിയമസഭാസ്ഥാനാർത്ഥികൾ
4. ഈഴവർ സംഘടിച്ചുനില്ക്കുവിൻ
5. ബ്രിട്ടീഷ് ഇന്ത്യയിലെ തെരഞ്ഞെടുപ്പ്
6. പരസ്പരസഹായകാൺഫറൻസ്
7. തിരുവിതാംകൂറിലെ തേങ്ങ
8. "രൂപീകരിക്കുക"
9. 1111 ഇടവം 29
10. തകന്നഹൃദയം
11. സംയുക്തത്തെ തകക്കാൻ

THE KERALA KAUMUDI
VOL. 28 NO. 8

പുസ്തകം 28 നമ്പർ 8

1112 കുംഭം 10 ഞായർ

പരസ്പരസഹായ കാൺഫറൻസ്

—:—

പറവൂരിൽവച്ചുനടന്ന സഹകരണ മഹാസമ്മേളനം വിജയപ്രദമായികഴിഞ്ഞു എന്ന് റിപ്പോർട്ടുകൾ കൊണ്ടുകാണുന്നതു് ശരിയായിരിക്കാമെങ്കിൽ ഭാരവാഹികളെ ഞങ്ങൾ അഭിനന്ദിക്കുന്നു. കാൺഫറൻസിൽ ഗൌരവപ്പെട്ട പല പ്രമേയങ്ങളും ഐകകണ്ഠ്യേനയും ചിലതു ഭൂരിപക്ഷപ്രകാരവും പാസാക്കി. ഇവയിൽ ഒന്നുരണ്ടു പ്രമേയങ്ങളെസംബന്ധിച്ചു സ്വല്പം ചിലതു പറഞ്ഞാൽകൊള്ളാമെന്നു ഞങ്ങൾ വിചാരിക്കുന്നു. ജനങ്ങൾതന്നെ ആരംഭിച്ച ഒരു പ്രസ്ഥാനമാണു സഹകരണ സംഘപ്രസ്ഥാനം. അതു് ഒരു നല്ല പ്രസ്ഥാനമെന്നുകണ്ടു ഗവൺമെൻറുകൾ അതിൻെറ ഭരണവുംകൂടി കൈയ്യേററു. ഇപ്പോൾ ഗവൺമെൻറിനാൽ ഭരിക്കപ്പെടുന്ന സഹകരണസംഘപ്രസ്ഥാനമാണു തിരുവിതാംകൂറിലുള്ളതു്. ഈ പ്രസ്ഥാനത്തിൻെറ മുഖ്യമായ ഉദ്ദേശം ജനങ്ങൾക്കു സ്വയംഭരണശേഷി ഉണ്ടാക്കികൊടുക്കുകയാണ്. കാൽനൂററാണ്ടുകാലത്തെ ആയുസ്സുകൊണ്ടു നല്ല തികഞ്ഞ യൌവ്വനം ഈ പ്രസ്ഥാനത്തിനു ഉണ്ടായിട്ടുണ്ടു്. ആ യുവത്വം കവിളൊട്ടിയും കണ്ണുകുഴിഞ്ഞും മുഖംവിളറിയും ദേഹംമെലിഞ്ഞും ആണോ കാണുന്നതു്, അതല്ല നല്ല റോസാപ്പൂനിറത്തിൽ രക്തപ്രസാദവും തേജസ്സും ഓജസ്സും തിളങ്ങിയിട്ടാണോ നാം കാണുന്നതു്? ഒട്ടുവളരെ ന്യൂനതകൾ ഇവിടത്തെ പ്രസ്ഥാനത്തിനുണ്ടെന്നു കാൺഫറൻസിൽ നടന്ന പ്രസംഗങ്ങളും പ്രമേയങ്ങളും വെളിപ്പെടുത്തിയിരിക്കുന്നു. ദേവധാർകമ്മിററിക്കാർ അവരുടെ ദൃഷ്ടിയിൽപെട്ട സകല ന്യൂനതകളേയും ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ന്യൂനതകളുടെ പരിഹാരത്തിനു ഗവർമ്മെൻറു എന്തുചെയ്തു, സഹകാരികൾ എന്തു് ചെയ്തു എന്നു ഞങ്ങൾക്കു നിശ്ചയമില്ല. മാങ്ങ പഴുത്തു എന്നു കാണുമ്പോൾ സഹകാര വൃക്ഷത്തിൽ പറന്നു പററുന്ന കാക്കയേയും നുഴഞ്ഞു കയറുന്ന അണ്ണാനേയുംപോലെയുള്ള സഹകാരികൾ ഉണ്ടെങ്കിൽ ഈ പ്രസ്ഥാനത്തിനു വിജയം ഉണ്ടാകയില്ല. സഹകരണപ്രസ്ഥാനം നയിക്കുന്ന സഹകാരിമുഖ്യന്മാർ ഈ പ്രസ്ഥാനത്തെ ഒരു ചവിട്ടുപടിയാക്കി സക്കാർ സർവീസിൽ പ്രവേശിക്കുവാൻ ഉന്നം വെച്ചിരിക്കുന്നതായി ഐകകണ്ഠ്യേന പാസാക്കപ്പെട്ട ഒരു പ്രമേയം വെളിപ്പെടുത്തുന്നുണ്ടു്. ഈ ഉന്നമുള്ളവർ ആരെല്ലാമെന്നു ഒരു ലിസ്ററു വരുത്തി അവരെ ഈ പ്രസ്ഥാനത്തിൽനിന്നു സല്ക്കാരപൂർവ്വം മററു വല്ല മഹാ പ്രസ്ഥാനവും തുടങ്ങിക്കൊള്ളുവാൻ പിരിച്ചു വിടേണ്ടതാണ്. സംഘപ്രവത്തനം ഒരു സമുദായസേവനമായി മാത്രം സ്വീകരിക്കുന്നവർ ഉണ്ടെങ്കിൽ അവർ ഈ പ്രസ്ഥാനം നടത്തുകയും അങ്ങനെയുള്ളവർ ഇല്ലാത്തപക്ഷം അങ്ങനെയുള്ളവർ ഉണ്ടാകുംവരെ ഈ പ്രസ്ഥാനം നിറുത്തിവയ്ക്കുകയുമാണു വേണ്ടതു്. സംഘപ്രവത്തനം നടത്തുന്നവക്കു് പ്രതിഫലം നൽകേണ്ടതിൻെറ "അത്യാവശ്യ"ത്തെ സമത്ഥിക്കുന്ന ഒരു പ്രമേയം വലിയ ഭൂരിപക്ഷത്തോടെയാണു പാസായതു്. ഒരു ചെറിയ ന്യൂനപക്ഷമെങ്കിലും അതിനു എതിരുണ്ടായിരുന്നു എന്നു കാണുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. "ജോലിക്കനുരൂപമായ പ്രതിഫലം" കിട്ടുകയില്ല എന്നുവച്ചാൽ ഇന്നത്തെ നിലയ്ക്കു ശരിയായ സേവനം ലഭ്യമാകാതെവന്നേക്കാം എന്നുപറയുന്നതു ശരിയാണ്. പ്രതിഫലംഉദ്ദേശിച്ചാണു സഹകരണ ജോലി കയ്യേററതെങ്കിൽ അതു ഒരു സമുദായസേവനം ആകുകയില്ല. മററുജോലിക്കു സൌകയ്യമില്ലാത്തവണ്ണം മുഴവൻസമയവും ഈ വഴിക്കുതന്നെ ഉപയോഗപ്പെടുത്തുന്ന ക്ലാർക്കുകൾ, കണക്കന്മാർ മുതലായവക്കു് ശരിയായ പ്രതിഫലംകൊടുക്കേണ്ടതുതന്നെ. അല്ലാതുള്ളവക്കു് പ്രതിഫലംകൊടുക്കണമെന്നു ചട്ടം ഉണ്ടാകുന്നതു് കഷ്ടമാണ്. സംഘത്തിനു യുക്തമെന്നു കണ്ടാൽ ആക്കും എന്തു പ്രതിഫലവും കൊടുക്കാൻ സംഘത്തിനു അധികാരമുണ്ടായിരിക്കേണ്ടതാണ്. പ്രതിഫലത്തിന്നനുരൂപമായി ജോലി അവർ നിർവ്വഹിച്ചിട്ടുണ്ടെന്നു കണ്ടാൽമാത്രമേ പ്രതിഫലം കൊടുക്കുകയും ചെയ്യാവൂ. ഐക്യസംഘപ്രവത്തനം കാര്യക്ഷമമാക്കുന്നതിനു കൂടുതൽ ഗ്രാൻറുവേണമെന്നു ഗവമ്മെൻറിനോടു അപേക്ഷിക്കുന്നു. ഗ്രാൻറിനുള്ള അപേക്ഷ സ്വാശക്തിയില്ലായ്മയെ പ്രത്യക്ഷപ്പെടുത്തുന്നു. ഗവമ്മെൻറിൽനിന്നു വിദ്യാഭ്യാസച്ചുമതല, വൈദ്യസഹായച്ചുമതല, ശുചീകരണച്ചുമതല, വെള്ളവും വെളിച്ചവും ഉണ്ടാക്കികൊടുക്കുന്ന ചുമതല മുതലായവയെല്ലാം ഏറെറടുത്തതു പോലെ സഹകരണച്ചുമതലയും ഏറെറടുത്തിരിക്കുന്നു. "യൌവ്വനംവന്നുദിച്ചിട്ടും ചെറുതായില്ല ചെറുപ്പം" എന്നു പറയുന്നമാതിരിയുള്ള ഈ ദമയന്തീസംഘങ്ങൾക്കു് നല്ലവണ്ണം ആലോചിച്ചുവേണം ഗവമ്മെൻറു ഗ്രാൻറനുവദിക്കുവാൻ. ഇനി മൂന്നുകൊല്ലംകഴിയുമ്പോൾ രാജ്യമൊട്ടുക്കു് രജതജൂബിലി ആഘോഷിക്കണമെന്നൊരു പ്രമേയം ഉണ്ടു്. ഈ മൂന്നു സംവത്സരക്കാലംകൊണ്ടു ഈ സംഘത്തിൻെറ സകല ന്യൂനതകളും പരിഹരിച്ചു സഹകാരികളുടെ സംഖ്യ ഇപ്പോഴത്തേതിൻെറ പകുതിയെങ്കിലും കൂടി വദ്ധിപ്പിക്കണമെന്നു ഒരു നിശ്ചയം പാസാക്കിക്കാണുന്നു. ഉത്സവപ്രിയന്മാരായ നാട്ടുകാക്കു് മൂന്നുകൊല്ലം കഴിയുമ്പോൾ ഒരു മഹോത്സവംകാണാം. നമുക്കു കാത്തിരിക്കുകതന്നെ. സഹകരണ പ്രസ്ഥാനത്തിൽ ജനങ്ങൾക്കു ഈ

ഉത്സവംകൊണ്ടു ഉത്സാഹം വർദ്ധിക്കുമെങ്കിൽ ഉദ്യമം ഒരിക്കലും നിഷ്പ്രയോജനമായി തീരുകയില്ല. ജനസമുദായത്തിനു ഓരോ നല്ല കാര്യങ്ങളിൽ ഉന്മേഷവും ഉത്സാഹവും ജനിപ്പിക്കുന്നതിനു ഒരൊന്നാന്തരം വിദ്യാഭ്യാസപദ്ധതിയാണു ഉത്സവങ്ങൾ. നമ്മുടെ ക്ഷേത്രങ്ങളിലെ ഉത്സവങ്ങളെപ്പോലെ പണം പാഴാക്കുന്ന പണിയാകരുതെന്നേയുള്ളു.

തിരുവിതാംകൂറിലെ തേങ്ങ

സിലോണുമായുള്ള മത്സരത്തിൽ തിരുവിതാംകൂറിലെ തെങ്ങു കൃഷിക്കാർ വളരെ വിഷമിച്ചിരിക്കയായിരുന്നല്ലൊ. ഇപ്പോൾ തേങ്ങയ്ക്കു മിക്കവാറും മുമ്പത്തെ വിലതന്നെ കിട്ടിത്തുടങ്ങിയിരിക്കുന്നതുകൊണ്ടു അവരുടെ ആവലാതി അല്പമൊന്നടങ്ങിയിട്ടുണ്ടെങ്കിലും ഈയിടെ കഴിഞ്ഞതുപോലെയുള്ള കഷ്ടതകൾ ഇനിയും വന്നുകൂടാത്തതല്ല. അതിനാൽ തേങ്ങയ്ക്കു ഇതുവരെ ഉണ്ടായിരുന്നതിൽ കൂടുതലായി പുതിയ മാർക്കററുകൾ കണ്ടുപിടിക്കുവാൻ നമ്മുടെ കച്ചവട ഏജൻറ് മി: കാഞ്ചിദ്വാരകദാസ് ശ്രമിച്ചുവരുന്നതായി കാണുന്നതു സന്തോഷകരമാകുന്നു. തിരുവിതാംകൂറിലെ തേങ്ങയ്ക്കു ബോംബെ പട്ടണത്തിൽ ഇപ്പോൾ വളരെ പ്രിയം ഉണ്ടായിട്ടുണ്ടു്. സിലോണിലെ നാളികേരത്തിനു പ്രവേശനമില്ലാത്ത മാർക്കററുകൾ ഉത്തര ഇൻഡ്യയിൽ പലതുമുണ്ടു്. ഡൽഹി, ലക്നൌ, ലാഹോർ മുതലായ പ്രധാന പട്ടണങ്ങളിൽ നാളികേരത്തിനു വലിയ ആവശ്യക്കാർ ഉള്ളതായി കാണുന്നു. അവിടെയുള്ളവർ കൊട്ടത്തേങ്ങയാണു് അവരുടെ മതകർമ്മങ്ങൾക്കും മററും ഉപയോഗപ്പെടുത്തി വരുന്നതു്. തേങ്ങ കിട്ടുവാനുള്ള പ്രയാസംകൊണ്ടു അവർ ഒരിക്കൽ ഒരു കർമ്മത്തിനു ഉപയോഗിച്ച തേങ്ങതന്നെ വീണ്ടും മററുകർമ്മങ്ങൾക്കും ഉപയോഗിച്ചുവരുന്നുണ്ടു്. തേങ്ങ കയററി അയയ്ക്കുന്നതിനും, തേങ്ങാ തരംതിരിക്കുന്നതിനും, തീവണ്ടിയിലും കപ്പലിലും കുറഞ്ഞ കൂലിയിൽ സൌകര്യം ലഭിക്കുന്നതിനും വേണ്ട ഏർപ്പാടു ചെയ്യാമെങ്കിൽ ഉത്തര ഇൻഡ്യയിൽ വളരെ തേങ്ങാ ചിലവാകുന്നതാണു്. ബോംബെയിലെ മാർക്കററുകളിൽ വ്യവസായസംബന്ധമായ ആവശ്യങ്ങൾക്കും മററും തേങ്ങ ഇപ്പോൾ ധാരാളം ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ കഴിഞ്ഞ ജനുവരിമാസത്തിൽ അറുപതിനായിരം ഉറുപ്പിക വിലയ്ക്കുള്ള തേങ്ങയ്ക്കു ബോംബെയിൽനിന്നു തിരുവിതാംകൂറിലേക്കു ഓർഡർ ലഭിക്കുകയുണ്ടായി. ഈ ഇനത്തിൽ രണ്ടായിരം രൂപവരെ ഗവമ്മെൻറിനു ചുങ്കംവകയായി പിരിഞ്ഞുകിട്ടുന്നതാണു്. ഭവനഗരം രാജ്യവുമായി നാളികേരത്തെസംബന്ധിച്ചു ഒരു കച്ചവട ഏർപ്പാടു തിരുവിതാംകൂറിനു ചെയ്യാൻ കഴിയുമെങ്കിൽ ആ രാജ്യംവഴി ഉത്തരഇൻഡ്യയിൽ തേങ്ങ അയയ്ക്കുവാൻ വളരെ സൌകര്യം ലഭിക്കുന്നതാണു്. ഇപ്പോൾ തീവണ്ടിയും കപ്പലും വഴിയായുള്ള കൂലി വളരെ ജാസ്തിയാണു്. അതിനു കുറവു വരുത്തുവാൻ ശ്രമിച്ചാൽ ഉണ്ടാകുന്ന ഫലത്തിനനുസരിച്ചു തേങ്ങയുടെ വില വർദ്ധിക്കും. തിരുവിതാംകൂറിലെ ഏത്തപ്പഴവും പൈനാപ്പിളും (പൃത്തിച്ചക്കയും) വളരെ വിശേഷപ്പെട്ട പഴങ്ങളാണല്ലൊ. അവയ്ക്കു ബോംബെയിലും വടക്കേഇൻഡ്യയിലും നല്ല മാർക്കററുകൾ ഉണ്ടാകുന്നതാണു്. തിരുവിതാംകൂറിൽനിന്നു ഈ പഴങ്ങൾ കപ്പൽവഴി അയച്ചാൽ ചുരുങ്ങിയതു അഞ്ചു ദിവസംകൊണ്ടേ ബോംബെയിൽ എത്തുകയുള്ളു. തീവണ്ടിമാർഗ്ഗം അയച്ചാലും അഞ്ചുദിവസത്തെ താമസം വേണ്ടിവരും. അഞ്ചുദിവസത്തെ താമസംകൊണ്ടു ഈ പഴങ്ങൾ നിരുപയോഗമായി തീരുന്നതാണു്. പഴങ്ങൾ കേടുവരാതെ സൂക്ഷിക്കാനുള്ള വിദ്യ പ്രയോഗിച്ചാലും കൂലിയുടെ അമിതമായ കൂടുതൽകൊണ്ടു ആസ്ത്രേലിയായിലും തെക്കേ ആഫ്രിക്കായിലുംനിന്നു വരുന്ന പഴങ്ങളോടു മത്സരിക്കുവാൻ പ്രയാസം നേരിടുന്നു. ഓസ്ത്രേലിയായിൽനിന്നു ഒരു പൈനാപ്പിൾ ബോംബെയിൽ കൊണ്ടുവരുന്നതിനു കപ്പൽകൂലി ഒരണയേയുള്ളു. എന്നാൽ തിരുവിതാംകൂറിൽനിന്നു ഒരു പൈനാപ്പിൾ ബോംബെയിൽ കൊണ്ടുപോകുന്നതിനു അഞ്ചോ ആറോ അണയുണ്ടു്. ഈ ഭയങ്കരമായ കൂലിനിരക്കിനു് കുറവുവരുത്തുവാൻ ഓസ്ത്രേലിയായ്ക്കുസ്വന്തം കപ്പൽ ഉള്ളതുപോലെ തിരുവിതാംകൂറിനും സ്വന്തംകപ്പൽ വേണമായിരിക്കാം.

ഓറിയൻറൽ

ഗവണ്മെൻറ് സെക്യൂരിററി ലൈഫ് അഷ്വറൻസ് കമ്പനി (ക്ലിപ്തം)

1874-ൽ സ്ഥാപിച്ചതു് — ഹെഡാഫീസ് : ബോംബെ

1935-ലെ പ്രവർത്തനഫലം

പുതിയ പാളിസികൾ	ക.	8,89,89,149
വർഷത്തിലെ വരവു്	ക.	3,49,16,412
നിലവിലുള്ള പാളിസികൾ	ക.	59,25,32,038
ആകെകൊടുത്തുതീർത്ത അവകാശസംഖ്യ	ക.	17,43,21,855
നിക്ഷേപസംഖ്യ	ക.	17,01,62,491

ഈകാണിച്ച കണക്കുകൾ ഇൻഡ്യയിലെ രക്ഷാഭോഗകമ്പനികളിൽ മുന്നണിയിൽ നിൽക്കുന്ന

ഓറിയൻറൽ

കമ്പനിയുടെ ഉറപ്പിനേയും പ്രചാരത്തേയും ധാരാളമായി വിളിച്ചുപറയുന്നു

ഒട്ടുംതന്നെ താമസിയാതെ പ്രചാരവും പുരോഗമനവും ഉള്ള ഈ

ഇന്ത്യൻ ലൈഫ് ആഫീസിൽ ഒരു പാളിസി എടുക്കുക

കൂടുതൽ വിവരങ്ങൾക്കു്

എസ്. രാമസ്വാമി അയ്യർ,

ബ്രാഞ്ച് സെക്രട്ടറി, ഓറിയൻറൽ ലൈഫ് ആഫീസ്,
67-68, മെയിൻറോഡ്, തിരുവനന്തപുരം

എന്ന വിലാസത്തിലോ താഴെ കാണിക്കുന്ന കമ്പനിയുടെ ഏതെങ്കിലും മററു ആഫീസുകളിലേക്കോ എഴുതി ചോദിക്കുക

ആഗ്രാ	കൽക്കത്ത	ജൽപൈഗുരി	മധുര	റായ്പൂർ
അജ്മീർ	കോഴിക്കോട്ട്	ജോഡ്പൂർ	മെർകാറാ	രാജ്ഷാഹി
അഹമ്മദാബാദ്	കോയമ്പത്തൂർ	ജബൽപൂർ	മൊമ്പാസാ	റാഞ്ചി
അലഹബാദ്	കൊളംബൊ	കറാച്ചി	മുൾട്ടാൻ	രംഗൂൺ
അംബാല	ഡാക്കാ	കോലാലംപൂർ	മൈസൂർ	റാവൽപിണ്ടി
അമൃത്സാർ	ഡെൽഹി	ലാഹോർ	നാഗപൂർ	സിംഗപൂർ
ബാംഗളൂർ	ഗൌഹത്തി	ലക്നൌ	പാട്നാ	സുക്കൂർ
ബറില്ലി	ഗുൺടൂർ	മദിരാശി	പെഷ്‌വാർ	തൃശ്ശിനാപ്പള്ളി
ബെല്ലാരി	ജൽഗാൺ	മാണ്ടലേ	പൂനാ	വിശാഖപട്ടണം

'രൂപീകരിക്കുക'

—

(ഐ. സി. ചാക്കൊ)

മഹാകവി കട്ടക്കയത്തെ അനുസ്മരിക്കുന്നതിനായി ഈയിടെ പാലായിൽ കൂടിയ രണ്ടാമത്തെ യോഗത്തിൽ ആദ്ധ്യക്ഷം വഹിച്ച മഹാകവി വള്ളത്തോൾ നാരായണമേനോൻ മലയാളത്തിൽ ഇപ്പോൾ നടപ്പുള്ള ചില അബദ്ധപ്രയോഗങ്ങളെ ചൂണ്ടിക്കാണിക്കുകയുണ്ടായല്ലൊ. അച്ചടി നിശ്ചിതസമയങ്ങളിൽ തീർക്കേണ്ടതായ ഒരു തൊഴിലായി മാത്രം ഗണിക്കുന്ന അച്ചടിക്കാർ ശബ്ദശുദ്ധിയും മററും നോക്കാതെ പലതും അച്ചടിച്ചു വിട്ടുപോകുന്നുണ്ട്. അച്ചടിച്ചു കാണുന്നതെല്ലാം ശരിയെന്നു വിചാരിച്ച് അച്ചടിക്കാരുടെ അബദ്ധങ്ങളെ സുബദ്ധങ്ങളെന്നു കരുതി പ്രയോഗിക്കുന്ന പല യുവലേഖകന്മാരും ഉണ്ടായിരിക്കാം.

"പ്രതിനിധീകരിക്കുക" എന്ന അബദ്ധപ്രയോഗത്തെ ഞാനും ഒരിക്കൽ ചൂണ്ടിക്കാണിക്കുകയുണ്ടായിട്ടുണ്ട്. "പ്രതിനിധീകരിക്കുക" എന്നു പറഞ്ഞാൽ പ്രതിനിധി അല്ലാത്തവനെ പ്രതിനിധിയാക്കുക എന്നാണല്ലൊ അർത്ഥം. ഈ പ്രയോഗത്തിനു "സമ്പദ്യകർത്തരിപ്രയോഗം" എന്നു പാണിനിയും "അഭൂതതത്ഭാവപ്രയോഗം" എന്നു വാർത്തികകാരനും പേർപറയുന്നു. ഒന്നല്ലാത്തതിനെ അതാക്കുക എന്നാണു അഭൂതതത്ഭാവം എന്നു പറയുന്നതിന്റെ സാരം. ഇങ്ങനെയിരിക്കെ "കോട്ടയത്തെ പ്രതിനിധീകരിക്കുക" എന്നു പറഞ്ഞാൽ പ്രതിനിധി അല്ലാത്ത കോട്ടയത്തെ പ്രതിനിധിയാക്കുക എന്നാണർത്ഥം. ഇതല്ല ഇതു പ്രയോഗിക്കുന്നവരുടെ ഉദ്ദേശമെന്നു നമുക്കറിയാമല്ലൊ. "കോട്ടയത്തെ പ്രതിനിധീകരിക്കുന്ന" ഇന്നാർ എന്നതിനു പകരം "കോട്ടയത്താൽ പ്രതിനിധീകരിക്കപ്പെട്ടിരിക്കുന്ന" ഇന്നാർ എന്നു പറയുന്നതാണു ശരിയായിട്ടുള്ളത്.

എന്നാൽ ഇതൊന്നുമല്ല എന്റെ ഈ ലേഖനത്തിന്റെ പ്രധാന ഉദ്ദേശം. പഴഞ്ചൊല്ലിലെ "കോഴി കട്ടകള്ള"ന്റെ ചിത്തവൃത്തിപോലെയുള്ള ഒരു ചിത്തവൃത്തിയാണ് എന്നെ ഇപ്പോൾ പ്രേരിക്കുന്നത്. "രൂപീകരിക്ക" എന്നുള്ള പ്രയോഗം തെററാണെന്നു മഹാകവി നാരായണമേനോൻ പറയുന്നു. എന്നാൽ "രൂപീകരിക്ക" എന്നു ഞാൻ സാധാരണമായി പ്രയോഗിക്കാറുണ്ട്. മററു പലരും "രൂപവൽക്കരിക്കുക" എന്നാണ് പ്രയോഗിക്കാറുള്ളത് എന്ന് അറിഞ്ഞിരുന്നിട്ടും ഞാൻ "രൂപീകരിക്ക" എന്നു തന്നെയാണ് പ്രയോഗിക്കുന്നത്. ഇതിൽ എന്താണ് അബദ്ധമുള്ളതെന്ന് ആരെങ്കിലും സകാരണം തെളിയിക്കുന്നതുവരെ അങ്ങനെ പ്രയോഗിക്കുന്നതിനുമാണ് ഞാൻ നിശ്ചയിച്ചിരിക്കുന്നത്. ഈ പ്രയോഗം സുബദ്ധമാണെന്നു വിചാരിക്കുന്നതിന് എനിക്കുള്ള കാരണങ്ങൾ പറയണമല്ലൊ.

"രൂപീകരിക്ക" എന്നു പറയുമ്പോൾ രൂപമില്ലാത്തതിനെ രൂപമാക്കുക എന്നല്ല എന്റെ വിവക്ഷ. രൂപിയല്ലാത്തതിനെ രൂപിയാക്കുക എന്നാണ്. "രൂപവത്" എന്ന ശബ്ദം "രൂപമുള്ള"എന്നർത്ഥമുള്ള മതുബർത്ഥീയ തദ്ധിതം ആണല്ലൊ. എന്നാൽ "അത ഇനി ഠനൌ" എന്ന പാണിനി സൂത്രപ്രകാരം അകാരത്തിൽ അവസാനിക്കുന്ന സകല ശബ്ദങ്ങളിൽനിന്നും "ഇനി" "ഠൻ" എന്ന പ്രത്യയങ്ങൾ ചേർത്തു, മതുബർത്ഥീയ തദ്ധിതങ്ങൾ ഉണ്ടാക്കാമെന്നു സ്പഷ്ടമാണ്. ഈ സൂത്രം അനുസരിച്ചാണു "ബലവാൻ" എന്നുള്ള അർത്ഥത്തിൽ "ബലി" എന്നും മററും നാം പ്രയോഗിക്കുന്നത്. "ഠൻ" പ്രത്യയം ചേർത്ത് ഈ അർത്ഥത്തിൽ തന്നെ "ബലിക" എന്ന തദ്ധിതവും നമുക്കു നിഷ്പാദനം ചെയ്യാം. എന്നാൽ ഈ തദ്ധിതരൂപം സാധാരണമായി സംസ്കൃതത്തിലും മലയാളത്തിലും പ്രയോഗിക്കപ്പെട്ടുകാണുന്നില്ല. "ഇനി" പ്രത്യയാന്തങ്ങളായ "ബലി" "കരി" "ഹസ്തി" ഇത്യാദി ശബ്ദങ്ങൾ സുലഭങ്ങളുമാണ്. ഈ സൂത്രപ്രകാരം "രൂപവത്" എന്നതിനു പകരം "രൂപി" "രൂപിക" എന്ന രൂപങ്ങൾ വൈകല്പികമായി നമുക്കു സ്വീകരിക്കാവുന്നതാകുന്നു.

ഇനിയും അഭൂതതത്ഭാവപ്രയോഗത്തിൽ "രൂപിൻ" (രൂപി) എന്ന ശബ്ദത്തിന് എന്തുവികാരം വരുമെന്നുള്ളതാണ് ആലോചിക്കുവാനുള്ളത്. ഇതിനെ സംബന്ധിച്ചുള്ള പാണിനി സൂത്രങ്ങളെല്ലാം ഇവിടെ ഉദ്ധരിച്ചു വിവരിക്കുന്നതു പ്രയാസമായിരിക്കുന്നു. എന്നാൽ അഭൂതതത്ഭാവ പ്രയോഗത്തിൽ ഇതു "രൂപീകരിക്ക" എന്നായിത്തീരുമെന്നു വൈയാകരണന്മാർ സമ്മതിക്കുമെന്നു ഞാൻ വിചാരിക്കുന്നു. ഇങ്ങനെ "രൂപീകരിക്ക" എന്നുള്ളതു രൂപവൽക്കരിക്ക എന്നതുപോലെതന്നെ സുബദ്ധമാണെന്നാണു ഞാൻ ധരിച്ചിരിക്കുന്നത്.

"രൂപവൽക്കരിക്കുക" എന്നുള്ള അർത്ഥത്തിൽ "രൂപീകരിക്കുക" എന്നോ "രൂപികീകരിക്കുക" എന്നോ വൈകല്പികമായി പ്രയോഗിക്കാമെന്നാണു ഞാൻ കാണുന്നത്. എന്റെ ഈ അനുമാനത്തിൽ വല്ല അബദ്ധവുമുണ്ടെങ്കിൽ അതു ചൂണ്ടിക്കാണിച്ചു തരുന്നവരോടു ഞാൻ കൃതജ്ഞനായിരിക്കും. പിന്നെ ഞാൻ "രൂപീകരിക്കുക" എന്നു പ്രയോഗിക്കുകയുമില്ല.

—

മനക്കോടം കെ. കേശവൻവൈദ്യരുടെ

മലേറിയാസിദ്ധൗഷധം

ഈ ഗുളിക ഒരു കൊല്ലത്തിൽ കവിഞ്ഞു പഴകിയ മലമ്പനിക്കു രണ്ടു പ്രാവശ്യവും അല്ലാത്തതിനു ഒരു പ്രാവശ്യവും സേവിച്ചാൽ പൂർണ്ണസുഖംവരും. യാതൊരു സംശയവുമില്ല. കൊടുത്തു പരീക്ഷിച്ച പല വൈദ്യന്മാരും നൂററുക്കു നൂറുശതമാനവും സുഖപ്പെട്ടുമെന്നു അഭിപ്രായപ്പെട്ടിരിക്കുന്നു.

ഒരു ഡസൻ ഗുളികയ്ക്കു വില രൂ. 1. ണ. 4.

വി. പി. ചെലവു പുറമെ

കെ. കേശവൻവൈദ്യൻ മനക്കോടം, ചേർത്തല, തുറവൂർ.

1111 ഇടവം 29

V

(സീ. വി. കുഞ്ഞുരാമൻ)

സ്വാമിയും ആശാനും ടി. കെ. യും പോയ സ്ഥലത്തേക്ക് പോകാമെന്നു ഞാൻ ദൂതനോടു പറഞ്ഞു.

ദൂതൻ—നാം അവിടെ ചെല്ലുമ്പോഴേക്കു അവർ ദേവസഭയിലേക്കു മടങ്ങിയിരിക്കും.

ഞാ—ഇന്നു സഭയുണ്ടോ?

ദൂത—സഭയില്ലാത്ത ദിവസം ദേവലോകത്തിലില്ലല്ലോ.

ഞാ—ഭൂലോകത്തിലും അങ്ങനെതന്നെ. ഭൂലോകവാസികൾ ത്രികാലവേദികളല്ലാത്തതുകൊണ്ടു അന്നന്നു കണ്ടതിനെ വാഴ്ത്താനും താഴ്ത്താനും അന്നന്നു സഭകൂടേണ്ടിയിരിക്കുന്നു. ദേവന്മാർ ത്രികാലവേദികളാണല്ലോ. അവരെന്തിനു എന്നും സഭകൂടുന്നു?

ദൂ—എന്നും സഭകൂടി വിനോദിക്കുന്നതോ?

ഞാ—സഭകൂടുന്നതു വിനോദത്തിനാണോ?

ദൂ—അധികവും അതിനുതന്നെ. ചിലപ്പോൾ വല്ല കാര്യവും ഉണ്ടായി എന്നും വരാം.

ഞാൻ—ഇന്നു സഭകൂടുന്നതു വല്ല കാര്യവും ഉണ്ടായിട്ടോ അതോ വെറും വിനോദത്തിനോ?

ദൂ—നാരായണഗുരുസ്വാമി വെറും വിനോദത്തിനു പോകുമോ?

ഞാ—ഇപ്പോൾ എന്തിനാണു സഭകൂടുന്നതെന്നു അറിയാമോ?

ദൂ—അവിടെ ചെന്നിട്ടറിഞ്ഞാൽ പോരേ?

ഞാ—സഭയുടെ നോട്ടീസ് പ്രസിദ്ധപ്പെടുത്തിയിട്ടില്ലേ? അതിൽ കാണുമല്ലോ കാര്യമെന്താണെന്ന്.

ദൂ—ദേവലോകത്തും ഒരു "ശ്രീനാരായണധർമ്മപരിപാലനസഭ" സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു ആലോചിക്കുവാനാണെന്നു കേട്ടു.

ഞാ—ദേവന്മാർ അതിനു അനുവദിക്കുമോ? ദേവസഭതന്നെ "സുധർമ്മ"യല്ലേ? അവിടെ എന്തിനാണു മറെറാരു ധർമ്മപരിപാലനയോഗം.

ദൂ—ആ സംശയം എനിക്കു ഇല്ലാതേയില്ല.

ഞങ്ങൾ ദേവലോകത്തേക്ക് തിരിച്ചു. ദേവലോകത്തെ ശരിയായി വർണ്ണിക്കുവാൻ കഴിയുന്ന ഒരാൾക്കു പിന്നെ വർണ്ണിക്കുവാൻ കഴിയാത്തതായി ഒന്നും തന്നെ ഇല്ല. അവിടത്തെ പുല്ലുകൾ, ചെടികൾ, ലതകൾ, വൃക്ഷങ്ങൾ അവയുടെയെല്ലാം പൂക്കൾ, അവയുടെ ശബളവർണ്ണം, അവയിൽനിന്നു ഇളകുന്ന പരിമളം, ഉഷ്ണവും തണുപ്പും ഇല്ലാതെ എപ്പോഴും വീശിക്കൊണ്ടിരിക്കുന്ന മന്ദവായു, സ്ഫടികത്തേയും ജയിക്കുന്ന നിർമ്മലതയോടുകൂടിയ ജലം, അപ്സരസ്സുകൾ ജലക്രീഡ നടത്തുന്ന മാനസസരസ്സ്, ആ സരസ്സിൽ വിഹരിക്കുന്ന രാജഹംസങ്ങൾ, നന്ദനോദ്യാനത്തിലെ വൃക്ഷശാഖകളിൽ ഇരുന്നു പാടുന്ന കിളികൾ, നീരന്ധ്രനികുഞ്ജങ്ങളുടെ പുഷ്പാസ്തൃതമരതകശിലാതലങ്ങളിൽ സ്വകാര്യമായി കേൾക്കപ്പെടുന്ന ഭണിതമണിതങ്ങൾ, കല്പവൃക്ഷങ്ങളുടെയിടയിൽ കളകളമുണ്ടാക്കിക്കൊണ്ടിരിക്കുന്ന ദേവകന്യകമാരുടെ കണ്ണുപൊത്തിക്കളികൾ, ഇവയൊക്കെ വർണ്ണിക്കാൻ തുടങ്ങിയാൽ അവിടെനിന്നു മനസ്സിനെ പിൻതിരിപ്പിക്കുവാൻ പ്രയാസം നേരിടും. അതിനാൽ പ്രകൃതിവിശേഷങ്ങളെ നിരീക്ഷിക്കുവാൻ വിളംബിക്കാതെ കൃത്യസമയത്തു സഭയിലെത്തണമെന്നു നിശ്ചയിച്ചു നേരെ നന്ദനോദ്യാനത്തിൽകൂടി അമരാവതിനഗരിയിലേക്ക് നടന്നു. അനേകം തെരുവുകളും കോട്ടമതിലുകളും കടന്നുവേണം നഗരാന്തർഭാഗത്തിലെത്തുവാൻ.

സ്വർഗ്ഗത്തിലേക്ക് കയറി പോകുവാനുള്ള നവരത്നഖചിതങ്ങളായ കോണിപ്പടികളിൽ പാദസ്പർശം ചെയ്യുവാൻതന്നെ ഞാൻ നന്നേ അറച്ചു. കോണിപ്പടി കയറി അമരാവതിയുടെ തെക്കെ ഗോപുരദ്വാരത്തിൽ എത്തി. ഗോപുരംതന്നെ നവരത്നഖണ്ഡങ്ങൾകൊണ്ട് നിർമ്മിക്കപ്പെട്ടതാണ്. വിശ്വകർമ്മാവിന്റെ ശില്പകലാകൗശലം ആ ഗോപുരത്തിൽ കണ്ടതു് എങ്ങനെയാണു വർണ്ണിക്കേണ്ടതു്? പുരാണപ്രസിദ്ധന്മാരും ചരിത്രപ്രസിദ്ധന്മാരുമായ സകല സ്ത്രീപുരുഷന്മാരുടെയും രൂപങ്ങൾ സജീവങ്ങളെന്നു തോന്നത്തക്കവണ്ണം അതിൽ കൊത്തി വച്ചിട്ടുണ്ട്. ബുദ്ധമുനിയുടെ രൂപം എല്ലാററിനും നടുനായകമായി വിളങ്ങുന്നതുകണ്ടു ഞാൻ കുറെനേരം ആ രൂപത്തെത്തന്നെ ധ്യാനിച്ചു നിന്നുപോയി. ശ്രീകൃഷ്ണൻ, ശ്രീശങ്കരൻ, ശ്രീചൈതന്യൻ, ശ്രീരാമാനുജൻ, മുതലായവരുടെ രൂപങ്ങളും ഉചിതസ്ഥാനങ്ങളിൽ നിർമ്മിക്കപ്പെട്ടിരുന്നു. ക്രിസ്തുവിന്റേയും നബിയുടേയും രൂപം ആ കൂട്ടത്തിൽ ഉണ്ടോ എന്നു ഞാൻ നോക്കിയിട്ടു കാണായ്കയാൽ ദൂതനോടു ചോദിച്ചു.

ദൂ—അവരുടെ സ്വർഗ്ഗം ഇതല്ലല്ലോ.

ഞാ—ആ രണ്ടു മഹാത്മാക്കളും ഒരു സ്വർഗ്ഗത്തിലാണോ, രണ്ടു സ്വർഗ്ഗത്തിലാണോ?

ദൂതൻ അതിനുത്തരം പറയുംമുമ്പേ സുന്ദരിയായ ഒരു ദേവകന്യക ഒരു കല്പദ്രുമനവപുഷ്പഹാരവുമായി മന്ദഹസിച്ചുകൊണ്ടു ഞങ്ങളെ എതിരേൽക്കുവാനായി വന്നു. ആ സുന്ദരിയുടെ പ്രസന്നമായ മുഖവും മന്ദഹാസവുംകണ്ടു ഞാൻ ഒന്നന്ധാളിച്ചു. ശൃംഗാരലജ്ജാഭാവത്തോടുകൂടി പുഷ്പഹാരം എന്റെ കണ്ഠത്തിൽ അർപ്പിക്കുവാൻ മുമ്പോട്ടടുത്തുകൊണ്ടു പെട്ടെന്നു സംശയിച്ചു പുറകോട്ടുമാറി ദൂതന്റെ മുഖത്തു നോക്കി. ഈ അഭിനയം എന്തെന്നു എനിക്കു മനസ്സിലായി എങ്കിലും ദൂതനു മനസ്സിലായോ എന്നറിയാനായി ഞാനും ദൂതന്റെ മുഖത്തു നോക്കി. ഏതോ ഒരു കൊച്ചീരാജാവിനെക്കുറിച്ചുള്ള താഴെക്കാണുന്ന വർണ്ണനയിൽനിന്നു ദേവലോകത്തിലെ ആചാരമര്യാദകൾ നമുക്കു ഏകദേശം ഊഹിക്കാമല്ലോ.

കേറേറീടുന്ന മാടക്ഷിതിപനൊടുരണം-
ചെയ്തു ശത്രുക്ഷിതീശ
പ്രൗഢന്മാർ നാടുനീങ്ങി ത്രിദശവരപുരേ
ചെന്നുചേരും ദശായാം
കൂട്ടം കൂട്ടം നിനക്കല്ലരചനിവനെ നി-
ക്കൊന്നെനിക്കെന്നു തമ്മിൽ
തേടും മാടസ്സുനീനാം ശിവശിവ പറയാം-
വല്ല തിക്കും തിരിക്കും.

ദൂ—(മന്ദഹസിച്ചുകൊണ്ട് അവളോടായി) ചിത്രഗുപ്തന്റെ അനുവാദം കണക്കു പിണക്കുണ്ടായി. നിരാശപ്പെടേണ്ട. മടങ്ങിപ്പോയിട്ടു കുറെകാലം കഴിഞ്ഞു തിരികെവരും. അതുവരെ ക്ഷമിക്കുക.

ദേവകന്യക പെട്ടെന്നു പിൻതിരിഞ്ഞു ഞങ്ങളുടെ മുൻപിൽനിന്നു മറഞ്ഞു. ഇച്ഛാഭംഗത്തോടുകൂടിയാണോ

മടങ്ങിപ്പോയതെന്നു സൂക്ഷ്മമറിയാൻ കഴിഞ്ഞില്ല. ഞങ്ങൾ ഗോപുരദ്വാരംകടന്നു. വിദ്യാധരന്മാരുടെ തെരുവിലേക്കാണു ഞങ്ങൾ കടന്നതു്. അങ്ങുമിങ്ങും മൂന്നോ നാലോ വിദ്യാധരദമ്പതികളെ മാത്രമേ അവിടെ കണ്ടുള്ളു.

ഞാൻ—(ഭൂതനോടു) എന്താണു ഈ തെരുവു് ഇത്ര ശൂന്യമായി കാണപ്പെടുന്നതു്.

ഭൂതൻ—വിദ്യാധരന്മാർ ചൈനയിലും, സ്പെയിനിലും മററും യുദ്ധംകാണുവാൻ പോയിരിക്കയാണ്.

ആ തെരുവുകടന്നു അപ്സരസ്സുകളുടെ തെരുവിലേക്കുള്ള ഗോപുരദ്വാരത്തിൽ ചെന്നപ്പോൾ മുൻപുകണ്ടതിൽ കുറേക്കൂടി ലളിതാംഗിയായ ഒരു അപ്സരസ്സ് പുഷ്പമാല്യവുമായി വന്നു. അവളും മുൻപുകണ്ട വിദ്യാധരിയുടെ അഭിനയങ്ങളൊക്കെ നടത്തി മടങ്ങി. അടുത്ത തെരുവു് യക്ഷന്മാരുടേതായിരുന്നു. ആ തെരുവിലും അതിനടുത്തുള്ള രക്ഷസ്സുകളുടെ തെരുവിലും ആരുംതന്നെ ഉണ്ടായിരുന്നില്ല.

ഞാ:—എന്താണു ഈ രണ്ടു തെരുവുകളും കേവലം ശൂന്യമായി കാണപ്പെടുന്നതു്.

ഭൂ:—എല്ലാവരുമിപ്പോൾ ഭൂലോകവാസമാണ്.

ഞാ:—അങ്ങുമിങ്ങും ചില യക്ഷികളുടേയും രക്ഷസ്സുകളുടേയും ഉപദ്രവങ്ങൾ ഭൂലോകത്തിൽ ചിലപ്പോഴൊക്കെ ഉണ്ടാകുന്നതായി പറഞ്ഞു കേട്ടിട്ടുണ്ടു്. യക്ഷരാക്ഷസന്മാർ കുറച്ചുപേരെ ഉള്ളോ?

ഭൂ—വളരെ വളരെയുണ്ടു്. അവരൊക്കെ ഇപ്പോൾ മനുഷ്യാവതാരമെടുത്തു ഭൂമിയിൽ കഴിച്ചുകൂട്ടുകയാണ്.

ഞാ:—ഭൂമിയിൽ ഇന്നു കാണുന്ന അനൎത്ഥങ്ങൾക്കെല്ലാം യഥാൎത്ഥകാരണം എന്തെന്നു എനിക്കിപ്പോൾ മനസ്സിലായി.

ആ രണ്ടു തെരുവുകളും കടന്നു ഞങ്ങൾ ഗന്ധൎവ്വവീഥിയിലെത്തി. ഗന്ധൎവ്വവീഥി ഒരു വലിയ പൂന്തോട്ടമാണ്. ഏതെല്ലാംതരം പുഷ്പങ്ങൾ അവിടെ ഉണ്ടെന്നു പറവാൻ നിവൃത്തിയില്ല.

ഞാൻ:—ഇവിടെ എനിക്കു ഒരു പരിചയക്കാരനുണ്ടു്. അദ്ദേഹത്തെ ഒന്നു കണ്ടാൽ കൊള്ളാമായിരുന്നു.

—o—

കവിതാപംക്തി

വാസ്തവം

(കെ. കെ. രാഘവപ്പണിക്കർ)

ഇല്ല, സ്നേഹിക്കുന്നില്ല ഞാൻ നിന്നെ-
ത്തെല്ലു; മെന്നാലും ചൊല്ലുവൻ
കല്യേ! നീയെന്നെ വിട്ടകലുവ-
തല്ലലേററിടാം കൊല്ലുന്നു!
എന്നുമല്ല, യന്നീല നിൎമ്മല
സുന്ദരാംബര വീഥിയിൽ
മിന്നും വിണ്ണിൻ വിളക്കുകൾ—രാഗം
ചിന്നും പൊന്നണിത്താരകൾ
നിൎണ്ണയം നിന്നെക്കണ്ടു കൌതുകാ
പൂൎണ്ണമേറവന്നസൂയമെ.

ഇല്ല, സ്നേഹിക്കുന്നില്ല; തിൻപൊരുൾ
തെല്ലുമോരാവല്ലെങ്കിലും
താവകാദ്ഭുത വൃത്തികളൊക്കെ
താവും മോദസമന്വിതം
നിൎവ്വികല്പമെനിക്കായ്ത്തന്നെ നീ
നിൎവ്വഹിപ്പതായ്ക്കാണ്മു ഞാൻ.
ശാന്തമോഹനമാകുമേകാന്ത
സന്ധ്യതോറുമിങ്ങെന്തിനൊ
താന്തനായ് നെടുവീൎപ്പുമിട്ടു നി-
താന്തമേലുന്നക്ഷാന്തി ഞാൻ.

ഇല്ല, സ്നേഹിക്കുന്നില്ല; യെങ്കിലു-
മല്ലിലുൽഫുല്ല താരപോൽ
ഉല്ലസിക്കും നീ നല്പദമലർ
മെല്ലെവച്ചു മറയവെ,
എന്നിലാസ്ഥകലൎന്നു മൽപ്രിയർ
നന്ദിച്ചോതും മൊഴികളും
കേവലമെന്നു നണ്ണി നിഷ്ഫലം
ഹാ! വെറുപ്പു ഞാൻ;—എന്തെന്നാൽ
മൽ ശ്രുതികളിൽ തങ്ങും തവ ഗാന
സംശ്രുതാമോദ വാണിതൻ
മാറൊലിയെ മറുത്തപസ്വര-
മേററിടുന്നതെൻ വേണുവിൽ.

ഇല്ല സ്നേഹിക്കുന്നില്ല; യെന്നാലു-
മുല്ലസൽ പ്രേമ ദീപ്തമായ്
ഭാവമോഹന കാവ്യനിഷ്യന്ദ
ഭാവുകോക്തി മൊഴിവതായ്
ഹാ! തിളങ്ങും നിൻ താരണിമിഴി
പാതിരാവിലെൻ മുന്നിലായ്
വിണ്ടലത്തിലുയൎന്നുദിപ്പതു
കണ്ടു കൌതുകംകൊൾവൂ ഞാൻ.

ഇല്ല സ്നേഹിക്കുന്നില്ല; യന്നില
തെല്ലുമോരാത്ത നിൎദ്ദയർ
ദുൎല്ലഭം ചിലരെന്നിൽ സംശയ
ശല്യമേറവന്നതെന്നിയെ,
കൂട്ടരൊത്തു രസിച്ചു കള്ളക്ക-
ണ്ണിട്ടു കൌശലപൂൎവ്വകം
രഥ്യസീമയിലെത്തിപ്പുഞ്ചിരി-
ച്ചുത്തലേറവന്ന നഹമായ്.
ഇല്ല സ്നേഹിക്കുന്നില്ല ഞാൻ നിന്നെ-
ത്തെല്ലു; മെന്നാലും ചൊല്ലുവൻ
സന്തതം നിന്നെത്തേടി യെൻമിഴി
സന്തപിപ്പതു വാസ്തവം!

—:—

എൻെറ മഹാഭാഗ്യം

ആർ ശിവതാണുവൻ തമ്പി

ഞാൻ ഇംഗ്ലീഷ് പള്ളിക്കൂടത്തിൽ പഠിച്ചിട്ടേയില്ല. എന്നാൽ ഇംഗ്ലീഷ് കറസ്പാണ്ടൻസ് സ്കൂളിൽ നിന്നു എ. ബി. സി. മുതൽ പഠിച്ചു് 108 വൃശ്ചികമാസത്തിൽ തിരുവനന്തപുരത്തുവച്ചു നടന്ന കേംബ്രിഡ്ജ് സീനിയർ പരീക്ഷയിൽഏററവും പ്രശസ്തമായ രീതിയിൽ ജയിച്ചു് തിരുവനന്തപുരത്തു് ആർട്ട്സ്കാളേജിൽ ചേരുന്നതിനു സാധിച്ചിരിക്കുന്നു. ഇതിലേക്കുവേണ്ട പാഠപ്പുലബിച്ചതു് ഇംഗ്ലീഷ് കറസ്പാണ്ടൻസ് സ്കൂളിൽ നിന്നുമാണ്. ഈ സ്കൂളിലെ ആദ്യവൎഷത്തെ പഠിപ്പിലേക്കു ഫീസ്രൂപാ 15-ം മൂന്നുതവണകളിലായി അടച്ചുതീൎക്കാം. മുൻകൂർരൂപാ 10. ആക്കും സ്വഗൃഹങ്ങളിൽ താമസിച്ചു് സ്വന്തംജോലിക്കു് വിഘ്നംകൂടാതെ പഠിക്കാം.

ആ സ്കൂളിലെ ആദ്യവൎഷത്തെ പഠിപ്പിൽനിന്നും ഞാനാശിച്ചിരുന്നതിൽ ഇരട്ടിയോളം കൂടുതൽപഠിപ്പു് എനിക്കു ലഭിച്ചിരിക്കുന്നതിനാൽ വൎഷാവസാന പരീക്ഷയ്ക്കുള്ള ഫീസ് രൂപാ അഞ്ചും എൻെറ പാരിതോഷികമായ രൂപാ പത്തും സ്വീകരിച്ചു എന്നെ അനുഗ്രഹിപ്പാനപേക്ഷ." 1—9—34, സി. പി. മുഹമ്മദു, സിലോൺ

കേംബ്രിഡ്ജ് സീനിയറിന് പഠിപ്പിക്കുന്നതിൽ അവിടുന്നു ആവശ്യപ്പെടുന്ന തുക തന്നുകൊള്ളാം. ഇതു സഹിതം അയക്കുന്ന കമ്പിമണിയാർഡർ സ്വീകരിച്ചു് പാഠങ്ങൾ അയച്ചുതരണമല്ലൊ. സി. പി. മുഹമ്മദ്, സിലോൺ.

അപേക്ഷിക്കേണ്ടും മേൽവിലാസം,

ആർ. അച്യുതൻതമ്പി ബി. ഏ.,
ഇംഗ്ലീഷ് കറസ്പാണ്ടൻസ്സ്കൂൾ,
കല്ലാലക്കടവു (അഞ്ചൽ) തിരുവനന്തപുരം (പോസ്റ്റ്)

ചെറുകഥ

തകർന്നഹൃദയം

(കെ. വേലായുധൻ, വക്കീൽ, വൈക്കം)

ഐറീഷ് രാജ്യത്തിലെ ആ സ്വരാജ്യസ്നേഹിയായ ധീരയുവാവിന്റെ ദുഃഖപര്യവസായിയായ കഥ ആരും ഓർമ്മിച്ചിരിക്കും; അതിനെ അത്ര ക്ഷണം വിസ്മരിക്കുകയെന്നതു് മർമ്മഭേദകമായ ഒരു സംഗതിയാണ്. ഐറിഷ് രാജ്യത്തിലെ ആഭ്യന്തരകലഹകാലത്തു് അദ്ദേഹത്തെ രാജദ്രോഹക്കുററത്തിനു് വിസ്തരിച്ചു തൂക്കിക്കൊല്ലുകയുണ്ടായി. അദ്ദേഹത്തിന്റെ ദുഃഖകരമായ ആ വിധിവിഹിതത്തിൽ ലോകരുടെ ഹൃദയാങ്കണത്തിൽ അനുകമ്പാസമന്വിതമായ ഒരു സ്ഥാനം അടിയുറച്ചു. അദ്ദേഹം അത്ര യൗവ്വനയുക്തനായിരുന്നു—അത്ര ബുദ്ധിമാനായിരുന്നു—അത്ര ഉദാരമതിയായിരുന്നു—അത്ര ധീരനായിരുന്നു—അത്ര സർവ്വം തികഞ്ഞു്, ഒരു യുവാവിനു കാണേണ്ട സൽഗുണങ്ങളും സമ്പൂർണ്ണമായി തെളിഞ്ഞിരുന്ന ഒരാളായിരുന്നു. വിസ്താരമദ്ധ്യേയും അദ്ദേഹത്തിന്റെ സ്വഭാവം വളരെ മഹനീയവും ഉൽകൃഷ്ടതരവുമായിരുന്നു. അദ്ദേഹത്തിന്റെ രാജ്യത്തിന്റെ ആദർശത്തിനെതിരായുള്ള ആ രാജദ്രോഹക്കുററാരോപണത്തെ അദ്ദേഹം സ്വയം സ്വീകരിച്ച സന്ദർഭത്തിലുള്ള ആ ഉൽക്കൃഷ്ടമായ ഗൗരവം—അദ്ദേഹത്തിന്റെ പെരുമയുടെ പ്രശസ്തമായ കേൾവി—അദ്ദേഹത്തെ തൂക്കിക്കൊല്ലുന്നതിനായി വിധികല്പിച്ച ആ നിർഭാഗ്യസന്ദർഭത്തിൽ അദ്ദേഹത്തിന്റെ അനുഗാമികളുടേയും രാജ്യത്തിന്റെയും നേരെ പ്രദർശിപ്പിച്ച ആ മർമ്മഭേദകമായ യാത്ര പറച്ചിൽ—ഈ സംഗതികളെല്ലാം ആ രാജ്യത്തിലും വെളിയിലും ഉള്ള എല്ലാ ഉദാരമതികളുടെയും അന്തരംഗത്തിൽ കടന്നു കൂടികൊണ്ടു; അദ്ദേഹത്തിന്റെ ശത്രുക്കൾപോലും ആ നീചമായ—നിഷ്ഠൂരമായ—പൈശാചികമായ നയത്തെ പ്രത്യക്ഷമായി അധിക്ഷേപിച്ചു. ഹൃദയംഗമമായി അവർ വ്യസനിക്കുകയും ചെയ്തു.

എന്നാൽ ഒരുവിധത്തിലും വർണ്ണിക്കുവാൻ പാടില്ലാത്തവണ്ണം അത്ര അനിവാര്യമായ വ്യഥ നിറഞ്ഞുലഞ്ഞുകൊണ്ടിരുന്ന ഒരു ഹൃദയമുണ്ടായിരുന്നു.........! സൗഭാഗ്യത്തിന്റെ ഭാസുരകിരണങ്ങളാൽ പ്രശോഭിതനായിരുന്ന നാളുകളിൽ ഐറിഷ്കാരനായ ഒരു ബാരിസ്റ്ററുടെ അതിസമർത്ഥയും സൗന്ദര്യവതിയുമായ ഒരു പുത്രിയുടെ സ്നേഹബഹുമാനങ്ങൾക്ക് ആ കോമളയുവാവ് പാത്രീഭൂതനായിരുന്നു. പ്രണയത്തിന്റെ പ്രാരംഭദശയിൽ ഒരുവൾ പ്രദർശിപ്പിക്കാറുള്ള അരസികത്വമൊ, പ്രതിരോധനങ്ങളൊ യാതൊന്നും തന്നെ പ്രകടിപ്പിക്കാതെ അവൾ അദ്ദേഹത്തെ സ്നേഹിച്ചു. ലോകജീവിതസഞ്ചാരണത്തിൽ വിവിധങ്ങളായ വൈഷമ്യങ്ങൾ വർദ്ധിച്ചുകൊണ്ടിരുന്നപ്പോഴും, ഐശ്വര്യവിജൃംഭിതത്വത്താൽ ആനന്ദതുന്ദിലനായിരുന്നപ്പോഴും, പേരും പെരുമയും അനിഷ്ടതരവും അപായകരവുമായ ഇരുട്ടിനാൽ ആവൃതമായിരുന്നപ്പോഴും അദ്ദേഹത്തിനുണ്ടായ കഷ്ടപ്പാടുകളിൽ പോലും അവൾ അദ്ദേഹത്തെ പൂർവ്വാധികം സ്നേഹിച്ചു. അദ്ദേഹത്തിന്റെ വിധിവിഹിതത്തിനു ശത്രുക്കളുടെ അനുകമ്പയെപ്പോലും ഉണർത്തുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ, അദ്ദേഹത്തിന്റെ മനോഹര വിഗ്രഹം പ്രതിഷ്ഠിതമായിരുന്ന ആ ലോലാംഗിയുടെ ജീവൻ അനുഭവിച്ചിട്ടുള്ള ദുഃഖം എത്ര അതിരില്ലാത്തതായിരുന്നിരിക്കണം! ആ യുവാവ് അവൾക്കുവേണ്ടി ജനിച്ചതാണെന്നും, അവൾ അദ്ദേഹത്തിനുവേണ്ടി ജീവിച്ചിരുന്നു എന്നും ആ നിർമ്മലഹൃദയ ഒരവസരത്തിൽ പ്രസ്താവിച്ചിരുന്നു. അവരുടെ പ്രണയമണ്ഡലത്തിലെ അനുരാഗകിരണങ്ങൾ ക്രമാതീതമായി വർദ്ധിച്ച് അതിന്റെ അഗാധതയിൽ അവൾ ലയിച്ചു മതിമറന്നു്, പരിപാവനവും നിർമ്മലവുമായ സ്നേഹസുധ പ്രവഹിച്ചുകൊണ്ടിരുന്ന ആ മനോഹരവിഗ്രഹത്തെ അനുഭാവവാഞ്ഛ കനിഞ്ഞുറഞ്ഞുകൊണ്ടിരുന്ന തന്റെ നയനസരോജങ്ങളാൽ നുകന്നു്, അർച്ചനകൾ ചെയ്തു് കരവല്ലികൾ കൂപ്പി തൊഴുതുനില്ക്കണമെന്നുള്ള ആ അഭിലാഷം മാത്രം ശേഷിക്കത്തക്കവണ്ണം അവരുടെ സ്നേഹം അത്ര പരിശുദ്ധമായ, അഗാധമായ, അത്ര ദിവ്യമായ അവസ്ഥയെ പ്രാപിച്ചിരുന്നു. അവരുടെ സ്നേഹവിശ്വാസങ്ങൾ പരമമായ നിലയിൽ എത്തിയിരുന്ന ഒരവസരത്തിൽ ആ യുവാവു നേരംപോക്കായി ആ പെൺകുട്ടിയെ ഒന്നു ശകാരിക്കുവാനിടയായി. അറിഞ്ഞി

തിരുവിതാംകൂർ നാഷണൽ ബാങ്ക്, ക്ലിപ്തം

ഹെഡ് ആഫീസ് : ആലപ്പുഴ

(1912-ൽ തിരുവിതാംകൂറിൽ രജിസ്റ്റർ ചെയ്യപ്പെട്ടതു്)

പിരിഞ്ഞ മൂലധനവും കരുതൽ ധനവും 31–12–1936 രൂപാ 14,11,000
നിക്ഷേപങ്ങൾ .... ,, 1,17,00,000
ആകെ റിസോഴ്സസ് .... ,, 2,12,00,000

ലണ്ടനിലെ ഏജന്റന്മാർ—ദി വെസ്റ്റ് മിൻസ്റ്റർ ബാങ്ക്, ലിമിററഡ്

ശാഖകൾ

ആലപ്പുഴ	എറണാകുളം	മംഗലാപുരം	ശ്രീരംഗം
ആലുവാ	കാരായ്ക്കുടി	മെർകാറാ	തലശേരി
ബാംഗ്ളൂർ	കോട്ടയം	മൂന്നാർ	തിരുവല്ല
ബോംബെ	കുംഭകോണം	നാഗരുകോവിൽ	തിരൂപ്പൂർ
കോഴിക്കോട്	മദ്രാസ്:—	ഉട്ടക്കമണ്ഡ്	തിരുനൽവേലി
ചങ്ങനാശേരി		പാലക്കാട്ട്	തൃശിനാപ്പള്ളി
കൊച്ചി	1. ബ്രാഡ്‌വേ	പറവൂർ	തൃശ്ശൂർ
കൊയമ്പത്തൂർ	2. മൗണ്ട്റോഡ്	പെരുമ്പാവൂർ	തൃപ്പൂണിത്തുറ
കണ്ണൂർ	3. മൈലാപ്പൂർ	പൊള്ളാച്ചി	തിരുവനന്തപുരം
കൊളമ്പ്	4. വെപ്പേറി	പുതുക്കോട്ട	തൂത്തുക്കുടി
ദേവികുളം	മധുര	കൊല്ലം	ഉഡുമൽപെട്ടി
ഡിൻഡിഗൽ	മാർത്താണ്ഡം	സേലം	വിരുദുനഗർ

ഉത്തരേന്ത്യയിലെങ്ങും ഏജൻസികൾ, ബാങ്കിങ് സംബന്ധിച്ച എല്ലാ പ്രവർത്തനങ്ങളും നടത്തപ്പെടും.

കെ. സി. ഈപ്പൻ, ബി. എ.
മാനേജിങ് ഡയറക്ടർ

രിക്കാനെയുള്ള നിസ്സാരമായ ഒരു തെററിനുവേണ്ടി അവളെ വിളിച്ചു ശകാരിച്ചതിൽ അവൾക്കുണ്ടായ വ്യസനം അസഹനീയമായിരുന്നു എന്നും അതു് അദ്ദേഹവുമായുള്ള വൈവാഹികബന്ധത്തിനുശേഷം സ്വാതന്ത്ര്യമായി സംസാരിക്കുവാൻ അവസരം വരുമ്പോൾ മാത്രമെ അവസാനിക്കുകയുള്ളുവെന്നും അപ്രതീക്ഷിതമായ ആ അനിഷ്ടസംഭവത്തിൽ അവൾ ആത്മാർത്ഥമായി വ്യസനിക്കുന്നു എന്നും അറിയിച്ചിരുന്നു. അവരുടെ സർവ്വവിധമായ പരിസരങ്ങളും അവർക്കനുകൂലമായിരുന്നു. അവർ അകമഴിഞ്ഞു സ്നേഹിച്ചിരുന്നു. സമസ്തലോകവും അവക്കുവേണ്ടി ഉള്ളതാണെന്നും ആജീവനാന്തം ആനന്ദസാഗരത്തിൽ നിർവൃതിയടയാമെന്നും കരുതിയിരുന്നു. അവർതമ്മിൽ അവസാനമായി കണ്ടു സംസാരിക്കുവാനിടയായ ഒരു സന്ദർഭത്തിൽ ആ യുവാവിൻെറ ആത്മാർത്ഥതയുടെ അകമഴിഞ്ഞുള്ള പ്രവാഹത്തിൽ ഒരുതുള്ളി കണ്ണുനീർ അവളുടെ മുഖസരോജത്തിൽ അടന്നുവീണു. അതിനുശേഷം അവർതമ്മിൽ കണ്ടില്ല......! അവളുടെ ജീവനാഥനെ തൂക്കിക്കൊല്ലുവാൻ വിധിച്ചു......!! ഹാ! കഷ്ടം!! ഹാ! ദൈവമേ!!! എന്തൊരവസ്ഥ! വെണ്ണ പിളക്കുവാൻ കഠാരിയോ? ഈശ്വരാ! ആ മൃദുലഹൃദയം...—!! ആ പെൺകുട്ടിയുടെ ഹൃദയഭേദകമായ ആ സന്ദർഭത്തെപ്പററി വർണ്ണിക്കുകയെന്നതു് അസാദ്ധ്യമാണു്. ഭൂമിയിൽവച്ചു് നിങ്ങളെ ആത്മാർത്ഥമായി സ്നേഹിച്ചിരുന്നയാളിൻെറ അകാലവിയോഗത്തിൽ മറവുചെയ്ത ചിതയുടെ പരിസരത്തിൽനിന്നും പിൻതിരിച്ചയയ്ക്കപ്പെട്ടിട്ടുള്ളവരോ, ഇങ്ങിനി വരാതെ പെട്ടെന്നു വേർപെട്ടുപോയ ആ പ്രണയധാമത്തിൻെറ കുടീരത്തിൻെറ കല്പടിയിൽ കയറിയിരുന്നു് കരഞ്ഞുകരഞ്ഞു കണ്ണുനീരിൽ കുളിച്ചു് നിരാശരായി എണീററു പോയിട്ടുള്ളവരൊ ആരെങ്കിലും ആ വനിതയുടെ ഹൃദയാവസ്ഥയെപ്പററി വർണ്ണിച്ചുകൊള്ളട്ടെ.

പക്ഷെ ആ ചിതയുടെ മർമ്മഭേദകമായ അവസ്ഥ! ഇരുൾനിറഞ്ഞതു്! ഭയാനകം!! വിരഹവ്യഥയെ ശാന്തപ്പെടുത്തി ആനന്ദാരാമത്തിൽ കുടികയററുന്നതൊ, ദുഃഖസംപൂർണ്ണമെങ്കിലും വിരഹസന്ദർഭത്തെ മൃദുലവും ആത്മാർത്ഥവുമാക്കിത്തീക്കുന്നതൊ, വ്യഥയെ അനുഗൃഹീതങ്ങളായ കണ്ണുനീർതുള്ളികളാക്കി ഉരുക്കിക്കളയുന്നതൊ ആയി ആ ഹൃദയത്തെ ദുഃഖത്തിൽനിന്നും മോചിപ്പിക്കുന്നതിനു പര്യാപ്തമായ സ്വർഗ്ഗത്തിലെപ്പോലെയുള്ള ശീതളമായ അന്തരീക്ഷമൊ ആ വിരഹസന്ദർഭത്തിൽ ഇല്ലായിരുന്നു.

ആ യുവാവുമായുള്ള അവളുടെ സ്നേഹബന്ധം അവളുടെ പിതാവിനു് ഇഷ്ടമില്ലാതിരുന്നതിനാൽ അതു് അവളുടെ വിരഹദുഃഖത്തെ പൂർവ്വാധികം വർദ്ധിപ്പിക്കുകയും അവൾ പിതാവിൻെറ വസതിവിട്ടു പൊയ്ക്കളയുകയും ചെയ്തു. അവളുടെ ബന്ധുജനങ്ങളുടേയും സ്നേഹിതരുടേയും സാന്ത്വനവചനങ്ങളും അനുകമ്പാസമന്വിതവും സ്നേഹമസൃണവുമായ പെരുമാററങ്ങളും, അസമാധാനത്താലും ഭയങ്കരമായ ഹൃദയവേദനയാലും ശിഥിലമായിരിക്കുന്ന ആത്മാവിൽ കടക്കുവാൻ കഴിഞ്ഞിരുന്നു എങ്കിൽ അല്പം ആശ്വാസം വരിക്കുവാൻ അവൾ ശ്രമിക്കുമായിരുന്നു. വളരെ ധനമുള്ളവരും ഉൽകൃഷ്ടരുമായ കുടുംബക്കാർ അവളിൽ ശ്രദ്ധപതിപ്പിക്കുകയും അവൾക്കു് ആശാജനകമായ സമാധാനങ്ങൾ നൽകുകയും ചെയ്തിരുന്നു. അവളുടെ ദുഃഖപര്യവസായിയായ പ്രണയവ്യഥയിൽനിന്നും മോചിപ്പിക്കുന്നതിനുവേണ്ടി അവളെ ജനങ്ങളുടെ ഇടയിൽ കൊണ്ടുവരികയും വിശിഷ്ടങ്ങളായ കാര്യങ്ങളിൽ പങ്കുകൊള്ളിക്കുകയും സന്തോഷപ്രദങ്ങളായ പ്രവൃത്തികൾ ചെയ്യിക്കുകയുംചെയ്തു. എന്നാൽ അതെല്ലാം നിഷ്ഫലമാവുകതന്നെ ചെയ്തു. ആത്മാവിനെ വ്രണപ്പെടുത്തി ഛിന്നഭിന്നമാക്കിക്കളയത്തക്കവണ്ണം—ഒരിക്കലും ക്രമ്പുണ്ടാകുകയൊ തളിക്കുകയൊ പുഷ്പിക്കയൊ ചെയ്യയില്ലാത്തവണ്ണം ഹൃദയത്തിൽ ആഹ്ലാദത്തിൻെറ ഇരിപ്പിടമായ ആ മർമ്മസ്ഥാനത്തിൽ കഠോരമായി കുത്തിത്താച്ചു കയറത്തക്കവണ്ണം—അത്ര മർമ്മസ്പൃക്കായ ചില അനിഷ്ടസംഭവങ്ങളുണ്ടു്. ആനന്ദം അവളുടെ ഹൃദയത്തിൽ കടക്കരുതെന്നൊ, സന്തോഷരഹിതമായിരിക്കണമെന്നൊ അവൾക്കശേഷം നിർബ്ബന്ധമില്ലായിരുന്നു. എങ്കിലും ഏകാന്തതയുടെ അഗാധതയിൽ അവൾ ഏകാകിനിയായിരുന്നു; ലൌകികത്തിൽനിന്നു വളരെ വിദൂരമായ രാജ്യത്തിലെന്നപോലെ അഭിന്നമായ ചിന്താഭരത്താൽ ഘനീഭവിച്ചു മതിമറന്നു നടന്നു. ക്ഷണികങ്ങളായ ലൌകികസുഖങ്ങളുടേയും സാഹോദര്യത്തിൻേറയുംനേരെ ഗോഷ്ടികാണിക്കുന്ന ഒരാന്തരിക ഭയം അവളിൽ അധിവസിച്ചു

അവൾ ഒരു ദിവസം ഒരു ദേവാലയത്തിൻെറ പരിസരങ്ങളിൽ കാണപ്പെട്ടു. ആ സന്ദർഭത്തിൽ കണ്ട കാഴ്ച പോലെ സങ്കടകരവും മർമ്മഭേദകവുമായ ഒരു ശോകപ്രദർശനം മറെറങ്ങും കാണുവാൻ കഴിയുകയില്ല. ചുററുപാടുകൾ ആനന്ദസന്ദായകമായിരിക്കെ അവൾ ഏകാകിനിയായി സന്തോഷരഹി

"കരവും കരുവുംകൊണ്ടേ കലകൾ നിലനിന്നിട്ടു"

By Appointment To H. H. THE MAHARAJA Of Travancore

ശ്രീമൂലം ഫൈൻ ആട്ട്സ് ആൻഡ് ജ്വെവറി വർക്ക്സ്

തിരുവനന്തപുരം

കലർപ്പില്ലാത്ത ശുദ്ധസ്വദേശി — ഗുണത്തിലും തരത്തിലും മെച്ചം

ഇൻഡ്യക്കു പൊതുവേയും തിരുവിതാംകൂറിനു പ്രത്യേകിച്ചും അഭിമാനിക്കാം. ഉത്തരവാദസഹിതം ഫൌണ്ടൻപേന, പെൻസിൽ, റിലീഫ്നിബ്ബ് ഇവ വരവിൽനിന്നും മെച്ചമായി ഇവിടെ തയ്യാറാക്കിവരുന്നു.

കൊമ്പ്, ചിരട്ട, ദന്തം മുതലായസാധനങ്ങളിൽ മനോഹരമായ ഏതുതരം ബട്ടൺസും മൊത്തമായും ചില്ലറയായും ഏററവും കുറഞ്ഞ വിലയ്ക്കു കിട്ടണമെങ്കിൽ ഞങ്ങളോടു ആവശ്യപ്പെടുക.

ദന്തം, വെള്ളി, സ്വർണ്ണം ഇവകളിൽ മനോഹരവും വിചിത്രതമവുമായ അനേകതരം ഉപയോഗസാമാനനിർമ്മിതിക്കു ഞങ്ങളുടെ സ്ഥാപനം കീർത്തികേട്ടതു്. അനശ്വരവും ദന്തനിർമ്മിതവും ആയ ഛായ, (ശ്രീരാമകൃഷ്ണ പരമഹംസർ, ശ്രീനാരായണഗുരുസ്വാമികൾ തുടങ്ങിയുള്ള മഹാത്മാക്കളുടെ) ലാക്കററു, പെൻഡൻറു മുതലായവകൾക്കു ഞങ്ങളോടാവശ്യപ്പെടുക. ഫൗണ്ടൻ പേനയുടെ ഏതുതരം അററകുററവും മിതമായ ചാർജ്ജിൽ ചെയ്തുകൊടുക്കപ്പെടും.

മാനേജിംഗ് പ്രൊപ്രൈററർ: എൻ. വേലുആചാരി

തയായി ഒരു ജീവച്ഛവം പോലെ—വ്യഥയുടെ വിളയാട്ടത്തിൽ ഒരു പാവയെപ്പോലെ—പരിതാപകരമായ അവസ്ഥയിൽ നിന്നും ആ മൃദുലഹൃദയത്തെ ക്ഷണനേരത്തേക്കെങ്കിലും ദു:ഖത്തിൽ നിന്നും വിസ്മൃതിയിലേയ്ക്കു രക്ഷിക്കുവാനെന്നു തോന്നുമാറ് നിഷ്ഫലം യത്നിക്കുംപോലെ—ഭയങ്കരവും ശോകാത്മകവുമായ പ്രാകൃത രൂപത്തിൽ കാണപ്പെട്ടു. അവൾ ആൾക്കൂട്ടത്തിന്റെ ഇടയിൽക്കൂടി ഒരു വിധത്തിൽ പുറത്തു കടന്ന് ഇരുട്ടിൽ കഴിയുന്ന പ്രേതം പോലെ ഒരു കല്പടിയിൽ ചെന്നിരുന്നു ശൂന്യമായി അങ്ങുമിങ്ങും നോക്കി. അസഹനീയമായ ദു:ഖത്തെ ശമിപ്പിക്കുവാൻ വിഷമിച്ചുകൊണ്ട് നെഞ്ചലച്ചു നെടുവീർപ്പുകളിട്ടു. ഹൃദയവും ശ്വാസവും തട്ടിയടയ്ക്കുന്നതുപോലെ തോന്നി. അവൾ ഏങ്ങി ഏങ്ങി ശോകാത്മകമായ ഒരു ശബ്ദം പുറപ്പെടുവിച്ചു. ആ അമംഗളരോദനം ഒരു മനുഷ്യജീവിയുടേതായിരുന്നില്ല. ഒരു ജീവച്ഛവത്തിന്റെ ഇഴഞ്ഞ ഞരക്കം മാത്രമായിരുന്നു. നിശ്ചേഷ്ടരും നിശ്ശബ്ദരുമായ ആൾക്കൂട്ടം അവളുടെ ചുറ്റും കൂടി. അവരുടെ ഹൃദയം കനിഞ്ഞു കണ്ണുനീർ തുള്ളികൾ പൊഴിഞ്ഞു. അത്യുത്സാഹികളും ആനന്ദമഗ്നരുമായിരുന്ന ആ ജനതയുടെ ഹൃദയത്തെ ഉരുക്കിക്കളയത്തക്കവണ്ണം അവളുടെ പ്രണയ കഥ അത്ര ആത്മാർത്ഥവും പരമാർത്ഥവും ആയിരുന്നു. അത് ആർക്കുമറിയാമായിരുന്നു. അവളുടെ ഹൃദയ ഭേദകമായ ആ നില ഒരു ഉദ്യോഗസ്ഥന്റെ ഹൃദയത്തെ ആകർഷിച്ചു. അദ്ദേഹം തന്റെ മേൽവിലാസം അവൾക്കു കൊടുത്തു. മരിച്ചുപോയ പ്രണയധാമത്തെ ഓർത്തു വ്യഥയനുഭവിക്കുന്ന അവൾ ജീവനോടുകൂടിയിരിക്കുന്ന ഒരപരിചിതനിൽ സ്നേഹപ്രകർഷം ചെയ്യുകയില്ലെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. അവൾ അദ്ദേഹത്തിന്റെ ശ്രദ്ധയെ നിരാകരിച്ചു. അവളുടെ ഹൃദയദർപ്പണം അവളുടെ പ്രാണനാഥനുവേണ്ടി എന്നെന്നേയ്ക്കുമായി അർപ്പിച്ചുപോയിരുന്നു. ആ ഉദ്യോഗസ്ഥൻ അവളുമായി സ്നേഹിക്കുന്നതിനും അവളുടെ ഹൃദയത്തെ ശാന്തമാക്കി വശീകരിക്കുന്നതിനും അതീവ പ്രയത്നം ചെയ്തു. അവളിൽ നിന്നു ഒരു ബഹുമാനം മാത്രമല്ലാതെ അവളുടെ മൃദുലലോലുപമായ പ്രണയ സുധയെ അദ്ദേഹം പ്രത്യാശിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ ബഹുമതിയിൽ അവൾക്കുള്ള വിശ്വാസവും അവൾക്കുള്ള അസ്വാതന്ത്ര്യവും നിരാലംബവുമായ പരിതസ്ഥിതികളും ആണ് അദ്ദേഹത്തെ നയിച്ചത്. സ്നേഹിതന്മാരുടെ ദയാദൃഷ്ടി ഒന്നുകൊണ്ടു മാത്രമാണ് അവൾ ജീവിച്ചിരുന്നത്. ചുരുക്കിപ്പറഞ്ഞാൽ അവളുടെ ഹൃദയം മാറ്റാൻ പാടില്ലാത്തവണ്ണം മറ്റൊരാളിന്റേതെന്നുതന്നെയുള്ള പൂർണ്ണവിശ്വാസത്തിൽ അവളുടെ ഹസ്തം കരസ്ഥമാക്കി അവളുടെ ഹൃദയ വ്യഥ നശിപ്പിക്കുന്നതിനുവേണ്ടി അദ്ദേഹം അവളെ "സിസിലി"യിലേയ്ക്കു കൊണ്ടുപോയി. അവൾ ഒരു മാതൃകാർഹയും അനുയോജ്യയുമായ ഒരു ഭാര്യയായിരുന്നുകൊണ്ട് അവളുടെ മനോദു:ഖത്തെ ശമിപ്പിക്കുന്നതിനു ശ്രമിച്ചു കൊണ്ടിരുന്നു. എന്നാൽ അവളുടെ ആത്മാവിൽ അതെ, ജീവനിൽ കുടികൊണ്ടിരുന്നതും അവളെ നിശ്ശബ്ദമായി നശിപ്പിച്ചു കൊണ്ടിരുന്നതുമായ ആ തീരാവ്യഥയെ ഒന്നുകൊണ്ടും സുഖപ്പെടുത്തുന്നതിനു കഴിഞ്ഞിരുന്നില്ല. അവളുടെ ജീവൻ സാവധാനത്തിൽ അനിവാര്യമായി അധ:പതിച്ചു കൊണ്ടിരുന്നു......! ആ "തകർന്ന ഹൃദയം" അവളുടെ കരളിനെ കരണ്ടുതീർത്തുകളഞ്ഞു!! ഒടുവിൽ അവൾ അകാലചിതയിൽ മറഞ്ഞു!

......നശ്വരമായ ശരീരം ചാരമായും പുകയായും അന്തരീക്ഷത്തിൽ കലന്നു! ആ ആത്മാവ് പ്രണയ ദാഹത്താൽ വലഞ്ഞ് ഒടുവിൽ വീരസ്വർഗ്ഗം പ്രാപിച്ച ആ ധീരയുവാവിന്റെ പാദാരവിന്ദങ്ങളിൽ സാഷ്ടാംഗ നമസ്കാരം ചെയ്തിരിക്കാം!

പ്രണയവ്യഥാ സമ്പൂർണ്ണയായ ആ പെൺകുട്ടിയെ ഒരു കവികണ്ട സന്ദർഭത്തിൽ എഴുതിയിട്ടുള്ള കവിതയുടെ സാരം ഇങ്ങനെയാണ്:—

...അവളുടെ ധീരനായ യുവാവ് ഉറങ്ങുന്നിടത്തുനിന്നും എത്രയോ അകലെയാണ് അവൾ. സ്നേഹിതന്മാരെല്ലാം അവളുടെ ചുറ്റും കൂടിയിരുന്നു നെടുവീർപ്പുകളിട്ടുകഴിയുന്നു. എന്നാൽ അവരുടെ ദൃഷ്ടിയിൽ നിന്നു സാവധാനം മറഞ്ഞ് അവൾ കരയുന്നു; അവളുടെ ഹൃദയം ആ യുവാവിന്റെ ശവകുടീരത്തിൽ അധിവസിക്കുന്നു......! ആ യുവാവ് അവളിൽ പ്രദർശിപ്പിച്ചിരുന്ന സ്നേഹവാത്സല്യങ്ങളെ ഉണർത്തിക്കൊണ്ടു അവൾ അവളുടെ സ്വന്തനാട്ടിലെ പുൽത്തകിടികളെ കീർത്തിച്ചു കൊണ്ടുള്ള ആത്മഗീതം പൊഴിക്കുന്നു. അവളെ ആരു് സാന്ത്വനപ്പെടുത്തുന്നു; ആ യുവാവിന്റെ ഹൃദയം എങ്ങനെ തകർന്നിരിക്കും...!!

അയാൾ ആ പ്രണയധാമത്തിനു വേണ്ടി ജീവിച്ചിരുന്നു! അയാൾ സ്വരാജ്യത്തിനുവേണ്ടി മരണം വരിച്ചു!! ജനങ്ങളെല്ലാം അദ്ദേഹത്തെ ഹൃദയത്താൽ ആലിംഗനം ചെയ്തു. ആ രാജ്യത്തിന്റെ കണ്ണുനീർ എളുപ്പം വററുകയില്ല; അയാളുടെ പ്രാണയധാമം വളരെ നാൾ വിട്ടു പിരിഞ്ഞു ജീവിക്കയില്ല!

മംഗളകരമായ ഒരു ദിനത്തെ പ്രദാനം ചെയ്യുന്ന സൂര്യകിരണങ്ങൾ തട്ടുന്നിടത്ത് അവൾക്കു വേണ്ടി ഒരു കുടീരം നിർമ്മിക്കുക! പശ്ചിമദേശത്തു നിന്നു പുഞ്ചിരിയെന്നപോലെ അവളുടെ ശോകസംപൂർണ്ണമായ ദ്വീപിൽ നിന്നു ആ സ്നേഹകിരണങ്ങൾ അവൾ കിടക്കുന്നിടത്ത് പ്രതി ഫലിച്ചു കൊള്ളും......!!

—:—

കച്ചയിലോൺ ബാങ്ക്, ക്ലിപ്തം

(തിരുവിതാംകൂറിൽ രജിസ്റ്റർ ചെയ്തത്)

അധികൃതവും വാഗ്ദത്തം ചെയ്തതും ആയ മൂലധനം	രൂപ	25,00,000
പിരിഞ്ഞ മൂലധനവും കരുതൽ ധനവും	,,	13,00,000
പ്രവർത്തന മൂലധനം	,,	130,00,000

എല്ലാവിധബാങ്കിങ്ങ് പ്രവർത്തനങ്ങളും നടത്തിവരുന്നു

സേവിങ്ങ്സ്, കറൻറ്, സ്ഥിരം, ക്യാഷ്സർട്ടിഫിക്കറ്റ് ഈ ഇനങ്ങളിൽ നിക്ഷേപങ്ങൾ സ്വീകരിക്കുന്നു.

തക്കതായ ഈടിന്മേൽ കുറഞ്ഞ പലിശയ്ക്കു വായ്പ കൊടുക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് കൊല്ലം ഹെഡാഫീസിലൊ, താഴെ കാണുന്ന ബ്രാഞ്ചാഫീസുകളിലൊ അന്വേഷിക്കുക

ആലപ്പുഴ	എറണാകുളം	മദ്രാസ്	തെങ്കാശി
ആലുവാ	ഈറോഡ്	മധുര	തിരുനൽവേലി JN.
ബാംഗ്ളൂർ(Cantt)	ഹൈദ്രബാദ് Dn.	മൌണ്ട്റോഡ്	തിരുനൽവേലി TN.
ബാംഗ്ളൂർ (City)	ജാഫ്നാ	മൈസൂർ	തൃശിനാപ്പള്ളി
ചിറയിൻകീഴ്	കാൻഡി	നാഗരുകോവിൽ	തിരുവനന്തപുരം
കൊച്ചി	കാരക്കുടി	റോയപേട്ട	തൂത്തുക്കുടി
കൊയമ്പത്തൂർ	കായംകുളം	സെക്കണ്ടറബാദ്	വെല്ലൂർ
കുന്നൂർ	കോട്ടയം	ചേർത്തല	രാജപാളയം
	കൽക്കട്ടാ		

യോഗം പാർലമെൻററി ബോർഡും

നിയമസഭാ സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുപ്പും

(കെ. ജി. ഗോവിന്ദൻ, എം. ഏ., ബി. എൽ.)

എസ്. എൻ. ഡി. പി. പാർലമെൻററി ബോർഡ് കഴിഞ്ഞ മാസം ആലപ്പുഴവച്ചു കൂടിയതും നിയമസഭകളിലേക്കുള്ള സ്ഥാനാർത്ഥികളെ തെരഞ്ഞെടുത്തതും എല്ലാവർക്കും അറിവുള്ള സംഗതിയാണല്ലോ. ബോർഡിലെ തെരഞ്ഞെടുപ്പു സമ്പ്രദായവും അംഗങ്ങളുടെ പെരുമാററവും ഏതൊരു പരിഷ്കൃതസംഘത്തെയും അതിശയിക്കത്തക്കതായിരുന്നു എന്നുള്ളതിന് യാതൊരു സംശയവുമില്ല. എസ്. എൻ. ഡി. പി. യോഗത്തിൻെറ ശിക്ഷണത്തിൻെറ മാഹാത്മ്യത്തെപ്പററി സചിവോത്തമൻ സർ സി. പി. രാമസ്വാമി അയ്യർ തന്നെ പുകഴ്ത്തി പറഞ്ഞിട്ടുള്ളതു വാസ്തവമാണ്. ആലപ്പുഴ വച്ചു നടന്ന തെരഞ്ഞെടുപ്പു ശിക്ഷണത്തിൻെറ പക്വതയ്ക്കു് ഒരു ഉദാഹരണംകൂടി ആകുന്നു എന്നേ ഉള്ളു. നയകോവിദനായ അദ്ധ്യക്ഷൻ മി: അയ്യപ്പൻെറ കർശനവും എന്നാൽ ഏററവും നിഷ്പക്ഷപാതവും ആയ നിയന്ത്രണത്തിലും മേൽനോട്ടത്തിലും നടന്ന തെരഞ്ഞെടുപ്പിനെപ്പററി ആർക്കും ആക്ഷേപിക്കാൻ സാധിക്കയില്ല.

യോഗത്തിൽനിന്നു തെരഞ്ഞെടുക്കപ്പെട്ട സ്ഥാനാർത്ഥികളിൽ മിക്കപേരും ഉന്നത ബിരുദധാരികളും എല്ലാവരും യോഗ്യരും ആണ്. സമുദായത്തിൻെറ കടമ അവരെ നിയമസഭകളിലേക്ക് അയയ്ക്കേണമെന്നുള്ളതാണ്. അവരുടെ ബിരുദിനേയൊ മററുള്ള യോഗ്യതകളേയൊ പരിഗണിച്ചു മാത്രമല്ല അവരെ നിയമസഭകളിലേക്ക് അയയ്ക്കണമെന്നു പറയുന്നത്. അവരെയാണ് യോഗം തെരഞ്ഞെടുത്തിരിക്കുന്നത്. അതുകൊണ്ടാണ് അവരെ അയയ്ക്കേണ്ടതു്. അവർക്ക് പരാജയം പററുകയാണെങ്കിൽ അതു് യോഗത്തിന് പററുന്ന പരാജയമായിട്ടാണ് പരിഗണിക്കേണ്ടതു്. ഒരുപക്ഷെ മേടത്തിൽ വരുന്ന തെരഞ്ഞെടുപ്പിൽ യോഗത്തിൻെറ സ്ഥാനാർത്ഥിക്ക് മത്സരിക്കേണ്ടി വന്നാൽതന്നെ യോഗം സ്ഥാനാർത്ഥി വിജയപതാകയോടുകൂടി യുദ്ധത്തിൽനിന്നു് വെളിയിൽ വരുമെന്നുള്ളതിനെപ്പററി ആശങ്കക്ക വകയില്ല. എന്നാൽ അങ്ങിനെയുള്ള വിജയമല്ല നമുക്ക് ആവശ്യം. യോഗത്തിൻെറ സ്ഥാനാർത്ഥി എല്ലായിടത്തും മത്സരംകൂടാതെതന്നെ പോകണം. അതായതു് യോഗത്തിൻെറ സ്ഥാനാർത്ഥിക്ക് എതിരായി യാതൊരു ഈഴവനും എങ്ങും നിന്നുകൂടാ. അങ്ങനെയാണ് യോഗത്തിനുള്ള മഹിമയേയും യോഗത്തോടു സമുദായത്തിനുള്ള ഭക്തിബഹുമാനങ്ങളേയും അന്യരെന്നാം മനസ്സിലാക്കേണ്ടതു്.

യോഗത്തിലേക്ക് പ്രതിജ്ഞാപത്രം ഒപ്പിട്ടയച്ചവരിൽ പരാജിതരായ ചിലരും അല്ലാതുള്ള രണ്ടുമൂന്നുപേരും മേടത്തിലെ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് ആലോചിയ്ക്കുന്നതായി അറിയുന്നു. പ്രതിജ്ഞാപത്രം ഒപ്പിട്ടയച്ചവരുടെ സമാധാനം വിശേഷമാണ്. പൊതുനിയോജകമണ്ഡലമെന്നും ഈഴവർക്കുള്ള പ്രത്യേക നിയോജകമണ്ഡലമെന്നും ഇങ്ങനെ രണ്ടു നിയോജകമണ്ഡലമുണ്ടെന്നും അതിൽ പൊതുനിയോജകമണ്ഡലത്തിൽ അവർ നിൽക്കാൻ പോകുന്നുവെന്നുമാണ് അവർ പറയുന്നതു്. ഇതു് അവർ അവരെത്തന്നെ വഞ്ചിക്കുകയാണ്. നിയോജകമണ്ഡലം ഒന്നേ ഉള്ളുവെന്നും അതിൽ ഒരു സീററു ഈഴവനു സംവരണം ചെയ്യുകമാത്രമെ ചെയ്തിട്ടുള്ളുവെന്നും അവർക്ക് അറിയാം. അതുകൊണ്ടു് ഈഴവനു സീററ് സംവരണം ചെയ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും നിയോജകമണ്ഡലത്തിൽ ഒന്നിൽ കൂടുതൽ ഈഴവർ നില്ക്കുകയാണെങ്കിൽ ആ നിയോജകമണ്ഡലത്തിലെ സകല സ്ഥാനാർത്ഥികളും മത്സരിക്കേണ്ടി വരികയും ഈഴവരിൽ കൂടുതൽ വോട്ടുകിട്ടുന്ന ആളിനെ സംവരണം ചെയ്യപ്പെട്ടിട്ടുള്ള സീററിലേക്ക് തെരഞ്ഞെടുക്കുകയും ചെയ്യും. എസ്. എൻ. ഡി. പി. യോഗത്തിൻെറ സ്ഥാനാർത്ഥിക്ക് ഈഴവരിൽ രണ്ടാംസ്ഥാനമേ കിട്ടുന്നുള്ളുവെങ്കിൽ അയാൾ തോല്ക്കും. ഈഴവനു സീററു സംവരണം ചെയ്തിട്ടുള്ള നിയോജകമണ്ഡലത്തിൽ നില്ക്കുന്ന മററു സ്ഥാനാർത്ഥികളേയും (ഈഴവേതരന്മാർ) അപേക്ഷിച്ചു ആദ്യത്തെ ഒന്നും രണ്ടും സ്ഥാനങ്ങൾ രണ്ടു ഈഴവർക്ക് കിട്ടുമെങ്കിൽ ഒന്നാം സ്ഥാനംകിട്ടിയ ഈഴവനെ സംവരണംചെയ്ത സീററിലേക്കും രണ്ടാംസ്ഥാനം കിട്ടിയ ഈഴവനെ സംവരണം ചെയ്യാത്ത സീററിലേക്കും (രണ്ടുമെമ്പറന്മാരെ തിരഞ്ഞെടുക്കേണ്ട നിയോജകമണ്ഡലത്തെപ്പററിയാണ് പറയുന്നതു്) തിരഞ്ഞെടുക്കപ്പെടും. പക്ഷെ ഇതു് അസാദ്ധ്യം തന്നെയാണ്. അതുകൊണ്ടു് ഈഴവനു

സമുദായത്തിൻെറ അതിഗാഢമായ ശ്രദ്ധയെ മി: കെ. ജി. ഗോവിന്ദൻെറ ലേഖനത്തിലേക്കു ക്ഷണിച്ചുകൊള്ളുന്നു. മി: ഗോവിന്ദൻ മാവേലിക്കര—കുന്നത്തൂർ നിയോജകമണ്ഡലത്തിൽ ഒരു സ്ഥാനാർത്ഥിയായി നിന്നു്, എസ്. എൻ. ഡി. പി. പാർലമെൻററി ബോർഡിൽ പരാജിതനായയാളാണ്. ആ പരാജയം എത്ര അഭിനന്ദനീയമായവിധം മി: ഗോവിന്ദൻ സ്വീകരിച്ചിരിക്കുന്നുവെന്നുള്ളതിലേക്ക് അദ്ദേഹത്തിൻെറ ഈ ലേഖനത്തെക്കാൾ കൂടിയ തെളിവ് ആവശ്യമില്ല. മി: ഗോവിന്ദൻെറ ആദർശയോഗ്യമായ ഈ 'കായിക മത്സര മനോഭാവത്തിന്' (സ്പോട്സ്മൻ ലൈക് സ്പിരിററിന്) അദ്ദേഹത്തെ എത്രമാത്രം അഭിനന്ദിച്ചാലും മതിയാകുന്നതല്ലെന്നു് തന്നെയല്ല, അദ്ദേഹം ഈ ലേഖനത്തിൽ വിശദമാക്കിയിട്ടുള്ള വിശാലമനഃസ്ഥിതി പരാജിതരായ മററാളുകൾക്കു മാതൃകയായിത്തീരേണ്ടതുമാകുന്നു. പാർലമെൻററി ബോർഡിൻെറ തീരുമാനത്തിൽ അസഹിഷ്ണുക്കളായ പലരും പല കുഴപ്പങ്ങളും ഉണ്ടാക്കാൻ ഇടയുണ്ടെന്നു് സംശയിക്കേണ്ട ഈ സന്ദർഭത്തിൽ മി: ഗോവിന്ദൻെറ ലേഖനത്തിന് വലുതായ പ്രസക്തി ഞങ്ങൾ കാണുന്നുണ്ടു്. എസ്. എൻ. ഡി. പി. യോഗത്തിൻെറയും ഈഴവസമുദായത്തിൻെറയും പൗരുഷവും അഭിമാനവും പരിരക്ഷിക്കാൻ മി: ഗോവിന്ദൻ പറയുംപോലെ സകലരും സർവ്വവിധമായ ത്യാഗങ്ങളും അനുഷ്ഠിക്കേണ്ട സന്ദർഭം ഇതാകുന്നു.

പത്രാധിപർ

സീററു സംവരണംചെയ്തിട്ടുള്ള നിയോജകമണ്ഡലങ്ങളിൽ യോഗത്തിന്റെ സ്ഥാനാത്ഥിയെക്കൂടാതെ ഈഴവൻ നില്ക്കുകയാണെങ്കിൽ, "എസ്. എൻ. ഡി. പി. പാർലമെൻററി ബോർഡു ചെയ്യുന്ന തീരുമാനത്തെ ആദരിക്കയും ബോർഡിൽനിന്നും നിർദ്ദേശിക്കുന്ന സ്ഥാനാത്ഥിയുടെ വിജയത്തിനായി സവ്വാത്മനാ യത്നിക്കുകയും ചെയ്തുകൊള്ളാം" എന്നുള്ള പ്രതിജ്ഞാപത്രത്തിലെ ആദ്യവകുപ്പിന്റെ സ്പഷ്ടമായ ലംഘനം മാത്രമായിട്ടേ അതിനെ കരുതാൻ മാറ്റുമുള്ളു. രണ്ടുമാസംകൊണ്ടു താൻ ഒപ്പിട്ടുകൊടുത്ത പ്രതിജ്ഞാപത്രത്തെ ലംഘിക്കുന്ന ഒരാൾ നാലുവഷംകൊണ്ടു യോഗത്തിന്റെ നിർദ്ദേശങ്ങളെ എത്രപ്രാവശ്യം ലംഘിക്കുമെന്നു കണക്കുകൂട്ടി നോക്കിയാൽ അറിയാം.

അങ്ങനെ പ്രതിജ്ഞയെ ലംഘിക്കുന്ന മനുഷ്യരെ ദൂരെ പരിത്യജിക്കുകയും അയാളുടെ തോൽവിക്കായിക്കൊണ്ടു നിയമത്തിന്റെ പരിധിക്കുള്ളിൽ നിന്നുംകൊണ്ടു സകലവിധ ശ്രമങ്ങളും ചെയ്യുകയും ചെയ്യേണ്ടതു ശ്രീ നാരായണ ഗുരുസ്വാമിഭക്തിയുള്ള സകല ഈഴവരുടേയും ചുമതലയാണ്.

പ്രതിജ്ഞാപത്രത്തിൽ "യോഗത്തിൽനിന്നു രൂപീകരിക്കുന്ന കാര്യപരിപാടി അനുസരിച്ചു എന്റെ നിയമസഭാജീവിതം നയിച്ചുകൊള്ളാം" എന്നുകൂടി ഒരു വാചകം ഉണ്ട്. ഇതിലെ "നിയമസഭാജീവിതം" എന്നുവച്ചാൽ നിയമസഭാശാലക്കുള്ളിൽ ഉള്ള ജീവിതം എന്നുമാത്രമല്ല. അങ്ങനെയാണെങ്കിൽ യോഗത്തിന്റെ നിർദ്ദേശം അനുസരിച്ചു നിയമസഭയിൽ കൈപൊക്കുകയും വെളിയിൽ ഇറങ്ങി സഭകളിൽ യോഗത്തിനു വിപരീതമായി പ്രസംഗിക്കുകയും പ്രവത്തിക്കുകയും ചെയ്യാം. ഇതു അത്ഥശൂന്യമായ വ്യാഖ്യാനമാണ്. നിയമസഭാജീവിതം എന്നു വച്ചാൽ നിയമസഭാമെമ്പർ എന്ന നിലയിലുള്ള സകല ജീവിതവും പെരുമാററവും ഉൾപ്പെടുന്നതാണ്. നിയമസഭാശാലക്കു അകത്തായാലും വെളിക്കായാലും ഒരു നിയമസഭാമെമ്പറിന്റെ നിലയിലാണു് ഒരാൾ പെരുമാറുന്നതെങ്കിൽ ആ പെരുമാററം "നിയമസഭാജീവിതം" എന്ന വ്യവസ്ഥയിൽ ഉൾപ്പെടും. അങ്ങനെയുള്ള സകല പെരുമാററങ്ങളും യോഗത്തിന്റെ ആദശത്തിനു അനുകൂലവും യോഗത്തിന്റെ നിർദ്ദേശങ്ങൾക്കു വിധേയവും ആയിരിക്കണം. അതുകൊണ്ടു സ്വന്തം കയ്യിൽ നിന്നു പണം ചെലവാക്കി നിയമസഭയിൽ പോയാലുണ്ടാകുന്ന സ്വാതന്ത്ര്യം നമ്മുടെ സ്ഥാനാത്ഥികൾക്കില്ലെന്നു അവരും സമുദായവും ഓക്കുമല്ലോ.

—:—



ജോർജ്ജ് ബർനാഡ്ഷാ

വിശ്വവിഖ്യാതനായ ഒരു ആംഗ്ലേയ സാഹിത്യകാരനായിട്ടാണ് ബർനാഡ്ഷാ അറിയപ്പെടുന്നതെങ്കിലും അദ്ദേഹം ഒരു ഐർലൻഡ്കാരനാണ്. സ്ഥിരതാമസം ലണ്ടൻ നഗരത്തിൽ തന്നെ. നാടകങ്ങളായും നോവലുകളായും അനേകം ഗ്രന്ഥങ്ങൾ ഇദ്ദേഹം എഴുതിയിട്ടുണ്ട്. സവ്വകാര്യങ്ങളിലും ഒരുവക വിശേഷതരമായ അഭിപ്രായം, ആരേയും എന്തിനേയും എപ്പോഴും പരിഹസിച്ചു എഴുതാനും പറയാനുമുള്ള വാസന ഈ സ്വഭാവവിശേഷമാണ് ഷായുടെ കീത്തിക്കു ഒരു കാരണമെന്നു പറയപ്പെടുന്നു. 81 വയസ്സായിട്ടും ആരോഗ്യത്തിനോ സാഹിത്യപരിശ്രമങ്ങൾക്കോ ഒരു കുറവും നേരിട്ടിട്ടില്ല.

സിലോൺ വിശേഷങ്ങൾ

കിണററിൽ ചൂടുവെള്ളം

ത്രിക്കണാമലയിൽ നിന്നു അഞ്ചാറു മൈൽ ദൂരത്തിൽ സ്ഥിതിചെയ്യുന്ന "കന്യായ്" എന്ന സ്ഥലം. ലക്ഷക്കണക്കിനു യാത്രക്കാരെ ആകഷിക്കുന്ന ഒരു പ്രദേശമായിട്ടാണ് കന്യായ് സ്ഥിതി ചെയ്യുന്നതു്. ഇവിടെയാണ് ചൂടുജലമുള്ള കിണറുകളുള്ളതു്. ഈ കിണറുകളിലെ ചൂടുജലത്തിൽ കുളിക്കുന്നതിനായി ദൂരസ്ഥലങ്ങളിൽനിന്നും ധാരാളം തീത്ഥയാത്രക്കാർ ഇവിടെ വന്നുകൊണ്ടിരിക്കുന്നു. മോട്ടാർ വാഹനങ്ങൾ പോകുന്ന റോഡിൽ നിന്നും ഒരു ചെറിയ പാത തിരിഞ്ഞുപോകുന്നുണ്ടു്. ഈ പാതയുടെ ഇരുപാശ്വങ്ങളിലും സമൃദ്ധിയായി വൃക്ഷങ്ങൾ തഴച്ചു വളന്നു നില്ക്കുന്നു. പ്രസ്തുത പാതയിൽകൂടി യാത്രചെയ്താൽ ചൂടുജലമുള്ള കിണറുകൾ സ്ഥിതിചെയ്യുന്നിടത്തു ചെന്നുചേരാം. ഇവിടെ നാലുഭാഗത്തും മതിൽ കെട്ടിപ്പൊക്കിയിരിക്കുന്ന ഒരു സ്ഥലമുണ്ടു്. ഈ മതിൽ കെട്ടിനകത്തായിട്ടു് ഏഴു കിണറുകൾ ഉണ്ടു്. ഈ ഏഴുകിണററിലേയും ജലം സദാ ചൂടുള്ളതായിട്ടാണു കാണുന്നതു്. കിണറുകൾ എല്ലാം ഒരേവലിപ്പത്തിലല്ല, പ്രത്യേക വലിപ്പചെറുപ്പത്തിലുള്ളവയാണ്. കാഴ്ചയിൽ ചെറിയ തരം തൊട്ടികളാണെന്നു നമുക്കു തോന്നിയേക്കാം. ഒരു കിണററിൽ അധികം ചൂടുള്ള ജലമാണെങ്കിൽ മറെറാന്നിൽ അതിൽ അല്പം കുറച്ചുമാത്രമെ ചൂടുണ്ടായിരിക്കയുള്ളു. ചുരുക്കി പറയുന്നതായാൽ ഒരു കിണററിലെ ചൂടുപോലെയല്ല മറെറാന്നിൽ കാണുന്നതു്. ഇങ്ങനെ എല്ലാകിണററിലും വ്യത്യസ്തനിലയിലുള്ള ചൂടാണുകാണപ്പെടുന്നതു്. ജലത്തിൽ ഉപ്പുകലന്നിട്ടില്ലെന്നുള്ളതും ഇതിനൊരു മഹാത്മ്യം തന്നെയാണ്. ഈ ജലത്തിൽ സ്നാനം ചെയ്യുകയാണെങ്കിൽ ഏതുതരം ഭയങ്കരവ്യാധികളും സുഖപ്പെടുമെന്നും പറയപ്പെടുന്നു. ഉഷ്ണാധിക്യം മൂലമാണു ജലം എപ്പോഴും ചൂടായിരിക്കുന്നതെന്നും ഒരു പ്രസ്താവനയുണ്ടു്. ലങ്കയെ ഭരിച്ചിരുന്ന രാവണന്റെ മാതാവിന്റെ അന്ത്യശുശ്രൂഷകൾ നടത്തിയതു ഈ ചൂടുജലമുള്ള സ്ഥലത്താണെന്നു് ഒരു പുരാണികപ്രയം പറയുന്നുണ്ടു്. ഇപ്പോഴും ധാരാ

സമസ്തതിരുവിതാംകൂർ സംയുക്തരാഷ്ട്രീയപാർലിമെൻററിബോർഡ് നിയമസഭാസ്ഥാനാർത്ഥികൾ

ശ്രീമൂലംഅസംബ്ളി

നിയോജകമണ്ഡലം	സ്ഥാനാർത്ഥികൾ
ഈഴവർ	
1. നെയ്യാററിൻകര—തിരുവനന്തപുരം	വി. കുഞ്ഞുകൃഷ്ണൻ, ബി. എ., ബി. എൽ., വക്കീൽ, തിരുവനന്തപുരം
2. ചിറയിൻകീഴ്—നെടുമങ്ങാട്ട്	പി. നാണു, വക്കീൽ, ആററുങ്ങൽ
3. കൊല്ലം—കൊട്ടാരക്കര	പി. കുഞ്ഞുകൃഷ്ണൻ, ബി. എ., ബി. എൽ., വക്കീൽ, കൊല്ലം
4. കരുനാഗപ്പള്ളി—കാർത്തികപ്പള്ളി	കെ. കേശവൻ, ബി. എ., ബി. എൽ., വക്കീൽ, കൊല്ലം
5. മാവേലിക്കര—കുന്നത്തൂർ	കണ്ണാറെ കെ. പി. ഗോപാലപ്പണിക്കർ, വക്കീൽ, ചെങ്ങന്നൂർ
6. അമ്പലപ്പുഴ—ചേർത്തല	വി. കെ. വേലായുധൻ, ബി. എ., ബി. എൽ., വക്കീൽ, ആലപ്പുഴ
7. വൈക്കം—കോട്ടയം	കെ. ആർ. നാരായണൻ, തലയോലപ്പറമ്പ്
8. കുന്നത്തുനാട്ട്—പറവൂർ	സ്ഥാനാർത്ഥിയെ തെരഞ്ഞെടുത്തിട്ടില്ല.
മുസ്ലീങ്ങൾ	
1. കൊല്ലം—കൊട്ടാരക്കര	സാഹിബ്ബ് ബഹദൂർ പി. കെ. കുഞ്ഞു, കൊല്ലം
2. കുന്നത്തുനാട്ട്—പറവൂർ	സാഹിബ്ബ് ബഹദൂർ എം. കെ. മക്കാർപിള്ള, ആലുവാ
3. അമ്പലപ്പുഴ—ചേർത്തല	സാഹിബ്ബ് ബഹദൂർ എച്ച്. ബി. മഹമ്മദ് രാവുത്തർ, ആലപ്പുഴ
ലത്തീൻക്രിസ്ത്യാനികൾ	
1. നെയ്യാററിൻകര—തിരുവനന്തപുരം	വിദ്വാൻ കെ. ചാറൽസ്, നെയ്യാററിൻകര
2. അമ്പലപ്പുഴ—ചേർത്തല	ഈ. പി. വറുഗീസ്, എം. എ. ബി. എൽ., വക്കീൽ, തിരുവനന്തപുരം
3. കൽക്കുളം—വിളവംകോട്ട്	സ്ഥാനാർത്ഥിയെ തെരഞ്ഞെടുത്തിട്ടില്ല
സിറിയൻകത്തോലിക്കർ	
1. കുന്നത്തുനാട്ട്—പറവൂർ	വി. ഐ. ജോസഫ്, ബി. എ., ബി. എൽ., വക്കീൽ, തിരുവനന്തപുരം
2. മൂവാററുപുഴ—ദേവികുളം	ഇലഞ്ഞിക്കൽ തൊമ്മൻ കുഞ്ഞിത്തൊമ്മൻ, കോതമംഗലം
3. വൈക്കം—കോട്ടയം	എ. ജെ. ജോൺ, ബി. എ., ബി. എൽ., വക്കീൽ, തിരുവനന്തപുരം
4. അമ്പലപ്പുഴ—ചേർത്തല	തോമസ് ചാണ്ടി മുക്കാടൻ, കൈനകരി, ആലപ്പുഴ
5. ചങ്ങനാശേരി—പീരുമേട്ട്	പി. ജെ. സബാസ്ത്യൻ, ബി. എ., ബി. എൽ., വക്കീൽ, ചങ്ങനാശേരി
6. മീനച്ചിൽ—തൊടുപുഴ	എൻ. വി. ജോസഫ്, ബി. എ. ബി. എൽ., വക്കീൽ, കോട്ടയം
7. മീനച്ചിൽ—തൊടുപുഴ	എ. സി. കുര്യാക്കോസ്, പാലാ
8. മീനച്ചിൽ—തൊടുപുഴ	പി. വി. മത്തായി, ബി. എ., ബി. എൽ., വക്കീൽ, തൊടുപുഴ
അകത്തോലിക്കാക്രിസ്ത്യാനികൾ	
1. കുന്നത്തുനാട്ട്—പറവൂർ	കെ. പി. കൊച്ചുകോരത്തരകൻ, കുറുപ്പംപടി
2. തിരുവല്ല	ഈ. ജോൺ പീലിപ്പോസ്, ബി. എ., ബി. എൽ., വക്കീൽ, തിരുവനന്തപുരം
3. തിരുവല്ല	കെ. ടി. തോമസ്, ബി. എ., ബി. എൽ., വക്കീൽ, തിരുവനന്തപുരം
4. പത്തനംതിട്ട	ടി. എം. വറുഗീസ്, ബി. എ., ബി. എൽ., വക്കീൽ, കൊല്ലം
5. കരുനാഗപ്പള്ളി—കാർത്തികപ്പള്ളി	എം. ജി. മാത്യു, ബി. എ., ബി. എൽ., വക്കീൽ, കൊല്ലം
6. കൽക്കുളം—വിളവംകോട്ട്	സി. ജപമണി, വക്കീൽ, തക്കല
7. വടക്കൻ വാണിജ്യവ്യവസായം	കെ. എം. ഈപ്പൻ, എം. എ, ബി. എൽ., സെക്രട്ടറി, നാഷണൽബാങ്ക്, ആലപ്പുഴ
8. തെക്കൻ വാണിജ്യവ്യവസായം	കെ. വി. വറുഗീസ്, ബി. എ., സെക്രട്ടറി, ക്വയിലോൺബാങ്ക്, കൊല്ലം.

ളം ഹിന്ദുക്കൾ അവിടെചെന്ന് തങ്ങൾക്ക മരണപ്പെട്ടവർക്കുവേണ്ടി അന്ത്യക്രിയകൾ ചെയ്തിട്ട തിരിച്ചു പോകുന്നു.

സ്വാമി മല

തൃക്കോണമല കോട്ടയ്ക്കകത്തു 'സ്വാമിമലയ്ക്കു'' എന്നൊരു പാത തെളിഞ്ഞുകാണാം. ഈ പാതയുടെ ഇരുപാർശ്വങ്ങളിലും വൃക്ഷങ്ങളും ചെടികളും വളർന്നു നില്ക്കുന്നുണ്ട്. മുഖ്യമായും നമ്മെ ആകർഷിക്കുന്നതു് തുള്ളിച്ചാടി നടക്കുന്ന പുള്ളിമാൻ കൂട്ടങ്ങളാണ്. സ്വാമി മല ഏകദേശം 400 അടി ഉയരമുള്ളതാണ്. അതിന്മുകളിൽ കയറി നോക്കിയാൽ തൃക്കോണമലയും തൃകോണാകൃതിയിൽ വളഞ്ഞുകിടക്കുന്ന കടലിൻെറ മനോഹരതയും കണ്ടാനന്ദിക്കാം. സ്വാമി മലയുടെ ഒരു ഭാഗത്തായി ഭയങ്കരമായ ഒരു വെടിപ്പു്(പൊട്ടൽ)കാണുന്നുണ്ട്. ഈ വെടിപ്പിൻെറ അടിവാരത്തിൽ കടലിൽനിന്നും തിരകൾ അടിച്ചുകൊണ്ടിരിക്കുന്ന കാഴ്ച ഭയാനകമാണ്. പ്രസ്തുത വെടിപ്പിൻെറ ഒരു ഭാഗത്തായി കരിങ്കൽകൊണ്ടുള്ള ഒരു പ്രതിമയും ഉണ്ട്. പ്രസ്തുതപ്രതിമയെ രാവണൻ വെച്ചു പൂജിച്ചിരുന്നതാണെന്നു പറയപ്പെടുന്നു. പ്രതിമ സ്ഥിതിചെയ്യുന്നതിന്റെ മറുപുറത്തു ചെങ്കുത്തായി പാറയുടെ ഒരുഭാഗം മുന്നമ്പുപോലെ നീണ്ടുനില്ക്കുന്നു. ഇവിടെയിരുന്നാണ് പ്രസ്തുത പ്രതിമയ്ക്കു പൂജ ചെയ്തിരുന്നതെന്നും വിശ്വസിക്കപ്പെടുന്നു. നൂതനമായി ഈ സ്ഥലം സന്ദർശിക്കുന്ന ഒരാൾക്ക് രാമായണം കഥയിലെ സംഭവങ്ങളെപ്പററിയുള്ള അനേകം സ്മരണകൾ ഉണ്ടാകും.

സംയുക്തത്തെ തകർക്കാൻ ശ്രമങ്ങൾ

* ഈഴവർക്കു ഒരു മുന്നറിയിപ്പ്

ഈ (പത്തനംതിട്ട) നിയോജകമണ്ഡലത്തിൽ നിന്നും മി: കുമാറിനെ ഈഴവ സമ്മതിദായകന്മാരും മറ്റുള്ളവരും വോട്ടു ചെയ്തു നിയമസഭയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് 1112 ധനു 1-ാംനു- എതാനും ബ്രാഞ്ചുയോഗാദ്ധ്യക്ഷന്മാരും സെക്രട്ടറിമാരും ചില സമുദായ പ്രമാണികളും കൂടി പ്രസിദ്ധം ചെയ്തിട്ടുള്ള നോട്ടീസ് എല്ലാവരും കണ്ടിരിക്കുമല്ലോ.

ഈ നോട്ടീസ് ചില തെറ്റിദ്ധാരണകൾ നിമിത്തം ഉണ്ടായിട്ടുള്ളതാണെന്ന് ഈ മകരമാസം 11-ാംനു- കണ്ണാറ ഗോപാലപ്പണിക്കർ അവർകളുടെ അദ്ധ്യക്ഷതയിലും, എക്സ്-ആക്റ്റിംഗ ജനറൽസെക്രട്ടറി മി: കെ. കേശവൻ ബി. എ. ബി. എൽ. ന്റേയും സംഘടനാസെക്രട്ടറി മി: കെ. എൻ. കുഞ്ഞുകൃഷ്ണൻ ബി. എ. യുടേയും കേരളകൗമുദി പത്രാധിപർ സി. വി. കുഞ്ഞുരാമൻ അവർകളുടേയും സാന്നിദ്ധ്യത്തിലും, യൂണിയൻ ആഫീസിൽ വച്ചു കൂടിയ യൂണിയൻ വിശേഷാൽ പൊതുയോഗത്തിൽ നടന്ന സംവാദങ്ങളിൽ നിന്നു പ്രത്യക്ഷപ്പെട്ടിട്ടുണ്ട്.

ഈഴവർക്കു സീറ്റുകൾ റിസർവ് ചെയ്തിട്ടുള്ള നിയോജകമണ്ഡലങ്ങളിൽ മാത്രമേ എസ്സ്. എൻ. ഡി. പി. പാർലമെൻററി ബോർഡിൽ നിന്നു സ്ഥാനാർത്ഥികളെ നിറുത്തുകയുള്ളു എന്നും, ശേഷമുള്ള നിയോജകമണ്ഡലങ്ങളിൽ അതാതു മണ്ഡലങ്ങളിലെ വോട്ടറന്മാരെ ഇഷ്ടമനുസരിച്ചു ആരേയെങ്കിലും തെരഞ്ഞെടുത്തുകൊള്ളുവാൻ പാർലമെൻററി ബോർഡ് അനുവദിക്കുമെന്നും ഉള്ള ധാരണയിലാണ്, പാർലമെൻററി ബോർഡിൻെറ തീരുമാനം അറിയുന്നതിനു മുൻപായി ഞങ്ങളിൽ ചിലർ ചേർന്നു മേൽപറഞ്ഞ വിജ്ഞാപനം പ്രസിദ്ധീകരിക്കുവാൻ ഇടയായിട്ടുള്ളതെന്നു സ്പഷ്ടമായിട്ടുണ്ട്. കഴിഞ്ഞ നാലുകൊല്ലക്കാലം ഈഴവ ക്രൈസ്തവ മുസ്ലീം സംയുക്ത കാൺഗ്രസിൽ നിന്നു നടത്തിയ പ്രക്ഷോഭണത്തിൻെറ ഫലമായിട്ടാണ് ഫ്രാഞ്ചൈസ് യോഗ്യത അഞ്ചുരൂപായിൽനിന്ന് ഒരു രൂപായാക്കി കുറച്ചതും, ഈഴവർക്ക് അസംബ്ലിയിൽ എട്ടും കൗൺസിലിൽ ഒരു നോമിനേഷന് പുറമേ രണ്ടും സീറ്റുകൾ റിസർവ് ചെയ്തു കിട്ടിയതും എന്നുള്ള വിവരം എല്ലാവർക്കും അറിവുള്ളതാണല്ലോ.

തെരഞ്ഞെടുപ്പു കാലത്തും തെരഞ്ഞെടുപ്പു കഴിഞ്ഞു് നിയമസഭാമെമ്പറന്മാരായതിനു ശേഷവും, ഈഴവ ക്രൈസ്തവ മുസ്ലീം മെംബറന്മാർ എല്ലാവരും ഒരു രാഷ്ട്രീയ കക്ഷിയായി യോജിച്ചു നിന്നു നിയമസഭയിൽ പ്രവർത്തിച്ചെങ്കിലല്ലാതെ നിയമസഭകൊണ്ട് നമുക്ക് പറയത്തക്ക പ്രയോജനമൊന്നും ഉണ്ടാകയില്ലെന്നുള്ള വിവരം ഈ മൂന്നു സമുദായത്തിലേയും വോട്ടറന്മാരും മറ്റുള്ളവരും ഗാഢമായി ആലോചിച്ചു മനസ്സിൽ ധരിച്ചിരിക്കേണ്ടതാകുന്നു. ഈ വസ്തുത എല്ലാ ബ്രാഞ്ചുകളേയും ഓരോ ബ്രാഞ്ചിലും ഉൾപ്പെട്ട വോട്ടറന്മാരേയും അവർമുഖേന മറ്റ് ഈഴവരേയും വിശദമായി ധരിപ്പിച്ച് ഈ മൂന്നുസമുദായക്കാരുടേയും സംയുക്ത പാർലമെൻററി ബോർഡിൽ നിന്നും നിശ്ചയിക്കുന്ന സ്ഥാനാർത്ഥി ആരു തന്നെ ആയിരുന്നാലും അവരേ തന്നെ തെരഞ്ഞെടുത്തയയ്ക്കുവാൻ കഴിവുള്ള സകല ശ്രമവും ഈഴവർ ചെയ്യേണ്ടതാണ്.

ഈ സംയുക്തത്തെ ഇല്ലായ്മ ചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടി പ്രബലന്മാരായ പല വ്യക്തികളും പല പ്രകാരത്തിലുള്ള തന്ത്രങ്ങൾ പ്രയോഗിച്ചു വരുന്നുണ്ട്: അതു ഫലിക്കയില്ലെന്ന് കണ്ടാൽ ഒരു ഈഴവനെ തന്നെ ഇവിടെ സംയുക്ത വിരോധികൾ സഹായിച്ചു തെരഞ്ഞെടുത്തു അയയ്ക്കാമെന്നുള്ള വാഗ്ദാനം പിന്നത്തെ തന്ത്രമായിട്ട് പുറപ്പെട്ടേക്കാം. ഈഴവർക്ക് എട്ടു സീറ്റുകൾ അസംബ്ലിയിൽ കിട്ടിയതു് അവർക്കുള്ള ഫുൾക്വോട്ടാ ആണെന്നും അവർക്ക് സീറ്റു റിസർവ് ചെയ്തിട്ടുള്ള നിയോജകമണ്ഡലങ്ങളിലല്ലാതെ മറ്റു നിയോജകമണ്ഡലങ്ങളിൽ നില്ക്കുവാൻ ഈഴവർക്കു അനുവാദം കൊടുത്തുകൂടെന്നും ഇപ്പോഴും വാദിച്ചുകൊണ്ട് നില്ക്കുന്നവരും കഴിഞ്ഞ നാലു സംവത്സരക്കാലത്തെ നമ്മുടെ പ്രക്ഷോഭണത്തിനെല്ലാം ശക്തിപൂർവ്വം എതിരായി നിന്ന് പ്രവർത്തിച്ചിട്ടുള്ളവരും, കഴിഞ്ഞ 45 സംവത്സരക്കാലമായി നടന്നുവരുന്ന നിയമസഭയിൽ ഒരു ഒറ്റ ഈഴവനെ എങ്കിലും സഹായിച്ച് തെരഞ്ഞെടുത്ത് അയയ്ക്കണമെന്നുള്ള ഉദാരബുദ്ധി തോന്നിയിട്ടില്ലാത്തവരുമായ ആളുകൾ അടുത്ത കാലത്ത് കൊല്ലത്തുകൂടി "വർഗ്ഗീയ വാദികളായ ഈഴവരോട് സൗഹാർദ്ദമേ പാടില്ല" എന്ന് വ്യക്തമായി ചെയ്ത തീരുമാനത്തിൻെറ ചൂട് ആറുന്നതിനു മുൻപ്, ഇത്ര വാത്സല്യപൂർവം ഈഴവരെ സഹായിക്കാനും അവരോട് സഹകരിക്കുവാനും സന്നദ്ധരായതിനുള്ള പ്രധാനഹേതു നമ്മുടെ സംയുക്തത്തെ തകർക്കണമെന്നല്ലാതെ മറ്റ് ഒന്നുമല്ലെന്ന് വളരെ എളുപ്പത്തിൽ ആർക്കും മനസ്സിലാക്കാവുന്നതാണ്.

ഈ എല്ലാ സംഗതികളേയും കുറിച്ച് ഗാഢമായി ചിന്തിച്ച് യൂണിയനിൽ നിന്ന് പാസാക്കിയിട്ടുള്ള താഴെപ്പറയുന്ന നിശ്ചയം എല്ലാവരുടേയും അറിവിനായി പ്രസിദ്ധപ്പെടുത്തുകയും, ആ നിശ്ചയത്തിലെ താല്പര്യമനുസരിച്ച് സമസ്ത ഈഴവരും ഐകകണ്ഠ്യേന ശ്രമിച്ച് എസ്. എൻ. ഡി. പി. പാർലമെൻ്ററി ബോർഡിൻെറ നിർദ്ദേശത്തെ നടപ്പിൽ വരുത്തി യോഗത്തിൻേറയും, സമുദായത്തിൻേറയും, അഭിമാനത്തെ സംരക്ഷിക്കണമെന്ന് അപേക്ഷിച്ചു കൊള്ളുന്നു.

നിശ്ചയം

പത്തനംതിട്ട നിയോജകമണ്ഡലത്തിൽനിന്ന് അടുത്ത ശ്രീമൂലംഅസംബ്ലിയിലേക്ക് എസ്. എൻ. ഡി. പി. പാർലമെൻററി ബോർഡിൻെറ അംഗീകാരത്തോടുകൂടി സംയുക്ത പാർലമെൻ്റ

* പത്തനംതിട്ട നിയോജകമണ്ഡലത്തിലെ സമ്മതിദായകന്മാരായ ഈഴവരും അവിടെയുള്ള എസ്. എൻ. ഡി. പി. യോഗാംഗങ്ങളും യോഗം ബ്രാഞ്ചുകളും അറിയുന്നതിന് പത്തനംതിട്ട എസ്. എൻ. ഡി. പി. യൂണിയനിൽ നിന്നും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒരു അറിയിപ്പാണിതു്. പത്തനംതിട്ടയിലെ മാത്രമല്ല, തിരുവിതാംകൂറിലെ സമസ്തഈഴവരും ശ്രദ്ധാപൂർവ്വം ധരിച്ചിരിക്കേണ്ട പല കാര്യങ്ങളുംഈ വിജ്ഞാപനത്തിൽ ചുരുക്കിയെങ്കിലും സ്പഷ്ടമായി പ്രതിപാദിച്ചു കാണുന്നതുകൊണ്ടാണ് അതുമുഴുവനും ഇവിടെ ചേർത്തിരിക്കുന്നതു്.

റി ബോർഡ് നിർദ്ദേശിക്കുന്ന സ്ഥാനാത്ഥിയെ തെരഞ്ഞെടുത്തയക്കത്തക്കവണ്ണം ഈ യൂണിയനിലെ ഈഴവ വോട്ടറന്മാർ സംഘടിച്ച് പ്രവൎത്തിക്കുന്നതിന് ആവശ്യമുള്ള സകല നടപടികളും നടത്തുവാൻ ഈ യോഗം ഇവിടത്തെ യൂണിയൻ പാർലമെൻററി ബോർഡിനെ അധികാരപ്പെടുത്തുന്നു.

വടക്കേതിൽ, എൻ. കേശവൻ പത്തനംതിട്ട എസ്. എൻ. ഡി. പി. യൂണിയൻ പ്രസിഡൻറ്			
കണ്ണാറ ഗോപാലപ്പണിക്കർ.			
കേരളകൌമുദി പത്രാധിപർ സി. വി. കുഞ്ഞുരാമൻ			
കെ. കേശവൻ ബി. എ., ബി. എൽ.			
കെ. എൻ. കുഞ്ഞുകൃഷ്ണൻ ബി. എ. സംഘടനാ സെക്രട്ടറി			
കെ. കിട്ടൻ യൂണിയൻ സെക്രട്ടറി			
വി. എൻ. നിലകണ്ഠനാശാൻ എസ്. എൻ. ഡി. പി. യൂണിയൻ കൌൺസിൽ മെമ്പർ			
കുഴിക്കാലായിൽ കൊച്ചുകുഞ്ഞ്	,,		
വി. കെ. കൃഷ്ണൻ	,,		
എൻ. നാരായണൻ വക്കീൽ എസ്. എൻ. ഡി. പി. യോഗം ബോർഡ് മെമ്പർ			
എൻ. ഗോപാലൻ വക്കീൽ			
സ്വാമി സത്യാനന്ദൻ പ്രസിഡൻറ് എസ്. എൻ. ഡി. പി. ശാഖ നമ്പർ 85			
കെ. രാഘവൻ സെക്രട്ടറി	,,	425	മേക്കൊഴൂർ
നാരായണൻ കൊച്ചുകുഞ്ഞ് എക്സ്-പ്രസിഡൻറ്	,,		,,
ചെമ്പനാലിൽ വേലായുധൻ എക്സ്-സെക്രട്ടറി	,,		,,
കൊച്ചുകുഞ്ഞ് കൃഷ്ണൻ പ്രസിഡൻറ്	,,		,,
അയ്യപ്പൻ പ്രസിഡൻറ്	,,	88	പഴവങ്ങാടിക്കര
വി. ആർ. രാഘവൻ സെക്രട്ടറി	,,		,,
പതാലി പണിക്കർ പ്രസിഡൻറ്	,,	286	വെൺകുറിഞ്ഞി
പി. കെ. രാഘവൻ വൈദ്യൻ സെക്രട്ടറി	,,		,,
കേശവൻ ട്രെഷറർ	,,		,,
എം. കൊച്ചുകുഞ്ഞ് പ്രസിഡൻറ്	,,	362	മുക്കാൽമണ്ണ്
കൃഷ്ണൻ വൈദ്യൻ സെക്രട്ടറി	,,		,,
അയ്യപ്പൻ ട്രെഷറർ	,,		,,
ശങ്കരൻ കൃഷ്ണൻ വൈസ് പ്രസിഡൻറ്	,,		,,
ശങ്കരൻ വൈസ് പ്രസിഡൻറ്	,,	420	പെരുനാട്
കെ. ഐ. നീലകണ്ഠൻ പ്രസിഡൻറ്	,,		,,
വേലു ട്രെഷറർ	,,		,,
എം. കെ. വേലായുധൻ വൈദ്യൻ സെക്രട്ടറി	,,		,,
എസ്. കേശവൻ ജനറൽമർച്ചൻറ് പെരുനാട്			
എം. ഐ. നാരായണൻ	,,		
അയ്യപ്പൻ കമ്മിററിമെംബർ			
പുതുവലിൽ കെ. അയ്യപ്പൻ എക്സ്-യൂണിയൻ കമ്മിററി മെംബർ പെരുനാട്			
തയ്യിലേത്ത് എൻ. നീലകണ്ഠൻ കണ്ട്റാക്ററർ പെരുനാട്			
അയ്യപ്പൻ വൈസ് പ്രസിഡൻറ് എസ്. എൻ. ഡി. പി. ശാഖ നമ്പർ		79	കക്കാട്
കേശവൻ സെക്രട്ടറി	,,		,,
എം. കെ. കേശവൻ യൂണിയൻ കമ്മിററി	,,		,,
വി. എസ്. രാമൻ കമ്മിററി മെംബർ	,,		,,
വെളുത്തകുഞ്ഞ് ട്രെഷറർ	,,	85	വലിയകുളം
അച്ചുതൻ സെക്രട്ടറി	,,	82	കോന്നി
കുഞ്ഞുകുഞ്ഞ് ചാന്നാർ പഞ്ചായത്തു കമ്മിററി	,,		,,
ഇലഞ്ഞിക്കൽ വേലായുധപ്പണിക്കർ	,,		,,
കുന്നംപുറത്ത് നാരായണൻ ഖജാൻജി	,,		,,
കേശവൻ കമ്മിററിമെംബർ	,,		,,
നെടുമാനാൽ കെ. കേശവൻ സെക്രട്ടറി	,,	87	കുമ്പഴ
നീലകണ്ഠൻ സെക്രട്ടറി	,,	90	വെട്ടൂർ
ശങ്കരൻ എസ്. എൻ. ഡി. പി. യൂണിയൻ കൌൺസിൽ മെമ്പർ			
എ. വി. കൃഷ്ണൻ സെക്രട്ടറി	,,	86	ടൗൺ
എം. കെ. നാരായണൻ എസ്. എൻ. വി. ബാങ്ക് മാനേജർ			
എ. കെ. നാരായണൻ റാന്നി			
കൊഴവട്ടശ്ശേരിൽ, കുഞ്ഞുപിള്ള പ്രസിഡൻറ്	,,	81	വള്ളിക്കോട്
കരിച്ചെററയിൽ കുഞ്ഞുകുഞ്ഞ് എസ്. എൻ. വി. ബാങ്ക് സൂപ്രണ്ട്			
മനയത്ത് കെ. ഗോവിന്ദൻ കുമ്പഴ			
എം. കെ. കുഞ്ഞുരാമൻ അസി: സെക്രട്ടറി	,,	89	ചെന്നിക്കര
കെ. പി. ദാമോദരൻ സെക്രട്ടറി	,,	92	തലച്ചിറ
കെ. എം. സത്യപാലൻ വൈദ്യൻപ്രസിഡൻറ്	,,		,,
പി. എ. കേശവൻ ട്രെഷറർ	,,		,,
എ. വേലായുധൻ റൈട്ടർ തലച്ചിറ			
പി. അയ്യപ്പൻ വൈദ്യൻ ,,			
കുഞ്ഞുകുഞ്ഞു വൈദ്യൻ സെക്രട്ടറി	,,	84	പന്ന്യാലി
പി. കൃഷ്ണൻ സെക്രട്ടറി	,,	81	വള്ളിക്കോട്

കേരളകൗമുദി

കുംഭം 15

ഒരു രൂപായ്ക്ക് മൂന്നുമാസം കൗമുദിയും 5 പുസ്തകങ്ങളും

രണ്ടുരൂപ ഒരുമിച്ചടയ്ക്കാൻസൗകൎയ്യമില്ലാത്തവൎക്കും കൂടി കൗമുദിയുടെ "പുസ്തകസൗജന്യം" പ്രയോജനപ്പെടുത്തണമെന്നു പലരും അപേക്ഷിക്കയാൽ അവരുടെ അപേക്ഷയെ പരിഗണിച്ചു മൂന്നുമാസത്തെ വരിസംഖ്യയായ ഒരു രൂപ 1112 കുംഭം 15-ാംനു-ക്കകം അയച്ചു തരുന്നവൎക്കു താഴെ പറയുന്ന പുസ്തകങ്ങൾ സൗജന്യമായി കൊടുക്കാൻ തീരുമാനിച്ചിരിക്കുന്നു.

1. രാഗപരിണാമം
   സി. വി. കുഞ്ഞുരാമൻ
2. സതി
   കെ. കെ. രാഘവപ്പണിക്കർ
3. ഞാൻ നമ്പൂതിരി ആയാലോ?
   സി. വി. കുഞ്ഞുരാമൻ
4. അച്ഛനാര്?
   തകഴി ശിവശങ്കരപ്പിള്ള
5. ദൈവസന്നിധിയിൽ
   കെ. ദാമോദരൻ ബി. എ.

ദന്തവൈദ്യൻ

ഡാക്ടർ ടി. എം. ഉമ്മൻ,
എൽ. ഡി. എസ്‌സി.

ബാങ്ക്റോഡ്, കൊല്ലം. (ഡിസ്ട്രിക്ട് ആശുപത്രിക്കു പടിഞ്ഞാറെ റോഡ്)

വേദനയില്ലാതെ പല്ലുകൾ എടുക്കുക, പല്ലുകൾ വെയ്ക്കുക, പല്ലുകൾ അടയ്ക്കുക, പല്ലുകൾ കെട്ടുക, പല്ലുകളിൽ സ്വൎണ്ണവേലചെയ്യുക മുതലായി ദന്തസംബന്ധമായി ആധുനികസമ്പ്രദായമനുസരിച്ചുള്ള എല്ലാത്തരംവേലകളും ചികിത്സകളും ഏററവും കുറഞ്ഞ നിരക്കിൽ ഏത്രയും തൃപ്തികരമായി ചെയ്തുകൊടുക്കുന്നതാണ്. വിദ്യാൎത്ഥികൾക്കും അദ്ധ്യാപകന്മാൎക്കും മിഷനറികാൎക്കും സൌജന്യനിരക്ക്.

Reg. No. T. 11. & M. 2102 License No 76. dated 31—I—101

കേരളകൗമുദി

ഞായറാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത്

പത്രാധിപർ : സി. വി. കുഞ്ഞുരാമൻ

പുസ്തകം 28	തിരുവനന്തപുരം, 1112 കുംഭം 10 ഞായർ	ലക്കം 8

ചിത്രപ്രശ്നം

നമ്പർ ൨

ശരിയായ ഉത്തരങ്ങൾക്കെല്ലാം സമ്മാനം

ചിത്രപ്രശ്നം

പേരും മേൽവിലാസവും

മുകളിൽകാണുന്ന 16 ഖണ്ഡങ്ങളിലും 1 മുതൽ 16 വരെയുള്ള നമ്പർ ഇടണം. ഒരുനമ്പർ ഒന്നിലധികം പ്രാവശ്യം ഉപയോഗിക്കാൻ പാടില്ല. ഇടത്തുനിന്നു വലത്തോട്ടോ മുകളിൽനിന്നു കീഴോട്ടോ കോണോടുകോണോ എങ്ങനെകൂട്ടിയാലും ആകെത്തുക 34 കിട്ടണം.

ഉത്തരങ്ങൾ കുംഭം 15-ാംനു-യ്ക്കു മുമ്പു കിട്ടിയിരിക്കണം. ആഫീസിൽ മുദ്രവച്ചു സൂക്ഷിച്ചിരിക്കുന്നതുപോലെ അക്കത്തോടക്കം യോജിച്ചു വരുന്ന ഉത്തരത്തിനു 15 രൂപാവിലയുള്ളപുസ്തകങ്ങൾ സമ്മാനം നൽകുന്നതായിരിക്കും.

മുകളിൽ കുത്തുവരകൾകൊണ്ടു ചുററിയിരിക്കുന്ന കൗപ്പൺ വെട്ടിയെടുത്തു ഉത്തരം അയക്കുന്നവർ അവരുടെ ഉത്തരത്തോടൊന്നിച്ചു 1൪ ചക്രത്തിനു അഞ്ചൽ സ്റ്റാമ്പോ, അഞ്ചൽസ്റ്റാമ്പു കിട്ടാൻ നിർവാഹമില്ലാത്ത സ്ഥലങ്ങളിൽ ഒരണയ്ക്കു തപാൽ സ്റ്റാമ്പോ അയച്ചുതരികയും, വെറും കടലാസിൽ മേൽ കാണുന്ന രീതിയിൽ വരച്ചു ഖണ്ഡം പൂരിപ്പിച്ചുത്തരമയയ്ക്കുന്നവർ മൂന്നു ചക്രത്തിനു അഞ്ചൽസ്റ്റാമ്പോ രണ്ടണയ്ക്കു തപാൽസ്റ്റാമ്പോ അതോടൊന്നിച്ചു അയച്ചിരിക്കുകയും വേണം.

ശരിയായ ഉത്തരം ഒന്നിലധികം വരികയാണെങ്കിൽ അവയിൽ ഒന്നിനു നറുക്കിട്ടെടുത്തു സമ്മാനം നൽകുന്നതും ശരിയായ ഉത്തരം ലഭിച്ച മററാളുകൾക്കു 6 ണ വിലയുള്ള ഓരോപുസ്തകം നൽകുന്നതുമായിരിക്കും.

കവറിൻെറ പുറത്തു "ചിത്രപ്രശ്നം നമ്പർ 2" എന്നു പ്രത്യേകം എഴുതിയിരിക്കണം.

ഉത്തരത്തിൻെറകൂടെ യാതൊരു എഴുത്തും ഉണ്ടായിരുന്നുകൂടാ.

ഈ വ്യവസ്ഥകളിൽ ഏതെങ്കിലും ലംഘിച്ചു എഴുതി അയയ്ക്കുന്ന ഉത്തരങ്ങൾ അപ്പഴപ്പോൾ നശിപ്പിച്ചുകളയുന്നതാണ്.

മാനേജരുടെ തീരുമാനം അവസാന തീരുമാനമായിരിക്കും.

ഇതെപ്പററി യാതൊരു എഴുത്തുകുത്തും നടത്തുന്നതല്ല.

മാനേജർ
കേരളകൗമുദി ചിത്രപ്രശ്നം
പേട്ട, തിരുവനന്തപുരം

മാസം 10 രൂപ സമ്മാനം

ഈ ലക്കം സൂക്ഷിക്കുവിൻ

കേരളകൌമുദി ആദ്യത്തെ പുറത്തിൻെറ അടിയിൽ ഇംഗ്ലീഷിൽ ഒരുനമ്പർ കൊടുത്തിട്ടുള്ളതു ശ്രദ്ധിക്കുക. കൌമുദിയുടെ ഓരോകാപ്പിക്കും ഓരോനമ്പരുണ്ട്. രണ്ടാഴ്ചയിലെ നമ്പരുകൾ വീതം ഓരോതവണയും നറുക്കിടുന്നതും സമ്മാനാർഹമാകുന്ന നമ്പർ അടുത്ത ലക്കത്തിൽ പരസ്യം ചെയ്യുന്നതുമാകുന്നു.

സമ്മാനാഹ്മായ നമ്പരുള്ള കൌമുദിയുടെ പുറം അയച്ചുതരുന്നവർക്കു അഞ്ചു രൂപാ വിലയ്ക്കുള്ള പുസ്തകങ്ങൾ സൗജന്യമായി അയച്ചുകൊടുക്കുന്നതാണ്. [സമ്മാനാഹ്മായ നമ്പർ ഓരോമാസവും ആദ്യത്തെയും മൂന്നാമത്തെയും ഞായറാഴ്ചകളിൽ പുറപ്പെടുന്ന കൌമുദിയിൽ ഉണ്ടായിരിക്കും]

കൊത്തുബ്ലാക്കുകൾ

എല്ലാത്തരം മുദ്രകളും, കളർ ബ്ലാക്കുകളും ലയിൻ ബ്ലാക്കുകളും വാൾനോട്ടീസ് ടൈപ്പുകളും മിതമായ ചാർജ്ജിൽ കൊമ്പിലും ലോഹങ്ങളിലും തടിയിലും ആഡർ അനുസരിച്ചു ക്ളിപ്ത സമയത്തു ചെയ്തുകൊടുപ്പാൻ തയാർ. മറുപടിക്കു സ്ററാമ്പു സഹിതം ആവശ്യപ്പെടുക.

എസ്. എൻ. ഡി. പി. ബ്രാഞ്ചു മുദ്രകൾക്കും എൻ. എസ്. എസ്. കരയോഗ മുദ്രകൾക്കും പ്രത്യേക സൗജന്യം.

ടി. ജി. വാസു, എൻഗ്രേവർ
കുത്തിയതോട്

Printed & Published by K. Krishnan Vydian at the Indira Printing Works, Pettah, Trivandrum